# FMPB മിത്രസമാചാർ

(for private circulation only)

വാല്യം 16

ലക്കം 2

ഫെബ്രുവരി
2026

**നിങ്ങളെ വിളിച്ച
വിശുദ്ധനു ഒത്തവണ്ണം
അനുസരണമുള്ള
മക്കളായി
എല്ലാ നടപ്പിലും
വിശുദ്ധരാകുവിൻ
1 പത്രോസ്. 1:15**

## വിശുദ്ധരാകാൻ വിളിക്കപ്പെട്ടു



# ആമുഖം ...




ഈ കാലഘട്ടത്തിൽ ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ സാധിക്കുമോ എന്നു പലരും സംശയിക്കുന്നു. പ്രത്യേകിച്ച് ഇന്നത്തെ യുവാക്കൾക്കിടയിൽ വിശുദ്ധി അപ്രാപ്യമാണെന്ന നുണ സാത്താൻ വിതെച്ചിരിക്കുന്നു. എന്നിരുന്നാലും നമ്മുടെ ദൈവം വിശുദ്ധനാകയാൽ നമ്മെ വിശുദ്ധരായിരിക്കുവാൻ ദൈവം വിളിച്ചിരിക്കുന്നു. നാം ആരാധിക്കുന്ന ദൈവത്തിന്റെ അതുല്യവും മഹത്വപൂർണ്ണമായ ഗുണങ്ങളിലൊന്ന് വിശുദ്ധിയാകുന്നു ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവിൻ (1 പത്രോ.1:16) എന്ന കല്പന അപ്പൊസ്തലനായ പത്രോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. അതുപോലെ തിരുവചനം പറയുന്നു, ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിന്നത്രേ വിളിച്ചതു (1 തെസ്സ. 4:7). ഈ ആഹ്വാനം സാർവ്വത്രികമാണ്. ഇതു കേവലം ഒരു ക്ഷണം മാത്രമല്ല മറിച്ച് ഒരു കല്പനയാണ്. വിശുദ്ധരാകുവാൻ കല്പന നൽകിയ ദൈവം അതു നിവർത്തിക്കുവാൻ ആവശ്യമായ കൃപയും നൽകുന്നു കാരണം നമ്മെ വിശുദ്ധീകരിക്കുക എന്നത് ദൈവത്തിന്റെ ഇഷ്ടമാകുന്നു. അതുകൊണ്ട് നമ്മെത്തന്നെയും നമ്മുടെ ശരീരങ്ങളെയും ദൈവത്തിനു സമർപ്പിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു (റോമർ 6:19).

യഥാർത്ഥ വിശുദ്ധി നമ്മുടെ ബാഹ്യമായ പ്രകടനത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല, അതു നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും പ്രതിഫലിക്കണം. വിശുദ്ധ ജീവിതം നയിക്കുക എന്നത് ദിനംതോറുമുള്ള ഒരു പോരാട്ടമാണ്. എന്നാൽ അവയെ മറികടക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ വിശ്വസ്തതയോടെ സഹായിക്കും. വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി കർത്താവിനെ കാത്തിരുക്കുവാൻ നമ്മെ ശക്തീകരിക്കും (കൊലൊ.1:22).

**ചിന്തകൾ:** ശരീരത്തിലല്ല മനസ്സിലാണ് പല പോരാട്ടങ്ങളും ഉണ്ടാകുന്നത് - അശുദ്ധമായ ചിന്തകൾ, അഹങ്കാരം, അസൂയ, മറ്റുള്ളവർക്കു ദോഷകരമായ ചിന്തകൾ. നാം കാണുകയും കേൾക്കുകയും ചെയ്യുന്നത് നമ്മുടെ ചിന്തകളെ രൂപപ്പെടുത്തുകയും ദുഷിപ്പിക്കുകയും ചെയ്യും. ദൈവവചനം മനഃപാഠമാക്കുന്നത് ഈ പോരാട്ടങ്ങളെ മറികടക്കുവാൻ നമ്മെ സജ്ജമാക്കും (സങ്കീ.119:15). നമ്മുടെ കണ്ണുകളും കാതുകളും സൂക്ഷിക്കേണ്ടത് അത്യാവശ്യമാകുന്നു. ആവർത്തിച്ചു വലയുണ്ടാക്കാതിരിക്കുവാൻ ചിലന്തിയെ നശിപ്പിക്കുന്നതു പോലെ ദൈവത്തിന്റെ സഹായത്തോടെ പാപത്തിന്റെ മൂലകാരണങ്ങൾ തിരിച്ചറിഞ്ഞ് അതിനെ നശിപ്പിക്കണം (2 കൊരി.10:5). നമ്മുടെ മനസ്സുകൾ പുതുക്കപ്പെടേണ്ടതിനും ക്രിസ്തുവിന്റെ മനസ്സ് പ്രതിഫലിപ്പിക്കേണ്ടതിനുമായി നമുക്കു ദിവസവും പ്രാർത്ഥിക്കാം (ഫിലി.4:8).

**വാക്ക്:** വാക്കുകളിലൂടെയും ചിന്തകളിലൂടെയുമാണ് നമ്മുടെ ചിന്തകൾ ആവിഷ്ക്കരിക്കപ്പെടുന്നത്. നമ്മുടെ സംസാരത്തിന്റെ ശക്തിയെയും ഉത്തരവാദിത്വത്തെയും കുറിച്ച് തിരുവെഴുത്ത് വിശദമായി പറയുന്നുണ്ട് (സദൃ.12:18, 12:22, 19:9, 16:28, 25:23, 15:1, 26:22,23; എഫെ.5:3,4, 4:31; റോമർ. 1:29,30; തിമൊ.3:3,5; മത്തായി. 12:36). മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു (സദൃ.18:21) നമ്മുടെ വാക്കുകളിലെ വിശുദ്ധി അത്യാവശ്യമാകുന്നു.

**പ്രവൃത്തി:** നമ്മുടെ പ്രവൃത്തിയിൽ ദൈവം ആഗ്രഹിക്കുന്ന വിശുദ്ധി, പക്ഷപാതമില്ലാതെ മറ്റുള്ളവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുക, ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക, നീതിപൂർവ്വം പ്രവർത്തിക്കുക എന്നിവയാകുന്നു. വിശുദ്ധ വസ്ത്രാലങ്കരത്തോടെ യഹോവയെ നമസ്കരിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു (സങ്കീ.96:9). വിശുദ്ധരും നിഷ്കളങ്കരുമാകേണ്ടതിനു നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു (എഫെ.1:4). യജമാനന്റെ ഉപയോഗത്തിനു യോഗ്യമായ മാനപാത്രം ആകേണ്ടതിനു നാം ശിക്ഷണം ലഭിച്ചവരും വിശുദ്ധീകരിക്കപ്പെട്ടവരുമാകുന്നു (എബ്രാ.12:10; 2 തിമൊ.2:21). നാം ദിവസവും കർത്താവിനെ സേവിക്കുമ്പോൾ അവന്റെ നാമത്തെ മഹത്വപ്പെടുത്തുന്ന വിശുദ്ധജീവിതം നയിക്കാൻ കർത്താവ് നമ്മെ പ്രാപ്തരാക്കുന്നു. - **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

**"പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തതന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധി തികെച്ചു കൊൾക."**

– 2 **കൊരിന്ത്യർ.** 7:1

**"ഒരു വിശുദ്ധ ജീവിതം അതിൽ തന്നെ അത്ഭുതകരമായ ഒരു ശക്തിയാകുന്നു, പല പോരായ്മകളെയും അതു നികെത്തും, വാസ്തവത്തിൽ അത് മനുഷ്യനു നൽകുവാൻ കഴിയുന്ന ഏറ്റവും മികെച്ച ഒരു പ്രസംഗം ആകുന്നു."**

**– ചാൾസ് എച്ച് സ്പർജൻ**

**"അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളികൊണ്ടു വിളിക്കയും ചെയ്തതു നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല, സകല കാലത്തിനും മുമ്പെ ക്രിസ്തു യേശുവിൽ നൽകിയിരിക്കുന്നതും ... വെളിപ്പെട്ടിരിക്കുന്നതുമായ തന്റെ സ്വന്ത നിർണ്ണയത്തിന്നും കൃപെക്കും ഒത്തവണ്ണമത്രേ."**

**–** 2 **തിമൊഥെയൊസ്.** 1:9

**"വിശുദ്ധ ജീവിതം ഒരു സന്ന്യാസ ജിവിതമോ ദുഃഖകരമായ ജീവിതമോ ഏകാന്ത ജീവിതമോ അല്ല, മറിച്ച് ദൈവീക സത്യത്താൽ നിയന്ത്രിക്കപ്പെടുന്നതും ക്രിസ്തീയ കടമകളിൽ വിശ്വസ്തത പുലർത്തുന്നതുമായ ഒരു ജീവിതമാകുന്നു. നാം ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ ലോകക്കാർ അല്ലാതെ ജീവിക്കുന്നതാകുന്നു. "**

**– ട്രയോൺ എഡ്വേർഡ്സ്**

# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org



മിത്ര സമാചാർ

***FMPB*** **യുടെ പ്രതിമാസ സൂനം**

ജനറൽ സെക്രട്ടറി
**വിജയ് പ്രസന്ന ഐസക്**

*Publisher & Editor*
**S. ജോൺ ബർലിൻ**

SUBSCRIPTION
Annual - Rs.100
Life - Rs.1500



H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

# ജനറൽ സെക്രട്ടറിയുടെ കത്ത്...



കർത്താവിന്റെ വേലയിൽ പ്രീയപ്പെട്ട പ്രാർത്ഥന സഹകാരികളെ സഹപ്രവർത്തകരെ,

പുതിയ വർഷത്തിലെ രണ്ടാം മാസത്തിലേക്കു നാം പ്രവേശിക്കുമ്പോൾ പുതിയ പ്രതിജ്ഞയുടെ ആവേശം സാധാരണ ജീവിതങ്ങളുടെ സ്ഥിരമായ ആവശ്യത്തിനു വഴങ്ങുവാൻ തുടങ്ങും. പദ്ധതികളുടെയും മുൻഗണനകളുടെയും വിലയിരുത്തലിനപ്പുറം ദൈവത്തിന്റെ ശബ്ദം തീവ്രമായ താൽപര്യത്തോടും ശ്രദ്ധയോടും കൂടെ കേൾക്കുന്നതിനായി ഈ നിമിഷം നമ്മെ വിളിക്കുന്നു. ദൈവമക്കൾക്കു പുതുവർഷം കേവലം ഒരു കലണ്ടറിന്റെ പേജ് മറിക്കുന്നതിനപ്പുറം ക്രിസ്തുവിന്റെ വിളിയിൽ നിലിനിൽക്കുന്നതിനുള്ള പുതുക്കിയ അനുസരണമാണ്. നമ്മുടെ ക്രിസ്തീയ വിളി നാം ആരാണെന്നു ഉറപ്പിക്കുന്നു, നാം എന്തിനു നിലനിൽക്കുന്നു എന്നതു വ്യക്തമാക്കുന്നു, ചരിത്രത്തിന്റെ ഈ പ്രത്യേക കാലത്ത് നമ്മെ ആക്കിവെച്ചിരിക്കുന്നത് യാദൃശ്ചികമല്ല ദൈവീക പദ്ധതിയുടെ ഭാഗമണെന്നു നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇന്ത്യയിൽ ക്രിസ്തുവിനായ് നാം വിളിക്കപ്പെട്ടിരിക്കുന്നു എന്നത് ഒരു വിശുദ്ധ പദവിയും ഭാരിച്ച ഉത്തരവാദിത്തവും ആകുന്നു. ആത്മീയ അഭിനിവേശത്താലും സംസ്കാരിക സങ്കീർണ്ണതകളാലും ആഴമായ ചരിത്രത്താലും സമ്പന്നമായ ഈ പുരാതന നാട്ടിൽ നമ്മുടെ വിളി ബോധപൂർവ്വവും ഉദ്ദേശപൂർണ്ണവുമാണ്. യേശുവിന്റെ വാക്കുകൾ വ്യക്തതയോടും അധികാരത്തോടും കൂടി പ്രതിധ്വനിക്കുന്നു: “*നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നു നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനു നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു*” (യോഹ.15:16). നൂറ്റാണ്ടുകളായി ദൈവം ഇന്ത്യയിലെ സാധാരാണക്കാരായ സ്ത്രീകളെയും പുരുഷന്മാരെയും അസാധാരണ വിശ്വാസ ജീവിതം നയിക്കുവാൻ വിളിച്ചിട്ടുണ്ട്. ഇന്നു സഭയെയും അതിന്റെ ദൗത്യത്തെയും സ്വാധീനിക്കുന്ന സുവിശേഷ രൂപീകൃതമായ ഒരു പൈതൃകം അവർ ശേഷിപ്പിച്ചിരിക്കുന്നു.

ക്രിസ്തീയ വിളി ആരംഭിക്കുന്നത് ക്രിസ്തുവിനും ക്രിസ്തുവിന്റെ ശരീരത്തിനും അവകാശപ്പെട്ടതായിട്ടാണ്. ജാതി, സമുദായം, അധികാരശ്രേണി എന്നിവയാൽ ആഴത്തിൽ അടയാളപ്പെട്ട ഒരു സമൂഹത്തിൽ സുവിശേഷം സാമൂഹ്യ സ്ഥാനത്തല്ല മറിച്ച് കൃപയിൽ വേരൂന്നിയ ഒരു പുതിയ സ്വത്വം പ്രധാനം ചെയ്യുന്നു. ഇന്ത്യൻ മണ്ണിൽ സുവിശേഷം അതിന്റെ തദ്ദേശീയ സ്വഭാവം നഷ്ടപ്പെടുത്താതെ വേരൂന്നിയതാണെന്നും സാംസ്കാരിക സന്ദർഭങ്ങളെ ആദരിച്ചുകൊണ്ട് ജീവിതങ്ങളെ പരിവർത്തനം ചെയ്തതാണെന്നും പുരാതന സെന്റ് തോമസ് ക്രിസ്ത്യൻ സമൂഹം സാക്ഷ്യപ്പെടുത്തുന്നു.

ഇന്ത്യയിൽ ക്രിസ്തീയ വിളി പലപ്പോഴും പൊതുജനങ്ങളുടെ പ്രാധാന്യത്തിലൂടെയല്ല മറിച്ച് വിശ്വസ്ത സാന്നിധ്യത്തിലൂടെയാണ് പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളത്. ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിനു മുമ്പു തന്നെ ക്രിസ്തുവിനെ ജീവിതത്തിൽ സ്വീകരിച്ച അദ്ധ്യാപകർ, കർഷകർ, നേഴ്സുമാർ, സുവിശേഷകർ, കരകൗശല വിദഗ്ദർ, ഉദ്യോഗസ്ഥർ എന്നിവരിലൂടെ സുവിശേഷം നിശബ്ദമായി മുന്നേറി. അത്തരമൊരു വിളിക്കു പ്രവാചക സാക്ഷിയായി പണ്ഡിത രമാബായ് നിലകൊള്ളുന്നു. വിദ്യാഭ്യാസം, ഉപദേശം, ത്യാഗപൂർണ്ണമായ സ്നേഹം എന്നിവയിലൂടെ വിധവകളെയും അടിച്ചമർത്തപ്പെട്ട സ്ത്രീകളെയും സേവിച്ചു കൊണ്ട് ദൈവീക ശബ്ദത്തോടെ പ്രതികരിക്കുന്നു. ധൈര്യത്തോടും കാരുണ്യത്തോടും കൂടി സാമൂഹ്യ ഘടനകളിലും മനുഷ്യ ഹൃദയങ്ങളിലും ഇവരെയും ഉൾപ്പെടുത്തുന്നതാണ് ക്രിസ്തീയ വിളിയെന്നതു രമാബായിയുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ ശാന്തവും ഉറച്ചതുമായ സാക്ഷ്യം ഇന്നും ഗ്രാമങ്ങളിലും പട്ടണങ്ങളിലും സ്ഥാപനങ്ങളിലും സഭകളെ രൂപപ്പെടുത്തുന്നത് തുടരുന്നു.

ക്രിസ്തീയ വിളിയുടെ ശ്രദ്ധേയമായ ഒരു മാതൃകയായി ബർന്നബാസിനെയും തിരുവെഴുത്ത് നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു. പ്രവൃത്തികൾ 4: 36-37 ൽ പരിചയപ്പെടുത്തിയ ബർന്നബാസ് തനിക്കുണ്ടായിരുന്ന നിലം വിറ്റു പണം കൊണ്ടുവന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽ വെച്ചു. ഉദാരമായ കീഴടങ്ങലിൽ നിന്നാണ് ദൈവവിളി ആരംഭിക്കുന്നതെന്ന് നമ്മെ പഠിപ്പിക്കുന്നു. ഭൂമി, അനന്തരവകാശം, സുരക്ഷ എന്നിവയക്കു ആഴമായ അർത്ഥമുള്ള ഇന്ത്യൻ പശ്ചാത്തലത്തിൽ ബർന്നബാസിന്റെ പ്രവൃത്തി നമ്മെ ഒരു അന്വേഷണാത്മക ചോദ്യത്തിലേക്കു നയിക്കുന്നു. ദൈവത്തിന്റെ ദൗത്യത്തെ വ്യക്തിപരമായ നേട്ടങ്ങൾക്കു മുകളിലായി നാം പ്രതിഷ്ഠിച്ചിട്ടുണ്ടോ?

എല്ലാവരും ശൗലിനെ ഭയപ്പെട്ടു തള്ളിക്കളഞ്ഞപ്പോൾ ബർന്നബാസ് ശൗലിനോടു ചേർന്നു നിന്ന് ശിഷ്യന്മാർക്കു അവനെ പരിചയപ്പെടുത്തി കൊടുത്തു (പ്രവൃത്തികൾ.9:26-27). അതുകൊണ്ട് ക്രിസ്തിയ വിളി എന്നത് തെറ്റിദ്ധരിക്കപ്പെട്ടവരോടും അറെച്ചു നിൽക്കുന്നവരോടും പുതുതായി വിളിക്കപ്പെട്ടിരിക്കുന്നവരോടും പ്രത്യേകിച്ച് ഒന്നാം തലമുറ വിശ്വാസികളോടും പാർശ്വവത്ക്കരിക്കപ്പെട്ട പശ്ചാത്തലത്തിൽ ഉള്ളവരോടും ചേർന്നു നിൽക്കുന്നതാണ്. പിന്നീട് ബർന്നബാസിനെ അന്ത്യോക്യയിലേക്കു അയച്ചത് അവരെ നീയന്ത്രിക്കുന്നതിനോ ആജ്ഞാപിക്കുന്നതിനോ അല്ല അവരെ പ്രോത്സാഹിപ്പിക്കുന്നതിനാണ് (പ്രവൃത്തി. 11:22-24). പ്രോത്സാഹിപ്പിക്കുന്നത് തന്നെ ആഴത്തിൽ ഉള്ള ദൗത്യ നിർവഹണമാണെന്ന് അദ്ദേഹത്തിന്റെ ശുശ്രൂഷ നമ്മെ പഠിപ്പിക്കുന്നു. ഇന്ത്യൻ സഭ സമ്മർദ്ദവും ക്ഷീണവും അനിശ്ചിതത്വവും നേരിടുന്ന ഈ കാലത്ത് വിശ്വാസത്തിൽ പരസ്പരം ശക്തിപ്പെടുത്തുവാനുള്ള ആഹ്വാനം മുമ്പൊരിക്കലും ഇത്ര അടിയന്തിരമായി ഉണ്ടായിട്ടില്ല.

ഏറ്റവും പ്രധാനമായി ബർന്നബാസ് അടുത്തു തലുമുറയിൽ നിക്ഷേപിച്ചു. അവൻ ശൗലിനെ അന്വേഷിച്ചു ചെന്ന് ശുശ്രൂഷയിൽ അവനോടൊപ്പം പങ്കുചേർന്നു (പ്രവൃത്തി 11:25-26), മർക്കൊസ് എന്ന യോഹന്നാനിൽ മറ്റുള്ളവരുടെ പ്രതീക്ഷ നഷ്ടപ്പെട്ടപ്പോൾ ബർന്നബാസ് അവനെ തള്ളി

ക്കളയാതെ കൂടെക്കൂട്ടി (പ്രവൃത്തി. 15:36–39). ക്രിസ്തീയ വിളി സ്ഥാനങ്ങൾ സംരക്ഷിക്കുന്നതിനോ സ്വാധീനം നില നിർത്തുന്നതിനോ ഉള്ളതല്ല, മറിച്ച് മറ്റുള്ളവരെ ദൈവത്തിന്റെ ഉദ്ദേശ ത്തിങ്കലേക്കു തിരിച്ചു വിടുന്ന താണെന്ന് ബർന്നബാസിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ചരിത്രത്തിലുടനീളം ഇന്ത്യയിലെ ക്രിസ്തീയ വിളി കാരുണ്യ സേവന ത്തിൽ നിന്ന് വേർതിരിക്കുവാൻ കഴിയാനാവാത്ത വിധം തുടരുന്നു. ദൈവത്തിന്റെ വിളിക്കു മറുപടിയായി വിശ്വാസികൾ സ്കൂളുകൾ, ആശുപ ത്രികൾ, ബാലഭവനങ്ങൾ, ആനാഥാ ലയങ്ങൾ, ദുരിതാശ്വാസ പ്രവർത്ത നങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. അവ ദുർബലർക്കിടയിൽ ക്രിസ്തു വിന്റെ സ്നേഹത്തിന്റെ ദൃശ്യമായ അടയാളമാകുന്നു. ഇന്ത്യയിൽ ക്രിസ്തുവിനെ അനുഗമിക്കുന്നത് തെറ്റിദ്ധാരണ, ഭ്രഷ്ട്, പീഡനം എന്നിവ യ്ക്കു പാത്രരാക്കും. എന്നിരുന്നാലും കഷ്ടപ്പാടുകൾ ഒരിക്കലും ദൈവ വിളിയെ നിശബ്ദമാക്കിയിട്ടില്ല. കുരിശ് യാത്രയുടെ അവസാനമല്ല മറിച്ച് പുനരുത്ഥാന ജീവതത്തിലേ ക്കുള്ള പാതയാണെന്ന് ഇന്ത്യൻ സഭയുടെ ചരിത്രം നമ്മെ പഠിപ്പി ക്കുന്നു. ‘‘*ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുതെന്നു*” തിരുവചനം നമ്മെ പ്രബോധിപ്പിക്കുന്നു (1 പത്രോസ്.4:16). വിശ്വസ്തമായ സഹിഷ്ണത സഭയുടെ ഏറ്റവും ശക്തമായ സാക്ഷികളിൽ ഒന്നായി തുടരുന്നു.

അതുകൊണ്ട് ഇന്ത്യ ഒരു മിഷൻ വയൽ മാത്രമല്ല അതൊരു മിഷൻ സേനയാകുന്നു. ഇന്ത്യയിലെങ്ങും സുവിശേഷം എത്തിച്ചേരാത്ത മേഖലകളിലും അതിന്റെ അതിർത്തി കൾക്കപ്പുറത്തേക്കും ദൈവവേല ചെയ്യുന്നതിനു മിഷനറിമാരെയും ഉദ്യോഗസ്ഥരെയും പ്രാർത്ഥന സഹകാരികളെയും ഈ രാജ്യത്തു നിന്ന് ദൈവം എഴുന്നേല്പിക്കുന്നു. സഹനം, ലാളിത്യം, സ്ഥിരോത്സാഹം എന്നിവയാൽ രുപപ്പെട്ട ഇന്ത്യൻ സഭ ക്രിസ്തുവിന്റെ ആഗോള ശരീരത്തിനു ഒരു സവിശേഷ സമ്മാനം നൽകു ന്നു. പ്രവൃത്തി. 1:8 ലെ നിയോഗം നമ്മുടെ പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിൽ നിന്നും ഭൂമിയുടെ അറ്റത്തോളം പ്ര തിധ്വനിക്കുന്നു.

ഈ വെളിച്ചത്തിൽ **സുവിശേഷ രഥ ശുശ്രൂഷയുടെ** പുനർജ്ജീവനം പ്രോഗ്രാമുകളുടെ നവീകരണം എന്നതിനെക്കാൾ ഏറെ പ്രാധാന്യമു ള്ളതാണ്. അത് സഭയുടെ സുവിശേ ഷീകരണ ദൗത്യത്തെ ജ്വലിപ്പിക്കുന്ന താകുന്നു. ഇത് ഫിലിപ്പ് ഒരു സാധാ രണ വഴിയിൽ എത്യോപ്യനെ കണ്ടു മുട്ടിയതു പോലെ, പൗലൊസ് ചന്ത സ്ഥലങ്ങളിലും പൊതു സ്ഥലങ്ങളിലും ക്രിസ്തുവിനെ പ്രഘോഷിച്ചതു പോലെ, സുവിശേഷം സഭയുടെ മതിലുകൾക്കപ്പുറം സാധാരണക്കാർ ജീവിക്കുന്നയിടങ്ങളിലേക്കും ജോലി ചെയ്യുകയും യാത്രചെയ്യുകയും ചെയ്യു ന്ന ഇടങ്ങളിലേക്കു എത്തിക്കുന്നതു ഉദ്ദേശിച്ചുള്ളതാകുന്നു. ഈ ലക്ഷ്യ ത്തോടെ നവനീഥർ അണ്ണനും സംഘവും ചെന്നയിലും തിരുനെൽ വേലിയിലുമായി രണ്ടു മിഷൻ എക്സ്പോകൾ പ്രാർത്ഥനാപൂർവ്വം സംഘടിപ്പിക്കുന്നു. വിശ്വാസികളിൽ നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെ ക്കുറിച്ചു ഭാരം ഉണർത്തുക, വിളിയെക്കുറിച്ചു വ്യക്തത വരുത്തുക, മിഷൻ പ്രവർത്തനങ്ങളിൽ വിശ്വാ സികളെ അണിനിരത്തുക എന്ന താണ് ഇവയുടെ ലക്ഷ്യം. സുവി ശേഷം ശ്രവിക്കാതെ ഒരു കുട്ടം

ശേഷിക്കുമ്പോൾ ദൈവാലയത്തിന്റെ നാലു ചുവരുകൾക്കുള്ളിലേക്കു കടന്നു വരുവാൻ അവർ മടിക്കുമ്പോൾ സുവിശേഷ രഥത്തിന്റെ ശുശ്രൂഷ സംഗീതം, സാക്ഷ്യം, തിരുവചനം, കാരുണ്യപൂർവ്വമായ സാന്നിധ്യം എന്നിവയിലൂടെ ലാളിത്യത്തോടെയും ബോധ്യത്തോടെയും ക്രിസ്തുവിനെ പ്രഘോഷിച്ചു കൊണ്ട് സാംസ്കാരികമായി വേരുന്നിയതും ബന്ധപരവുമായ ഒരു സാക്ഷ്യം നൽകുന്നു. ആഴത്തിലുള്ള സ്വാധീനവും നിൽനിൽക്കുന്ന ഫലവും നൽകുവാൻ തക്കവിധം ദൈവത്തിൽ ആശ്രയിച്ചു നടത്തുന്ന ഈ സംരംഭത്തെ ദൈവം ആശീർവദിക്കുന്നതിനു നിരന്തരമായും തീഷ്ണമായും ദൈവത്തോടു പ്രാർത്ഥിക്കുവാൻ ഞങ്ങൾ ദൈവജനത്തോടു ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

നാം മുന്നോട്ടു നോക്കുമ്പോൾ നമ്മുടെ ക്രിസ്തീയ വിളി പ്രാർത്ഥന പൂർവ്വമായ വിവേചനത്തിലേക്കു നമ്മെ ക്ഷണിക്കുന്നു. ഉടനെ നടത്തുവാൻ പോകുന്ന **എക്സിക്യൂട്ടീവ് കമ്മറ്റി, മാനേജ്മെന്റ് കമ്മറ്റി, 2026 ലെ ആസൂത്രണ യോഗം** എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഇതും വെറും ഭരണപരമായ ഒത്തുച്ചേരലല്ല, ജ്ഞാനപൂർവ്വമായ നേതൃത്വത്തിനും വിശ്വസ്തമായ കാര്യസ്ഥതയ്ക്കും ദൈവ വേലയോടുള്ള പുതുക്കിയ അനുസരണത്തിനും വേണ്ടി ദൈവത്തിന്റെ മനസ്സ് തേടുന്ന ഒരു പുണ്യ സ്ഥലമായി ഇതു മാറണം.

ഉത്കൽ മേഖലയിലെ ദൈവത്തിന്റെ അചഞ്ചലമായ വിശ്വസ്തതയ്ക്കായി ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. അവിടുത്തെ **ശുശ്രൂഷയുടെ രജത ജൂബിലി** സന്തോഷത്തോടെ ആഘോഷിച്ചു. വിശ്വാസത്താൽ വിതെച്ച വിത്തുകൾ സഹിഷ്ണത. ത്യാഗം, പ്രാർത്ഥന എന്നിവയാൽ ഫലം കായിച്ചു.

ഈ നാഴികക്കല്ല് നാം ആഘോഷിക്കുമ്പോൾ തിരിഞ്ഞു നോക്കി നന്ദിയോടെ ദൈവത്തെ സ്തുതിക്കുന്നു. പ്രതീക്ഷയോടെ മുന്നോട്ടു നോക്കി ദൈവം ആരംഭിച്ചതായ ഈ ശുശ്രൂഷയെ കൂടുതൽ ആഴത്തിലാക്കുവാനും വർദ്ധിപ്പിക്കുവാനും ദൈവത്തോടു അപേക്ഷിക്കുന്നു.

ഈ ഓർമ്മയുടെയും പ്രതീക്ഷയുടെയും ആത്മാവിൽ ശുശ്രൂഷയുടെ ഭാവി ദിശ പ്രാർത്ഥനാപൂർവ്വം ചിന്തിക്കുന്നതിനും വിവേചിക്കുന്നതിനും രൂപപ്പെടുത്തുന്നതിനുമായി ഒരു **മിഷൻ കൂടിയാലോചന യോഗം** ചേരുന്നതാണ്. ഈ ആലോചന യോഗം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടേണ്ടതിനും തിരുവെഴുത്തുകളിൽ ഉറപ്പിക്കപ്പെട്ടതും വർത്തമാന യാഥാർത്ഥ്യങ്ങളെ ശ്രദ്ധയോടെ വീക്ഷിക്കുന്നതിനും സുവിശേഷ സാക്ഷ്യത്തിനായി പുതിയ പാതകൾ ധൈര്യപൂർവ്വം വിഭാവന ചെയ്യേണ്ടതിനായും പ്രാർത്ഥിക്കുക. ഇതുവരെ നമ്മെ നയിച്ച കർത്താവ് തന്റെ നാമ മഹത്വത്തിനും ജനങ്ങളുടെ അനുഗ്രഹത്തിനും വേണ്ടി തുടർന്നും നമ്മെ നയിക്കുമെന്ന ആത്മവിശ്വാസത്തോടെ ആത്മാർത്ഥമായ പ്രാർത്ഥനയിൽ ഞങ്ങളോടൊപ്പം നിൽക്കാൻ വിശാലമായ ക്രിസ്തീയ സമൂഹത്തെ ഞങ്ങൾ ക്ഷണിക്കുന്നു.


ഒടുവിലായി പ്രയാസകരവും പലപ്പോഴും പ്രതികൂലവുമായ സാഹചര്യങ്ങളിൽ വിശ്വസ്തതയോടെ സേവിക്കുന്ന മിഷനറിമാരെ ഓർത്തു പ്രാർത്ഥിക്കുവാൻ എല്ലാ പ്രാർത്ഥന സഹകാരികളോടും അഭ്യർത്ഥിക്കുന്നു. പീഡനത്തിന്റെയും

തെറ്റിദ്ധാരണയുടെയും എതിർപ്പിന്റെയും മദ്ധ്യത്തിൽ കുരിശിന്റെ ഭാരം വഹിച്ച് ശാന്തമായി അനുസരിച്ചു അനേകർ ദൈവവേല ചെയ്യുന്നു. അക്രമണം, വ്യാജ ആരോപണങ്ങൾ, അപകടങ്ങൾ തുടങ്ങി എല്ലാത്തരം ദോഷങ്ങളിൽ നിന്നും പ്രവർത്തകർക്കും അവരുടെ കുടുംബത്തിനും ദൈവീക സംരക്ഷണം ലഭിക്കേണ്ടതിനായി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു. അവരുടെ ശാരീരിക ആരോഗ്യം, വൈകാരിക ബലം, ആത്മീക സ്ഥിരത എന്നിവയ്ക്കായി പ്രാർത്ഥിക്കുവാനും അഭ്യർത്ഥിക്കുന്നു. അങ്ങനെ കർത്താവ് അവരെ രോഗങ്ങളിൽ നിന്നും സംരക്ഷിക്കുകയും അവരുടെ ശക്തി ദിനംപ്രതി പുതുക്കുകയും അചഞ്ചലമായ സമാധാനവും ധൈര്യവും കൊണ്ട് അവരെ നിറെക്കയും ചെയ്യട്ടെ.

ശുശ്രൂഷക്കായി വിളിക്കുകയും അയയ്ക്കുകയും ചെയ്യുന്ന ദൈവം തന്റെ ദാസന്മാരെ സൂക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുമാറാകട്ടെ. സാക്ഷ്യം പറവാൻ ശക്തിയും സഹിക്കുവാനുള്ള കൃപയും ക്രിസ്തു അവരുടെ ജീവിതത്തിലൂടെ മഹത്വപ്പെടുന്നതുവരെ ആനന്ദത്തോടെ നിലനിൽക്കുന്നതിനുള്ള പ്രാപ്തിയും ദൈവം നൽകുമാറാകട്ടെ.

അതുകൊണ്ട് നമുക്കു ഇടവിടാതെ പ്രാർത്ഥിക്കാം, താഴ്മയോടെ വിവേചിക്കാം, ധൈര്യത്തോടെ അനുസരിക്കാം, കാരണം ദൈവ വിളി ഇപ്പോഴും പ്രതിധ്വനിക്കുന്നു. നമ്മുടെ മുമ്പിലുള്ള കൊയ്ത്തു വലുതാണ്.

കർത്താവിന്റെ ശുശ്രൂഷയിൽ
നിങ്ങളുടെ



റവ. വിജയ് പ്രസന്ന ഐസക്,
ജനറൽ സെക്രട്ടറി

# FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI - A/c No. 602701216912** - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb@icici**

**SBI - A/c No. 10402752621** - IFS Code SBIN0000987 - Branch: Ambattur

**Indian Bank - A/c No. 406157474** - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

## QR Code
## facilities to send your offertory

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

# വിശുദ്ധിയിലേക്കുള്ള ആഹ്വാനം



### നമ്മുടെ ദൈവത്തിന്റെ പരിശുദ്ധി

പാപം ആദ്യ മനുഷ്യനെ ദൈവത്തിങ്കൽ നിന്നകറ്റി. എങ്കിലും നാം ആരാധിക്കുന്ന ദൈവം എന്നേക്കും പരിശുദ്ധനായി നിലനിൽക്കുന്നു. തിരുവചനം പ്രഖ്യാപിക്കുന്നു: ‘‘*യഹോവയെപ്പോലെ പരിശുദ്ധൻ ഇല്ല.*” (1 ശമുവേൽ 2:2). വീണ്ടും പറയുന്നു: ‘‘*വിശുദ്ധിയിൽ മഹിമയുള്ളവനേ, ... നിനക്കു തുല്യൻ ആർ?*” (പുറപ്പാട്.15:11). യെശയ്യാവിന്റെ ദർശനത്തിൽ സാറാഫുകൾ “*സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ പരിശുദ്ധൻ, പരിശുദ്ധൻ എന്നു ആർത്തു പറഞ്ഞു.*”

ഉല്പത്തി 17:1 അബ്രഹാമിനു 99 വയസ്സുള്ളപ്പോൾ ദൈവം അവനോടു കല്പിച്ചു. “*നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്ക.*” തുടക്കം മുതൽ തന്നെ ദൈവം തന്റെ ജനത്തെ വിശുദ്ധിക്കായി വേർതിരിച്ചിട്ടുണ്ട്. പൗലൊസ് എഴുതുന്നതു പോലെ “*നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുത്തു*” (എഫെ.1:4). ദൈവം തന്നെ പറയുന്നു, ‘‘*നിങ്ങൾ എനിക്കു വിശുദ്ധന്മാരായിരിക്കേണം; യഹോവയായ ഞാൻ വിശുദ്ധനാകകൊണ്ടു നിങ്ങളും എനിക്കു വിശുദ്ധന്മാരായിരിക്കേണം; നിങ്ങൾ എനിക്കുള്ളവരായിരിക്കേണ്ടതിനു ഞാൻ നിങ്ങളെ ജാതികളിൽ നിന്നു വേറുതിരിച്ചിരിക്കുന്നു*” (ലേവ്യ.20:26).

ദൈവവചനത്തെ **വിശുദ്ധ വേദപുസ്തകം** എന്നു വിളിക്കുന്നു. നമ്മെ നയിക്കുന്ന ആത്മാവ് **പരിശുദ്ധാത്മാവ്** ആകുന്നു. സത്യസന്ധമായി കർത്താവിനെ സേവിക്കുന്നവരെ **വിശുദ്ധനായ ദൈവപുരുഷൻ** എന്നു സ്മരിക്കുന്നു. (2 രാജാ.4:9). ഇത് ഒരു ദൈവ ദാസനു ലഭിക്കാവുന്ന ഏറ്റവും വലിയ സാക്ഷ്യമാകുന്നു.

### 1 നമ്മെത്തന്നെ വിശുദ്ധീകരിക്കുന്നതിനും വിശുദ്ധരായിരിക്കുവാനുമുള്ള ആഹ്വാനം (ലേവ്യ.20:7)

പ്രമാണം ലഭിക്കുന്നതിനു മുമ്പ് തന്നെ ദൈവ മനുഷ്യർ വിശുദ്ധ ജീവിതം നയിച്ചിരുന്നു. ഇയ്യോബ് അബ്രഹാമിനും മുമ്പെ ജീവിച്ചിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു. ദൈവം അവനെക്കുറിച്ചു പറഞ്ഞ സാക്ഷ്യം:

*അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു*.(ഇയ്യോബ്.1:1). ഇയ്യോബ് 31-ാം അദ്ധ്യായത്തിൽ ദൈവ മുമ്പാകെയുള്ള തന്റെ സ്വന്ത നടപ്പിനു ഇയ്യോബ് സാക്ഷ്യം പറയുന്നു.

ഇയ്യോബിനു പിന്നാലെ വന്ന യോസഫ് ഉല്പത്തി 39:9 ൽ ഇങ്ങനെ പറയുന്നു: *ഞാൻ ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതു എങ്ങനെ?* ജയിൽവാസം എന്ന വില നൽകി അവൻ വിശുദ്ധി തിരഞ്ഞെടുത്തു. എഴുതപ്പെട്ട പ്രമാണം ലഭിക്കുന്നതിനു മുമ്പ് ഈ പാപം നിറഞ്ഞ ലോകത്തിൽ ദൈവം കേന്ദ്രീകൃതമായി വിശുദ്ധ ജീവിതം നയിച്ചവരാണീ മനുഷ്യർ. ദൈവത്തോടുള്ള കൂട്ടായ്മയിൽ വിശുദ്ധ ജീവിതം സാദ്ധ്യമാണെന്നു ഇവരുടെ ജീവിതം നമുക്കു കാണിച്ചു തരുന്നു.

ഇതുപോലെ ആദിമ സഭയിലെ വിശ്വാസികളിൽ പലരും അവർക്കു വേദപുസ്തകം വായിക്കുവാൻ ലഭിക്കാതിരുന്ന നാളുകളിൽ അവർ വിശുദ്ധജീവിതം നയിച്ചു. അനുസരണം, പ്രാർത്ഥന, ദൈവഭക്തി എന്നിവയിലൂടെ അവരുടെ ജീവിതം രൂപപ്പെട്ടു.

## 2 അവനെപ്പോലെ വിശുദ്ധ ജീവിതം നയിക്കുവാനുള്ള ആഹ്വാനം (1 പത്രോ.1:16; ലേവ്യ.20:26).

നമ്മുടെ വിശുദ്ധ ജീവിതത്തിന്റെ നിലവാരം മറ്റു ആളുകളല്ല - യേശുക്രിസ്തു ആകുന്നു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. (1 പത്രോ.2:21).

പരീശന്മാർ തങ്ങളെ മറ്റുള്ളവരുമായി തുലനം ചെയ്ത് തങ്ങൾ നീതിമാന്മാരാണെന്നു സ്വയം ന്യായീകരിക്കുന്നു (ലൂക്കോ.18:10-12). എന്നാൽ പൗലൊസ് ദൈവസന്നിധിയിൽ നിന്നു പ്രഖ്യാപിച്ചു, "ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ" (1 തിമൊ.1:15)

യോഹന്നാൻ എഴുതുന്നു, നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ... കൃപ ആവശ്യമുള്ളവരുടെ കൂട്ടത്തിൽ തന്നെയും ഉൾപ്പെടുത്തി. എസ്രാ, നെഹമ്യാവ്, ദാനിയേൽ എന്നിവർ തങ്ങളുടെ പുസ്തകത്തിന്റെ ഒമ്പതാം അദ്ധ്യായത്തിൽ ഒരു കാഴ്ചക്കാരനായിട്ടല്ല ഒരു പങ്കാളിയായി ദൈവത്തിന്റെ കല്പന ലംഘിച്ച ആളുകളുടെ കൂടെ തങ്ങളെയും ഉൾപ്പെടുത്തി പാപം ഏറ്റു പറഞ്ഞു.

നാം മറ്റുള്ളവരുമായി നമ്മെ താരതമ്യപ്പെടുത്തിയാൽ നാം വിശുദ്ധരായിരിക്കാം. എന്നാൽ നമ്മെ ദൈവവുമായി താരതമ്യപ്പെടുത്തിയാൽ നമ്മുടെ യഥാർത്ഥ അവസ്ഥ നാം കാണും നാം താഴ്മയുള്ളവരായി ദൈവസന്നിധിയിൽ അനുതാപത്തോടെ പാപം ഏറ്റുപറയും.

## 3 അവൻ നമ്മെ വിശുദ്ധീകരിക്കുന്ന ദൈവം ആകുന്നു (ലേവ്യ.20:8).

പുതിയ നിയമ കാലഘട്ടത്തിൽ ജീവിക്കുന്ന നമുക്കു ദൈവം പരിശുദ്ധാത്മാവിനെ നൽകിയിരി

ക്കുന്നു. ഇത് ഒരു വലിയ പദവിയാകുന്നു. അതെ സമയം നാം അവസാന നാളുകളിലാണ് ജീവിക്കുന്നത്. യേശു പറഞ്ഞു, *അധർമ്മം പെരുകുന്നതു കൊണ്ടു അനേകരുടെ സ്നേഹം തണുത്തു പോകും* (മത്തായി.24:12). ദുർഘട സമയങ്ങൾ വരും എന്ന് പൗലൊസ് മുന്നറിയിപ്പു നൽകി (2 തിമൊ.3:1-5).

എന്നിട്ടും ദൈവം നമ്മെ നിസഹായരായി വിട്ടിട്ടില്ല. അവൻ നമ്മെ വിശുദ്ധീകരിക്കുന്നു. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നമ്മെ സകല സത്യത്തിലും വഴിനടത്തും (യോഹ.16:13). യേശു പ്രാർത്ഥിച്ചു, സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ. നിന്റെ വചനം സത്യം ആകുന്നു (യോഹ.17:17).

ദൈവത്തിന്റെ ചട്ടങ്ങൾ പ്രമാണിച്ചു ആചരിക്കണമെന്നു ദൈവം നമ്മോടു കല്പിച്ചിരിക്കുന്നു (ലേവ്.20:8). യഹോവയുടെ കല്പന നിർമ്മലമായതു; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു (സങ്കീ.19:8). ദൈവവചനം അനുസരിക്കുന്നതിലൂടെ മാത്രമേ വിശുദ്ധ ജീവിതം സാദ്ധ്യമാകുകയുള്ളു.

### 4 വിശുദ്ധ വസ്ത്രാലങ്കാരത്തോടെ ജീവിക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു (സങ്കീ.96:9).

കുളിച്ചു വൃത്തിയായതിനു ശേഷം മുടി ചീകുകയും വൃത്തിയുള്ളതും നന്നായി തയ്യാറാക്കിയതുമായ വസ്ത്രങ്ങൾ ധരിക്കുന്നു. പുരുഷന്മാർ വൃത്തിയായ വസ്ത്രം ധരിക്കുമ്പോൾ സ്ത്രീകൾ മാന്യമായ വസ്ത്രം ധരിക്കുന്നു. വസ്ത്രധാരാണം ഉചിതമാകുമ്പോൾ നാം മനോഹരമായി കാണപ്പെടുന്നു. അതുപോലെ വിനയം, സ്നേഹം, നീതി, കാരുണ്യം, സത്യം എന്നിവ വിശുദ്ധിയുടെ അലങ്കാരങ്ങളാണ്. യെശയ്യാവ് ക്രിസ്തുവിനെക്കുറിച്ചു പറയുന്നു, "*നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും*" (യെശ.11:5). നമ്മെ പ്രബോധിപ്പിക്കുന്നത്: ''*വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ*" (വെളി.22:11)


### നമ്മൾ വിശുദ്ധീകരിക്കപ്പെടുന്നത് എന്തുകൊണ്ട്?

ഈ പാപപൂർണ്ണമായ ലോകത്തിൽ ദൈവം നമ്മെ ഉപയോഗിക്കേണ്ടതിനു നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ദൈവീക ഉദ്ദേശത്തിനു അനുയോജ്യമായ - ദൈവത്തിനു പ്രസാദകരവും വിശുദ്ധവുമായ പാത്രങ്ങളായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

ഉപയോഗിക്കുന്ന പാത്രം ആവർത്തിച്ചു വൃത്തിയാക്കാറുണ്ട്. ഉപയോഗിക്കാത്ത പാത്രം തൊടാതെ അലമാരയിൽ പ്രദർശനവസ്തുവായി വയ്ക്കാം. ദൈവമക്കളെന്ന നിലയിൽ നാം അവന്റെ സേവനത്തിൽ ദിവസവും ഉപയോഗിക്കപ്പെടുന്നു. അതിനാൽ ദൈനംദിന വിശുദ്ധീകരണം അത്യാവശ്യമാണ്.

യഹോവയെ അന്വേഷിക്കുന്നവനെല്ലാം പുറപ്പെട്ടു പാളയത്തിനു പുറത്തുള്ള സമാഗമന കൂടാരത്തിലേക്കു ചെന്നു (പുറ.33:7). പരിശുദ്ധനായ ദൈവം നമ്മുടെ ജീവിതത്തിലൂടെ തന്റെ മഹത്വത്തിനായി പ്രവർത്തിക്കേണ്ടതിനു ഓരോ ദിവസവും വിശുദ്ധിക്കായി ദൈവസന്നിധിയിൽ നമ്മെ സമർപ്പിക്കാം.

**റവ. എസ്. ദേവദാസ്,**
FMPB മിഷനറി (റിട്ട)



# ദൈവസന്നിധിയിൽ എങ്ങനെ ജീവിക്കാം?

**ജോർജ്ജ് മുള്ളർ**

എന്റെ ജീവിതത്തിന്റെ പ്രധാന ലക്ഷ്യം ദൈവ സാന്നിധ്യം ആസ്വദിക്കുക എന്നതാകുന്നു - ദൈവം തന്നെ എന്നെ പഠിപ്പിച്ച പാഠം. എനിക്കു ചെയ്യുവാൻ കഴിയുന്ന ഏതു സേവനത്തെക്കാളും പ്രധാന്യം ദൈവസന്നിധിയിൽ ആനന്ദിക്കുന്നതിനും ഓരോ ദിവസവും എന്റെ ആന്തരിക മനുഷ്യനെ ശക്തിപ്പെടുത്തുന്നതിനും പഠിക്കുക എന്നതാകുന്നു. സുവിശേഷം പങ്കുവെക്കുക, വിശ്വാസികളെ വിശ്വാസത്തിൽ വളരുവാൻ സഹായിക്കുക, മുറിവേറ്റവരെ ആശ്വസിപ്പിക്കുക, ഈ പാപ ലോകത്തിൽ വിശുദ്ധ ജീവിതം നയിക്കുക എന്നതിനായി ഞാൻ ആദ്യം ദൈവ മുമ്പാകെ നിരന്തരം ജീവിക്കണം.

ധ്യാനത്തിന്റെ മഹത്വം ഗ്രഹിക്കാതെ ഞാൻ വർഷങ്ങളായി രാവിലെ എഴുന്നേറ്റു പ്രാർത്ഥിക്കുമായിരുന്നു. എന്നാൽ തിരുവചനം ധ്യനിക്കുന്നതിനു പ്രാധാന്യം കൊടുക്കുവാൻ ദൈവം എന്നെ നയിച്ചപ്പോൾ എനിക്കു ദൈവസാന്നിധ്യം വേഗത്തിൽ അനുഭവപ്പെട്ടു. എന്റെ ഹൃദയം ദൈവസന്നിധിയിൽ എരിഞ്ഞു, തുറന്ന മനസ്സോടെ ദൈവത്തെ സമീപിക്കുന്നതിനും ആഴത്തിൽ ദൈവസാന്നിധ്യം ആസ്വദിക്കുന്നതിനും സാധിച്ചു.

ഓരോ ദിവസവും പുതിയ നിയമം ധ്യാനിക്കുവാൻ തുടങ്ങി - മറ്റുള്ളവരെ പഠിപ്പിക്കുവാനല്ല മറിച്ച് എന്റെ ആന്തരിക ജീവനെ പരിപോഷിപ്പിക്കുന്നതിനായി ദൈവവചനം വായിക്കുകയും പഠിക്കുകയും എന്റെ ആത്മാവിനു ആവശ്യമായ പരിപോഷണം സ്വീകരിക്കുകയും ചെയ്തു. ധ്യാനവേളയിൽ കുമ്പസാരം, സ്തുതി, പ്രാർത്ഥന എന്നിവ സ്വഭാവികമായി ഒഴുകിയെത്തി, എന്നിട്ടും ഞാൻ ആത്മീക പരിപോഷണം സ്വീകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

ഇതിനുമുമ്പ് പ്രാർത്ഥനയിൽ ദൈവസാന്നിധ്യം അനുഭവിക്കുവാൻ പാടുപെട്ടു. ശ്രദ്ധ കേന്ദ്രീകരിച്ചു നിർത്തുവാൻ പ്രയാസപ്പെട്ടു. എന്നാൽ ഇപ്പോൾ ഞാൻ തിരുവചനം വായിക്കുവാനും ധ്യാനിക്കുവാനും തുടങ്ങിയപ്പോൾ ദൈവം എന്റെ അടുത്തുള്ളതായി അനുഭവപ്പെട്ടു. ദൈവം എന്റെ മനസ്സിൽ കൊണ്ടുവരുന്ന കാര്യങ്ങൾ അവനുമായി സംസാരിക്കുവാൻ എനിക്കു സാധിക്കുന്നു.

ദൈവസാന്നിധ്യത്തിലേക്കു പ്രവേശിക്കുന്നതിനുള്ള വാതിൽ തുറക്കുന്നതിനുള്ള സുവർണ്ണ താക്കോലാകുന്നു ദൈവവചന ധ്യാനം. ഈ മഹത്തായതും പരിവർത്താനാത്മകവുമായ അനുഭവത്തിലേക്കു പ്രവേശിക്കുവാൻ ദൈവം നിങ്ങളെ ക്ഷണിക്കുന്നു.

# പ്രാർത്ഥിക്കുക



**നമ്മുടെ മിഷനറിമാരുടെ 2025-2026 അദ്ധ്യായന വർഷത്തിൽ 10,12 ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്ന മക്കളുടെ പേരുകൾ ഇവിടെ കൊടുക്കുന്നു.**

ഇവർക്കായും നമ്മുടെ ബാലഭവനത്തിലെ കുട്ടികൾക്കായും നമ്മുടെ കൂടെ ചേർന്നു പ്രവർത്തിക്കുന്നവരുടെയും പ്രാർത്ഥന - സാമ്പത്തികസഹായങ്ങൾ നൽകുന്നവരുടെയും മക്കൾക്കായും പ്രാർത്ഥിക്കുക.
ഇവർ എല്ലാവരും പരീക്ഷകളിൽ തിളക്കമുള്ള വിജയം കരസ്ഥമാക്കട്ടെ.

## പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ (2025 - 2026)

| ക്രമ. നമ്പർ | കുട്ടിയുടെ പേര് | | രക്ഷിതാവിന്റെ പേര് |
|---|---|---|---|
| 1. | ബൻസി ബി നിർമ്മല | - | റവ. ബൻഹൂർ എം |
| 2. | ഇവാൻഞ്ചലിൻ സിനോയ് | - | റവ. ആൽബിൻ റ്റി |
| 3. | റിമോൻ അഭിഷേക് ഭുനിയ | - | റവ. ലൗലിൻ ഭുനിയ |
| 4. | ശൈലേന്ദ്ര സിങ് | - | റവ. സമരേന്ദ്ര സിങ് |
| 5. | അരീന ഫ്ളോറ | - | ശ്രീ. ബിദുഷ് കുമാർ നായക് |
| 6. | ഗ്ലാഡ്സൺ പോൾ | - | ശ്രീ. നാഗരാജൻ എം |
| 7. | അർജുൻ അഗസ്റ്റിൻ | - | ശ്രീ. ഇമ്മാനുവേൽ മുർമ്മു |
| 8. | ക്ലിഫോർഡ് എസക്കിയ രാജ | - | ശ്രീ. ഗോവിന്ദരാജൻ ഇ |
| 9. | ലിസ ജാനിസ് ആർ | - | റവ. രാമസ്വാമി വി |
| 10. | ജഫ്രിൻ രാജിഷ് | - | ശ്രീ. എബി ജ്ഞാന സെലിൻ എസ് |
| 11. | പ്രിയാൻസു | - | റവ. ഭോർസാത് ബാബുഭായ് ചിമൻഭായ് |
| 12. | ഷർമോൻ കുമാർ | - | റവ. സർക്കാർ രമേശ്ഭായ് ജോഹുറാമ്പ് |
| 13. | വിവേക് പിറ്റേഴ്സൺ നൈക് എം | - | റവ. മൻജിയ നൈക് ജി |
| 14. | ബ്ലസ്സി ജിസ്ലിൻ | - | ശ്രീ. ബർന്നബാസ് എ |
| 15. | യിരമ്യാവ് വെസ്ലി | - | റവ. ഗോഡ്വിൻ കൃപാകരൻ |
| 16. | എയ്ഞ്ചൽ ബോടാർ | - | ശ്രീ. ബോടാർ അമൃത് ഭായ് ബച്ചു ഭായ് |
| 17. | റാഗലണ് ഗോൾഡൻ | - | ശ്രീ. മയിൽസ്വാമി റ്റി |
| 18. | ഷെർലിൻ ജോസാബൽ ജെ | - | ശ്രീ. ജപകുമാർ പി |
| 19. | എസ്ഥേർ പ്രിസ്കില്ല | - | ശ്രീ. മുത്തുകുമാർ എം |

| | | | |
|---|---|---|---|
| 20. | സെറുബ മെൽബിൻ രാജ് എസ് | - | ശ്രീ. സെൽവരാജ് എ |
| 21. | ശമുവേൽ ഗുയ്തെ കെ | - | റവ. ദൗജാപൗ ഗുയ്തെ |
| 22. | ഷാരോൻ ഗ്ലോറിയ ഹനുഷ് | - | റവ. സുനിൽ കുമാർ |
| 23. | ജോയ്സ് കട്സിയ നായക് കെ | - | ശ്രീ. ശമ്പുനാഥ് നായക് |
| 24. | ബട്ടിന വി ജെ | - | റവ. വിജയ കുമാർ ആർ |
| 25. | തിമോത്തി ലാമ്പിതിയാൻലാൽ | - | റവ. ജിൻസ്വാം |
| 26. | ഗ്ലാഡീസ് കര | - | റവ. സുനിൽ ദത്ത കര |

## പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ (2025 - 2026)

| ക്രമ. നമ്പർ | കുട്ടിയുടെ പേര് | | രക്ഷിതാവിന്റെ പേര് |
|---|---|---|---|
| 1. | അപ്പോർവ | - | റവ. ജുബരാജ് ഭരതൻ |
| 2. | സുബ്ര ജ്യോതി കരടോ | - | ശ്രീ. കരടോ ബിസ്വോ രഞ്ജൻ |
| 3. | ജാനെ അഖില | - | റവ. ജോൺസൺ ശങ്കർ ഐ |
| 4. | അനുരാഗ് പോൾ ഭുനിയ | - | റവ. സാഹു ഭുനിയ |
| 5. | കരുണ സൂസൻ ഏബ്രഹാം | - | റവ. ഏബ്രഹാം തോമസ് |
| 6. | ആരാധന | - | ശ്രീ. പ്രഭാകരൻ എൻ |
| 7. | ഇമ്മാനുവേൽ ജപ സാം | - | ശ്രീ. ബാല മുരുകൻ |
| 8. | ജെ. ഷാരോൻ എഞ്ചലിൻ | - | റവ. ജോൺ ശാമുവേൽ എ |
| 9. | സാം പോൾ പാട്രിക് | - | റവ. ഐസക് ധനസിങ് ആർ |
| 10. | സുദീപ് ജോയ് ബീറോ | - | റവ. സജ്ജയ് കുമാർ ബീറോ |
| 11. | ഷ്രിൽട്ടൺ സിങ് | - | റവ. പോൾ ദയാസിങ് എ വൈ |
| 12. | അനോക നർസാരി | - | ശ്രീ. ആരോൺ സിങ് നർസാരി |
| 13. | എമ്‌ലിൻ ജെസ്സി | - | ശ്രീ. ഫെലിക്സ് കമാലിയോൾ എഡ്വേർഡ് |
| 14. | ഡെറിക് കാഫ്ളിസ് ആർ | - | റവ. രാമസ്വാമി വൈ |
| 15. | ഷെർലിൻ രഷ്ന | - | ശ്രീ. എബി ജ്ഞാന സെലിൻ എസ് |
| 16. | ഷാരോൺ ബർജോ | - | ശ്രീ. പൗലൂസ് ബർജോ |
| 17. | അർപന മിറക്ലിൻ ഹാരീസ് | - | ശ്രീ. ജോൺ പോൾ ഹാരീസ് ജെ |
| 18. | അങ്കിത് പന്ന | - | ശ്രീ. ജഹാർ സായ് പന്ന |
| 19. | ജബേഷ് ഷൈൻ | - | റവ. രമേശ് വേൽരാജ് എ |
| 20. | സ്റ്റെനിസ് ഗ്രഹാംബൽ | - | റവ. സ്റ്റീഫൻ ആർ |
| 21. | പി ഹനാനി ജഹോഷബ | - | റവ. പീറ്റർ പ്രഭാകരൻ |
| 22. | സിഗെൻബാൾഗ് യോശുവ | - | ശ്രീ. വിക്ടർ ജയശീലൻ സി |
| 23. | അഡ്‌ലിൻ ബ്ലെസ്സി ജെ | - | ശ്രീ. ജോൺ ദിനേശ് ജി എം |
| 24. | ജാസൺ പോൾ | - | ശ്രീ. കൊങ്ക ഗിരി ബാബു |
| 25. | ജോയ്സ് സോഫിയ | - | ശ്രീ. മീനുഗ അഡെഷ @ മാത്യു |



# കാൻസർ

## അവബോധം
## പ്രതിരോധം
## പ്രതീക്ഷ

ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്കു കടന്നു കയറാനോ പടരുവാനോ സാധ്യതയുള്ള അസാധാരണ കോശങ്ങളുടെ അനീയന്ത്രീത വളർച്ചയാൽ സവിശേഷതയുള്ള ഒരു കൂട്ടം രോഗങ്ങളാണ് കാൻസർ. മനുഷ്യനെ ബാധിക്കുന്ന ഏതാണ്ട് 100 ലധികം തരത്തിലുള്ള കാൻസർ ഉണ്ട്. അവയിൽ ഏറ്റവും സാധാരണമായത് സ്തനാർബുദം, ശ്വാസകോശാർബുദം, വൻകുടലിലെ (വൻകുടലിലും മലാശയത്തിലും) കാൻസർ, പ്രോസ്റ്റേറ്റ് കാൻസർ എന്നിവയാണ്. ആഗോള തലത്തിൽ കാൻസർ ഒരു പൊതുജനാരോഗ്യ വെല്ലുവിളിയായി തുടരുന്നു. കാൻസർ സംബന്ധമായ മരണങ്ങളിൽ 33% പുകയില, മദ്യം എന്നിവയുടെ ഉപയോഗം, അമിതവണ്ണം, പച്ചക്കറികളുടെയയും പഴങ്ങളുടെയും അപര്യാപ്തമായ ഉപയോഗം, ശാരീരിക അദ്ധ്വാനത്തിന്റെ അഭാവം തുടങ്ങിയ ജീവിതശൈലി ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ചില അണുബാധകൾ, അയോണാസിങ് റേഡിയേഷനുമായുള്ള സമ്പർക്കം, പരിസ്ഥിതി മലിനീകരണം എന്നിവയാണ് മറ്റ് ഘടകങ്ങൾ. ലോകമെമ്പാടുമുള്ള ഏകദേശം 16-18% കാൻസറുകൾക്കു കാരണം നിർദ്ദിഷ്ഠ വൈറസുകൾ, ബാക്ടീരിയകൾ, പരാദങ്ങൾ എന്നിവ മൂലമുള്ള അണുബാധയാണ്, അതേസമയം 5 –10% കാൻസറുകൾ പാരമ്പര്യമായി ലഭിക്കുന്ന ജനിതക വൈകല്യങ്ങൾ മൂലമാണ്. ലോകമെമ്പാടുമുള്ള മരണ കാരണങ്ങളിൽ ഒന്ന് കാൻസർ ആകുന്നു. 2020 ൽ ഇത് ഏകദേശം പത്തു ദശലക്ഷം മരണങ്ങൾക്കു കാരണമായി – ആഗോള തലത്തിൽ ഓരോ ആറു മരണങ്ങളിൽ ഒന്ന് കാൻസർ മൂലമാണ്. ഗ്ലോബൽ കാൻസർ ഒബ്സർവേറ്ററി (GLOBOCAN) പ്രകാരം 2020 ൽ ലോകമെമ്പാടുമായി 19.3 ദശലക്ഷം കാൻസർ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കാൻസർ രോഗബാധയിൽ ചൈനക്കും അമേരിക്കക്കും ശേഷം മൂന്നാം സ്ഥാനത്താണ് ഇന്ത്യ. 2040 ആകുമ്പോഴേക്കും ഇന്ത്യയിലെ കാൻസർ കേസുകൾ 2.08 ദശലക്ഷമായി ഉയരുമെന്നും ഇത് 57.5% വർദ്ധനവ് രേഖപ്പെടുത്തുമെന്നും ഗ്ലോബോകാൻ മുന്നറിയിപ്പു നൽകുന്നു.

**ലോക കാൻസർ ദിനം:** കാൻസറിനെക്കുറിച്ച് അവബോധം വളർത്തുന്ന

തിനും അതിന്റെ പ്രതിരോധം, നേരത്തെയുള്ള കണ്ടെത്തൽ, ഫലപ്രദമായ ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാ വർഷവും ഫെബ്രുവരി നാലിന് ലോക കാൻസർ ദിനം ആചരിക്കുന്നു. 2000 ഫെബ്രുവരി നാലിന് പാരീസിൽ നടന്ന പുതിയ സഹസ്രാബ്ദത്തിനായുള്ള കാൻസറിനെതിരായ ലോക കാൻസർ ഉച്ചകോടിയിലാണ് ഇതു സ്ഥാപിതമായത്. ലോക കാൻസർ ദിനത്തിന്റെ പ്രാഥമിക ലക്ഷ്യം കാൻസർ മൂലമുണ്ടാകുന്ന രോഗങ്ങളും മരണങ്ങളും ഗണ്യമായി കുറയ്ക്കുക എന്നതാണ്. കാൻസർ മൂലം ദുരിതങ്ങൾ നേരിടുന്നവരും കുടുംബങ്ങളും അഭിമുഖീകരിക്കുന്ന ചൂഷണങ്ങളും അനീതിയും പരിഹരിക്കുന്നതിനു അന്തരാഷ്ട്ര സമൂഹങ്ങളെ ഒന്നിപ്പിക്കുന്നതിനുള്ള ആഗോള വേദിയായും ഇത് പ്രവർത്തിക്കുന്നു. ഐക്യരാഷ്ട്ര സഭയാണ് ഈ ദിനം ഔദ്യോഗികമായി ആചരിക്കുന്നത്. കാൻസറിനെ ചുറ്റിപ്പറ്റിയുള്ള തെറ്റിദ്ധാരണകൾ കുറയ്ക്കുന്നതിനും അവബോധം വളർത്തുന്നതിനും ലോക കാൻസർ ദിനം നിർണ്ണായക പങ്കു വഹിക്കുന്നു. കാൻസർ ബാധിതരോടു ഐക്യധാർഢ്യം പ്രകടിപ്പിക്കുന്നതിനും കൂട്ടായ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനുമായി ലോകമെമ്പാടും ഓരോ വർഷവും നൂറുകണക്കിനു പരിപാടികളും സംരഭങ്ങളും സംഘടിപ്പിക്കപ്പെടുന്നു. ലോക കാൻസർ ദിനം മൂന്നു വർഷത്തെക്കുള്ള പ്രമേയങ്ങൾ തീരുമാനിച്ചു അവയെ പിന്തുടരുന്നു. ലോകമെമ്പാടുമുള്ള ബോധവത്കരണ ക്യാമ്പുകൾ, പ്രസിദ്ധീകരണങ്ങൾ, ഔട്ട്റീച്ച് പ്രോഗ്രാമുകൾ എന്നിവയെ ഈ പ്രമേയങ്ങൾ നയിക്കുന്നു. മുൻകാലങ്ങളിലെ ശ്രദ്ധേയമായ ചിന്താവിഷയങ്ങൾ ഇവയാണ് – ''നമുക്കു കഴിയും, എനിക്കു കഴിയും''; ''ഞാനാകുന്നു, ഞാൻ ചെയ്യും''; ''പരിചരണ വിടവ് അടയ്ക്കുക"; "നമുക്കപ്പുറം അല്ല'' ("We Can. I Can.", "I Am and I Will", "Close the Care Gap", and "Not Beyond Us.") **2025 – 27 വർഷങ്ങളിലെ പ്രമേയം ''അതുല്യതയാൽ ഏകീകരിക്കപ്പെട്ടു"** എന്നതാണ്. പരിചരണത്തിലും കാരുണ്യത്തിലുമുള്ള ഐക്യത്തിന്റെ ശക്തിയെ ബലപ്പെടുത്തുന്നതിനൊപ്പം ഓരോ കാൻസർ യാത്രയും അദ്വിതീയമാണെന്നു തിരിച്ചറിഞ്ഞു കൊണ്ട് പരിചരണത്തിന്റെ കേന്ദ്രത്തിൽ ആളുകളെയും സംഭാഷണത്തിന്റെ കേന്ദ്രത്തിൽ അവരുടെ വ്യക്തിപരമായ കഥകളെയും പ്രതിഷ്ഠിക്കുന്നതിനാണ് ഈ പ്രമേയം ഊന്നൽ നൽകുന്നത്.

## FMPB കുടുംബത്തിൽ നിന്നുള്ള ഒരു പ്രാർത്ഥന ആഹ്വാനം

FMPB കുടുംബം എന്ന നിലയിൽ ഈ വിനാശകരമായ രോഗം മൂലം സംഭവിച്ച നിരവധി പ്രീയപ്പെട്ട അംഗങ്ങളുടെ വിയോഗത്തിൽ ഞങ്ങൾ ദുഃഖിക്കുന്നു. ഇന്നും നമ്മിൽ ചിലർ വിശ്വാസത്തോടെയും ധൈര്യത്തോടെയും കാൻസറനെതിരെ പോരാടുന്നതു തുടരുന്നു. ഭാരമേറിയ ഹൃദയത്തോടും ഉറച്ച പ്രതീക്ഷയോടും കൂടെ നമ്മുടെ FMPB കുടുംബത്തിൽ

നിന്നു ഇനി ആരും ഈ പട്ടികയിൽ ഉൾപ്പെടുത്തപ്പെടരുതെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

### നമുക്കു ഒരു മനസ്സോടെ പ്രാർത്ഥിക്കാം

- മിഷനറിമാർക്കായി പ്രാർത്ഥിക്കാം (ശ്രീമതി അഹോനി അച്ചുമി, ശ്രീമതി മനോരമ സുമന്ത (തൈറോയ്ഡ് കാൻസർ); റവ. വിനയ രാജ് (മസ്തിഷ്ക കാൻസർ); ശ്രീമതി സിപ്പോറ ജീവരത്ന ബീറോ, ശ്രീമതി. മാലിക പോൾ രാജ്, ശ്രീമതി. മേരി സെബാസ്റ്റ്യൻ (മാറിടത്തിൽ കാൻസർ) ശ്രീമതി എല്ല സെമെ (കഴുത്തിൽ) ശ്രീമതി ലിസി വാവച്ചൻ, ശ്രീമതി. വസന്ത സുകുമാരൻ); മിഷനറി ഡെൻസിങ്ങിന്റെ മകൾ ലിസ മിറക്കിൾ, നമ്മുടെ പ്രാർത്ഥന ക്കൂട്ടത്തിലും മിഷൻ വയലിലും കാൻസർ രോഗത്താൽ ബാധിക്കപ്പെട്ടവർ. ഇവർക്കു ദൈവം പരിപൂർണ്ണ സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.
- പരിചരിക്കുന്നവർക്കും കുടുംബാംഗങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുക. -
- രോഗികളെ പരിചരിക്കുമ്പോൾ ദൈവം അവർക്കു ആവശ്യമായ കൃപ, ശക്തി, ക്ഷമ, അനുകമ്പ എന്നിവ നൽകേണ്ടതിനായി പ്രാർത്ഥിക്കുക.
- ആശുപത്രി കിടക്കയിൽ ഒതുങ്ങിപ്പോയവർക്കും കാൻസറിനോടു ധൈര്യത്തോടെ പോരാടുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുക – അവർ പൂർണ്ണ ആരോഗ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- താങ്ങാനാവുന്ന വിലയിൽ ഫലപ്രദമായ പ്രതിരോധ ചികിത്സ മരുന്നുകൾ ഉടൻ കണ്ടെത്തുവാനും ഈ രോഗത്തെ പൂർണ്ണമായി ഇല്ലാതാക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുമെന്നു. രോഗികളിൽ ക്ഷമയും സമാധാനവും നാളെയെക്കുറിച്ചുള്ള പ്രത്യാശയും ദൈവം നിറയ്ക്കേണ്ടതിനായി പ്രാർത്ഥിക്കാം.
- ആശുപത്രികളും ആരോഗ്യ സംരക്ഷണ സംവിധാനങ്ങളും രോഗികളെ ചൂഷണം ചെയ്യാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- യുവതലമുറ അവരുടെ ആരോഗ്യത്തെക്കുറിച്ചു ശ്രദ്ധാലുക്കളായിരിക്കയും ഇത്തരം രോഗങ്ങൾ ഒഴിവാക്കുവാൻ പ്രതിരോധ നടപടികൾ സ്വീകരിക്കയും വേണം.
- കാൻസർ രോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും സാമ്പത്തീകവും വൈകാരികവുമായ ആവശ്യങ്ങൾ സമൃദ്ധമായി നിറവേറ്റപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

ലോക കാൻസർ ദിനം ഈ രോഗത്തിന്റെ ഗൗരവത്തെക്കുറിച്ചു മാത്രമല്ല വിശ്വാസം, കാരുണ്യം, പ്രത്യാശ എന്നിവയാൽ ഐക്യപ്പെട്ട് കരുതുവാനും പ്രാർത്ഥിക്കുവാനും പിന്തുണയ്ക്കുവാനും ഒരുമിച്ചു നിൽക്കുവാനുമുള്ള നമ്മുടെ ഉത്തരവാദിത്തത്തെക്കുറിച്ചും ഓർമ്മിപ്പിക്കുമാറാകട്ടെ.

# മാത്യ
## സഭ ചരിത്രം

### തേലോ മിഷൻ വയൽ
### സന്താൾ സാഹിബ്ഗഞ്ച് റീജിയൻ



**രചന: റവ. എൽ മാസിലാമണി**

## പൊതു വിവരം

ഝാർഖണ്ഡിൽ സാഹിബ്ഗഞ്ച് ജില്ലയിലെ ബോറിയോ ബ്ലോക്കിലുള്ള ഒരു ഇടത്തരം ഗ്രാമമാണ് മാത്യ. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന പഞ്ചായത്ത് രാജ് നിയമ പ്രകാരം മാത്യ ഗ്രാമത്തിന്റെ ഭരണം ഗ്രാമീണരാൽ തിരഞ്ഞെടുത്ത സർപഞ്ച് (ഗ്രാമത്തലവൻ) നിർവഹിക്കുന്നു. ഝാർഖണ്ഡുമായി തുലനം ചെയ്താൽ മാത്യ ഗ്രാമത്തിന്റെ സാക്ഷരത നിരക്ക് വളരെ കുറവാണ്. മാത്യ ഗ്രാമത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും പട്ടിക വർഗ്ഗത്തിലുള്ളവരാണ്. മാത്യ ഗ്രാമത്തിലെ ജനങ്ങളിൽ 46.09% ആളുകൾ പട്ടിക വർഗ്ഗക്കാരാണ്. സാഹിബ്ഗഞ്ചിലെ മാത്യ ഗ്രാമത്തിൽ പട്ടിക ജാതിക്കാർ ആരും തന്നെയില്ല. ഇതു തേലോ മിഷൻ വയലിലുള്ള ഗ്രാമമാണ്.

## ആരംഭം

1993 ഒക്ടോബർ 15 മുതൽ ഡിസംബർ 31 വരെ ശ്രീ. സുധാകരൻ കുടുംബം ശ്രീ. ഫ്രാങ്കളിൻ കുടുംബം എന്നിവർ ബോറിയോയിൽ താമസിച്ചു സാന്താൾ ഭാഷ പഠിക്കുകയായിരുന്നു. ശ്രീ. ഏലിയാസ് അവരെ സന്താൾ ഭാഷ വായിക്കുന്നതിനും സന്താൾ ഭാഷയുടെ വ്യാകരണവും പഠിപ്പിച്ചു. പിന്നീട് സന്താൾ ഭാഷ പഠിക്കുവാൻ അവരെ ബടിടോള ഗ്രാമത്തിലേക്കു അയച്ചു. അവിടെ സഹോദരൻ ജപരാജിന്റെ സഹായത്താൽ 1994 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ അവർ സന്താൾ സംസാരിക്കുവാൻ പഠിച്ചു. 1994 മാർച്ചിന്റെ ഒടുവിൽ അവർക്കു മിഷൻ വയലിലേക്കു പോയി. സഹോ. ഫ്രാങ്ക്ളിൻ കത്തുവ മിഷൻ വയലേക്കും സഹോദരൻ സുധാകരനു തേലോ മിഷൻ വയലിലേക്കും പോയി.

1-4-1994 ൽ തേലോ മിഷൻ വയൽ പ്രവർത്തനം ആരംഭിച്ചു. ശ്രീ. സുധാകരനും കുടുംബവുമാണ് ഈ മിഷൻ വയലിലെ ആദ്യ മിഷനറിമാർ. ഏപ്രിൽ ഒമ്പതാം തീയതി പ്രാദേശിക സുവിശേഷകൻ ജോഹാൻ ഹസ്ത കുടുംബമായി അവരോടൊപ്പം ചേർന്നു പ്രവർത്തിക്കുവാൻ തുടങ്ങി. ബോറിയോ ഗ്രാമത്തിലെ ഒരു വാടക വീട്ടിൽ അവർ താമസിച്ചു. ഒരു മാസത്തിനു ശേഷം അവർ സുവിശേഷകനുമായി കെർവ ഗ്രാമത്തിൽ ചെന്നു വാടക വീട് എടുത്തു താമസിച്ചു. 1994 ൽ ഈ മിഷൻ വയലിലെ മിഷനറിയായിരുന്ന സുധാകരൻ മാത്യ ഗ്രാമത്തിലുള്ളവരോടു സുവിശേഷം പങ്കുവെച്ചു.

## FMPB യുടെ ശുശ്രൂഷ

ആദ്യവിശ്വാസിയായ ശാമുവേൽ സൊറന്റെ (പഴയ പേര് സോമയ് സൊറൻ) ഭാര്യ എലിസബേത്ത് മുർമ്മു ആണ് ഈ ഗ്രാമത്തിലെ ആദ്യ വി



എലിസബേത്ത് മുർമ്മു

ശ്വാസി. ഇവർ രണ്ടുപേരും യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് 21.08.1996 ൽ മിഷനറി സുധാകരൻ ഇവരെ സ്നാനപ്പെടുത്തി. ആറു വർഷം മക്കളില്ലാതിരുന്ന ഇവർക്കു ഒരു മകനെ നൽകി ദൈവം അനുഗ്രഹിച്ചു. ഏഴു കുടുംബം ഉൾപ്പടെ 30 പേരെ അവർ സ്നാനപ്പെടുത്തി. വിഷത്തേളിന്റെ കടിയേറ്റ കുരു സൊറനെയും കാലിലെ മുറിവിനാൽ കഷ്ടപ്പെട്ട എലിസബേത്തിനെയും പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. ഇതു നിമിത്തം ആ ഗ്രാമത്തിലെ അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

## ആരാധന യോഗങ്ങൾ

നാലു വർഷം മഞ്ചി ടോള ഗ്രാമത്തിലുള്ള ദാനിയേൽ സൊറന്റെ വീടിന്റ വരാന്തയിലാണ് ആരാധന യോഗം നടത്തിയിരുന്നത്. 35 പേർ ആരാധന യോഗത്തിൽ സംബന്ധിച്ചിരുന്നു. എലിസബേത്ത് മുർമ്മുവിന്റെ പിതാവ് ശൗൽ മുർമ്മുവാണ് ആരാധന യോഗത്തിനു നേതൃത്വം നൽകിയത്. അദ്ദേഹം സിഎൻഐ സഭയിലെ വിശ്വാസിയായിരുന്നു. അവളുടെ ഭർത്താവ് ഇതരമത വിശ്വാസിയാതിനാൽ അവനും കുടുംബവും സ്നാനപ്പെട്ടു. പിന്നീട് കൂടുതൽ പേർ ആരാധനയിൽ വരുവാൻ തുടങ്ങിയതോടെ യോഗം ജഹെർ ടോളയിലേക്കു മാറ്റി.

## ദൈവാലയ നിർമ്മാണം



ബർന്നബാസ് മുർമ്മു

ബർന്നബാസ് മുർമ്മു ദൈവാലയം നിർമ്മിക്കുന്നതിനുള്ള വസ്തു സൗജന്യമായി നൽകി.

**ബർന്നബാസ് മുർമ്മുവിന്റെ സാക്ഷ്യം:** ഞാൻ ഈ ഗ്രാമത്തിലുള്ള ബർന്നബാസ് മുർമ്മു ആകുന്നു. വിശ്വാസികൾക്കു ആരാധിക്കുവാൻ ഒരു സ്ഥലം ഇല്ല എന്നു മനസ്സിലാക്കിയപ്പോൾ ഞാൻ നാലു സെന്റു വസ്തു ദൈവാലയം പണിയുന്നതിനായി നൽകി. മുമ്പു ഞാൻ ഒരു മദ്യപാനിയായിരുന്നു. ഗ്രാമത്തലവനായിരുന്ന ഞാൻ ആളുകളെ ഗുരുവിന്റെ അടുക്കലേക്കു നയിച്ചു. ക്രിസ്ത്യാനികളെ എതിർത്തു. ആദ്യവിശ്വാസിയെ (ശമുവേൽ സൊറന്റെ ഭാര്യാ പിതാവ്) കൊല്ലുവാൻ ഞാൻ പൂജകൾ നടത്തി. എന്റെ പിതാവിനു ഗുരുതര രോഗം ബാധിച്ചു. പൂജാകർമ്മങ്ങൾ ചെയ്തെങ്കിലും ഞങ്ങളുടെ സ്വന്തക്കാരിൽ ഒരാൾ മരിച്ചു. ഒരു ക്രിസ്തീയ ഗീതം – ജീവിതത്തിൽ കഷ്ടങ്ങൾ ഉണ്ട്, എന്നാൽ അതിൻ നടുവിൽ സമാധാനം ഉണ്ട് – എന്നെയും എന്റെ കുടുംബത്തെയും തൊട്ടു. ഞങ്ങൾ എല്ലാവരും ക്രിസ്ത്യാനികളായി. ഇപ്പോൾ ഞങ്ങൾ വയലിൽ കൃഷി ചെയ്യുന്നു സമൃദ്ധിയായി ധാന്യങ്ങൾ ലഭിക്കുന്നു. എന്നെ ഗ്രാമത്തലവനായി വീണ്ടും തിരഞ്ഞെടുത്തു. ഞാൻ സഭയുടെ ആദ്യത്തെ മൂപ്പനായും സേവനം ചെയ്യുന്നു.

2006 ൽ എതിർപ്പുകളില്ലാതെ ദൈവാലയ നിർമ്മാണം ആരംഭിച്ചു. ഗതാഗത സൗകര്യമില്ലാത്തതിനാൽ നിർമ്മാണ സാമഗ്രികൾ കൊണ്ടു വരുന്നതിനു പ്രയാസപ്പെട്ടു. വിശ്വാസികളുടെ സഹായത്തോടെ മേൽക്കൂര വാർത്ത് കെട്ടുറപ്പുള്ള ഒരു ദൈവാലയം നിർമ്മിച്ചു. പകുതി വേതനത്തിൽ വിശ്വാസികൾ ദൈവാലയത്തിനു വേണ്ടി ജോലി ചെയ്തു. മിഷനറി ജീവൻ ജൻ നിർമ്മാണ പ്രവർത്തനത്തിനു മേൽനോട്ടം വഹിച്ചു. റവ. ദേവദാസ് 20.4.2007 ൽ ദൈവനാമ മഹത്വത്തിനായി ദൈവാലയം സമർപ്പിച്ചു.

## സമർപ്പണം

2009 ഓക്ടോബറിൽ മാതൃ ദൈവാലയം സ്പോൺസർ ചെയ്ത കേരളത്തിൽ നിന്നുള്ള ശ്രീ. സ്റ്റീഫൻ രാജ്

മാത്യ ദൈവാലയം സന്ദർശിച്ചു. വിശ്വാസികൾ വിപുലമായ രീതിയിൽ പ്രോഗ്രാമുകൾ ക്രമീകരിച്ചു. ഈ യോഗത്തിൽ 400 ലധികം ആളുകൾ സംബന്ധിച്ചു. സന്ദർശകരായി വന്ന മുന്നു പേരും ഈ പ്രോഗ്രാം കണ്ട് സന്തോഷിച്ചു. അവർക്കു നൽകിയ സ്വീകരണത്തിൽ അവർ ആശ്ചര്യപ്പെട്ടു. മാത്യ ഗ്രാമത്തിന്റെ ചുറ്റുപാടുമുള്ള അഞ്ചു ഗ്രാമങ്ങളിൽ നിന്നുള്ളവർ ഈ പ്രോഗ്രാമിൽ സംബന്ധിച്ചു. കുവാൽ ഗ്രാമത്തിൽ നിന്നും അഞ്ചു കുടുംബങ്ങൾ ഈ ദൈവാലയത്തിലെ ആരാധനയിൽ പങ്കെടുക്കുന്നു. 20 -50 പേർ പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. സഭാ മുപ്പന്മാരായ ബർന്നബാസ് മുർമ്മു, ഇമ്മാനുവേൽ കിസ്കു എന്നിവർ ആരാധനയ്ക്കു നേതൃത്വം നൽകുന്നു. സുവിശേഷകർ എല്ലാ മാസവും ഈ ദൈവാലയം സന്ദർശിക്കുന്നു. മിഷനറിമാർ വർഷത്തിൽ നാലു പ്രവശ്യം ഈ ഗ്രാമത്തിൽ കടുന്നു വരുന്നു. സ്തോത്രകാഴ്ച കൂടാതെ ആദ്യ ഫലം, ദശാംശം, പിടിയരി തുടങ്ങി വിധത്തിൽ വിശ്വാസികൾ നൽകുന്ന കാണിക്കയാണ് സഭയുടെ വരുമാനം.

## രോഗശാന്തിയുടെ സാക്ഷ്യങ്ങൾ

- എന്റെ പേര് എലിസബേത്ത് മുർമ്മു (പഴയ പേര് സഞ്ചാലി മുർമ്മു). കാലിലുണ്ടായ മാരകമായ വൃണത്താൽ ഞാൻ ഏറെ കഷ്ടപ്പെട്ടു. സൗഖ്യത്തിനായി ഓജ ഗുരുവിൻെറ (ആഭിചാരകൻ)അടുക്കൽ പോയി. വിവാഹം കഴിക്കാതെ ഞങ്ങൾ ഒരുമിച്ചു താമസിക്കുന്നതിനാൽ ദുരാത്മാവ് ഞങ്ങളെ ശിക്ഷിക്കുകയാണെന്നും വിലകൂടിയ മൃഗത്തെ ബലി കൊടുത്താൽ വിടുതൽ കിട്ടുമെന്നും പറഞ്ഞു. അതിനു പ്രാപ്തിയില്ലാത്തതിനാൽ ഞങ്ങൾ നിസഹായരായി തീർന്നു. ഈ സന്ദർഭത്തിൽ ഞങ്ങൾ യേശുക്രിസ്തുവിനെ കുറിച്ച് കേട്ടു. യേശുവിൽ വിശ്വസിച്ചു. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. മിഷനറിമാർ എനിക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം എനിക്കു പരിപൂർണ്ണ സൗഖ്യം നൽകി.
- 13.12.1997 ൽ മാത്യ ഗ്രാമത്തിലെ മാർത്തിന മിഷനറിയുടെ ഭവനം സന്ദർശിച്ചു. അവൾ മിഷനറിയോടു അവളുടെ മാറിടത്തിൽ ഉണ്ടായ ഒരു പരു നിമിത്തം വലിയ വേദനയനുഭവിക്കുന്നു എന്നു പറഞ്ഞു. ചികിത്സക്കായി ഡോക്ടറുടെ അടുക്കൽ പോകണോ എന്നു മിഷനറിയോടു ചോദിച്ചു. ഗ്രാമത്തിലുള്ള വിശ്വാസികളോടു ചേർന്നു പ്രാർത്ഥിച്ചാൽ മതിയെന്നു മിഷനറി ഉപദേശം നൽകി. മിഷനറി അപ്പോൾ തന്നെ അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. അവളെ ഗ്രാമത്തിലേക്കു പറഞ്ഞു വിട്ടു. ഗ്രാമത്തിലെ സഭ അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവൾക്കു പുർണ്ണ സൗഖ്യം നൽകിയെന്ന വിവരം അടുത്ത ശനിയാഴ്ച അവൾ മിഷനറിയെ അറിയിച്ചു.
- ഷുബു സൊറൻ അവന്റെ ഭാര്യ മകു ഹൻസ്താക് സാഫാ ധർമ്മത്തിന്റെ അനുയായികളായി സുര്യനെയും മറ്റു ദൈവങ്ങളെയും ആരാധിച്ചു വന്നു. മാസവും ഉപ്പും ഒഴിവാക്കി ഗംഗാനദി അവരുടെ പാപങ്ങൾ കഴുകി കളയുമെന്നു വിശ്വസിച്ചു. അവർ അടിക്കടി ദുരാത്മാവിനാൽ കഷ്ടപ്പെട്ടു. ഭക്ഷണമില്ലാതെ ജിവിക്കുകയായിരുന്നു. ഉത്തർപ്രദേശിൽ ജോലി ചെയ്യുകയായിരുന്ന മകൻ തിരികെ വന്നു. അവരുടെ വിശ്വാസത്തിലൂടെ ഒരു ശാന്തിയും ലഭിക്കാത്തതിനാൽ ക്രിസ്തുവിനെ സ്വീകരിക്കുവാൻ നിർബന്ധിച്ചു. ആദ്യം അവർ കോപിച്ചെങ്കിലും പിന്നീട് അവർ തയ്യാറായി. സുവിശേഷകൻ ജോഹാൻ ഹസ്തയും പൗലൊസ് മുർമ്മുവും അവർക്കു വേണ്ടി പ്രാർത്ഥിച്ചു. ആദ്യം അവർ മറുത്തു നിന്നെങ്കിലും പിന്നീട് അവർ ശാന്തരായി. അവർ ഭക്ഷണം കഴിച്ചു. അവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതലും സൗഖ്യവും പ്രാപിച്ചു.

29.6.1998 ൽ അവർ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചു.

- ബർന്നബാസ് മുർമ്മു യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനെ തുടർന്നു അവൻ തന്റെ കാള യുടെ കണ്ണിനു കാഴ്ച ശക്തി ലഭി ക്കേണ്ടതിനായി പ്രാർത്ഥിച്ചു. ദൈവം കാളയെ സൗഖ്യമാക്കി.

## ഈ മിഷൻ വയലിൽ പ്രവർത്തിച്ച മിഷനറിമാർ

ആദ്യ മിഷനറിയായ സുധാകരൻ 1995 മുതൽ 1999 വരെ പ്രവർത്തിച്ചു. അതിന്റെ പിന്നാലെ ജീവൻ രൻജൻ 2007 വരെ പ്രവർത്തിച്ചു. തുടർന്നു സി എച്ച് ജോൺ 2011 വരെ ശുശ്രൂഷ ചെയ്തു. 2011 മുതൽ കെന്നടി സിങ് ഈ മിഷൻ വയലിൽ വിശ്വസ്തതയോടെ വേല ചെയ്യുന്നു.

## ചെറു പ്രാർത്ഥന സംഘം

2004 ൽ മാർത്തിന സൊറന്റെ നേതൃ ത്വത്തിൽ ജട് ടോള ഗ്രാമത്തിൽ ആരം ഭിച്ചു. എല്ലാ ചൊവ്വാഴ്ചയും വെള്ളി യാഴ്ചയും രണ്ടു മണിക്കൂർ ഒരുമിച്ചു ചേർന്നു മിഷനറിമാർ, സുവിശേഷകർ, രോഗികൾ, അവരുടെ കുടുംബങ്ങൾ എന്നിവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു. കൂടാതെ അവർ ഭവനങ്ങൾ സന്ദർശിച്ചു സുവിശേഷം പങ്കുവെക്കുന്നു. തത്ഫ ലമായി അനേകർ സൗഖ്യം പ്രാപി ക്കുകയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു.

## ജലസേചന പദ്ധതി

ഡോ. എഡ്വർഡ് രാജയുടെ ആലോചന പ്രകാരം ആരംഭിച്ച ജലസേചന പദ്ധതി 2010 മെയ് മാസത്തിൽ മാത്യ ഗ്രാമ ത്തിൽ പൂർത്തീകരിച്ചു. ഇതിനെ തുടർന്നു മാത്യ ഗ്രാമത്തിലും ചുറ്റു മുള്ള പ്രദേശങ്ങളിലും ജലസേചന പദ്ധതിക്കു സർക്കാർ തുടക്കമിട്ടു. അതിൽ പങ്കുചേരുവാൻ ഡോ. രാജ വിശ്വാസികളെ ഉത്സാഹിപ്പിച്ചു. ഒരുമി ച്ചുള്ള പ്രയത്നത്താൽ പദ്ധതി പൂർത്തീ കരിച്ചു. സർക്കാർ ഉദ്യോഗസ്ഥർ മാത്യ ഗ്രാമം സന്ദർശിച്ചു അവരുടെ നേട്ടത്തെ പുകഴ്ത്തി. ഇതിൽ മിഷനറിമാരുടെ പങ്ക് മനസ്സിലാക്കിയതിനാൽ സന്താൾ, മാൾട്ടോ ഗ്രാമങ്ങളുടെ വികസനത്തിൽ മിഷനറിമാരെ കൂടി ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറായി.

## അനുഗ്രഹങ്ങൾ

56 ആരാധനക്കൂട്ടങ്ങൾ ഉരുവാക്കുന്നതി നും 20 ദൈവാലയങ്ങൾ പണിയുന്ന തിനും ദൈവം കൃപ ചെയ്തു. മൂന്നു ദൈവാലയങ്ങളുടെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. അഞ്ചു പ്രാദേശിക സുവിശേഷകരുടെ കുടുംബവും 84 സഭാ മൂപ്പന്മാരുടെ കുടുംബവും ഇവിടെ വിശ്വസ്തതയോടെ ദൈവവേല ചെയ്യുന്നു. രണ്ടു ദിന പരിപാലന കേന്ദ്ര ത്തിലായി 183 കുട്ടികൾ പഠിക്കുന്നു.

## പ്രാർത്ഥന വിഷയങ്ങൾ

1. എല്ലാ ഗ്രാമങ്ങളിലും സുവിശേഷം എത്തേണ്ടതിനായി...
2. കുടി വെള്ളം, വൈദ്യുതി, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നീ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ ഗ്രാമങ്ങളിലും എത്തേണ്ടതിനായി...
3. മലേറിയ, ടൈഫോയ്ഡ്, ക്ഷയ രോഗം, കാലാസാർ എന്നി മാരക രോഗങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കേണ്ടതിനായി...
4. കുടിയേറ്റ തൊഴിലാളികളായി പുരു ഷന്മാർ അധികവും പോയിരിക്കുന്നു. ഇവർക്കു പ്രാദേശികമായി ജോലി കൾ ലഭിക്കേണതിനും കുടുംബത്തെ ശക്തികരിക്കേണ്ടതിനുമായി...
5. യുവജനങ്ങളുടെ ഇടയിൽ ആത്മീക വർദ്ധനവ് ഉണ്ടാകേണ്ടതിനും അവർ സഭാമൂപ്പന്മാർ ആകേണ്ടതിനുമായി...
6. പോഷകാഹാര കുറവു മൂലമുണ്ടാ കുന്ന ശിശു മരണം ഇല്ലാതാകേണ്ട തിനായി...
7. മദ്യാസക്തിയിൽ നിന്നും ജനങ്ങൾ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.

# മിഷൻ വയൽ സന്ദർശന റിപ്പോർട്ട്



ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ ഝാർഖണ്ഡ് മിഷൻ വയൽ സന്ദർശിക്കുന്നതിന് മിഷനറി റവ. ഗോൾഡന്റെ നേതൃത്വത്തിൽ CSI കത്തീഡ്രൽ ചർച്ച് വികാരി, റവ. ജേക്കബ് ദാനിയേൽ, ചർച്ച് സെക്രട്ടറി ശ്രീ. ബിനാൽ, റവ. ബാബു പി, ശ്രീമതി റെയ്ച്ചൽ, ശ്രീ. ജോസ് പ്രകാശ്, ശ്രീമതി ലീഗേൾ മേരി എന്നീ ഏഴു പേരടങ്ങുന്ന ഒരു സംഘം 2025 നവംബർ 23 ന് കോഴിക്കോട്ട് നിന്ന് യാത്ര തിരിച്ചു 25 ന് സന്ധ്യക്ക് ഝാർഖണ്ഡിൽ എത്തിച്ചേർന്നു.

ഝാർഖണ്ഡിലെ സന്താൾ, മാൾട്ടോ ജാതിക്കുട്ടങ്ങളുടെ മദ്ധ്യേയുള്ള പ്രവർത്തനം കാണുക എന്നതായിരുന്ന ഞങ്ങളുടെ യാത്രയുടെ ലക്ഷ്യം.

കേരളത്തിന്റെ ഏതാണ്ട് 75 വർഷം മുമ്പുള്ള ജീവിത സാഹചര്യങ്ങളാണ് ഞങ്ങൾ അവിടെ കണ്ടത്. ശുദ്ധമായ കുടിവെള്ളമില്ല, സഞ്ചാര യോഗ്യമായ റോഡുകളില്ല. വൈദ്യുതി ലഭിച്ചിട്ട് കുറച്ചു നാളുകളെ ആയിട്ടുള്ളു. ശൗചാലയങ്ങളില്ല. പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുവാൻ അവർ ഇന്നും കാട്ടുപ്രദേശങ്ങളിലാണ് പോകുന്നത്. പൊതു ഗതാഗത സൗകര്യങ്ങൾ വളരെ കുറവാണ്. 40–60 കിലോമീറ്റർ സഞ്ചരിച്ചാലെ ആശുപത്രി സൗകര്യങ്ങൾ ലഭിക്കയുള്ളു. മലേറിയ രോഗം സർവ്വസാധാരണമായതിനാൽ ഇതു നിമിത്തം മരിക്കുന്നവരുടെ എണ്ണവും അധികമാണ്. പ്രാഥമിക വിദ്യാഭ്യാസ സൗകര്യം പോലും ഇല്ല. പഠന സൗകര്യമില്ലാത്തതിനാൽ കുട്ടികൾ പലരും ആടുമാടുകളുടെ പിന്നാലെ അലഞ്ഞു തിരിയുകയാണ്. ചൂഷണത്തിനു ഇരയായ ഒരു കൂട്ടം ആളുകൾ.

ഈ പശ്ചാത്തലത്തിൽ ദക്ഷിണേന്ത്യയിൽ നിന്നുള്ള മിഷനറിമാർ അവരോടൊപ്പം താമസിച്ച് അവരുടെ ഭാഷ പഠിച്ച് സുവിശേഷം അറിയിച്ചതിന്റെ ഫലമായി അനേക ജീവിതങ്ങൾ യേശുവിനെ അറിയുന്നതിനു ഇടയായി. യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസ ജിവീതം നയിക്കുന്ന വിശ്വാസികളെ കാണുവാൻ സാധിച്ചു.

25.11.2025 ൽ തന്നെ ഞങ്ങൾ ചപ്പാണ്ടെ ബാല ഭവനം സന്ദർശിച്ചു. ആ ബാലഭവനത്തിന്റെ ചുമതല വഹിക്കുന്ന മിഷനറി ശ്രീ. ജോൺ ഹാരിഷ്, അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ഡെയ്സി ഹാരീഷ് എന്നിവരോടൊപ്പം പ്രാർത്ഥിക്കുകയും ഭക്ഷണം കഴിക്കയും ചെയ്തു. മാൾട്ടോ ജാതി സമൂഹത്തിലെ കുട്ടികളാണ് ഈ ബാലഭവനത്തിൽ താമസിച്ച് പഠിക്കുന്നത്. ഇവർക്കു സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം ദൈവവചനവും നൽകുന്നു. ഒരു ആദിവാസി കുട്ടിയെ സ്പോൺസർ ചെയ്യുന്നതിനായി മാസം തോറും നാം നൽകുന്ന 1200 വ്യർത്ഥമാകുന്നില്ല.

**രണ്ടാം ദിവസം** (26.11.2025) ഞങ്ങൾ ഗംങ്ങോ പാട ബാലിക ഭവനം സന്ദർശിച്ചു. അവിടെയുള്ള കുട്ടികൾ മാൾട്ടോ ജാതിയുടെ ആചാരപ്രകാരം ഞങ്ങളുടെ കാലുകൾ കഴുകി, തുടച്ചു, എണ്ണ പൂശി, മാലയിട്ടു ഞങ്ങളെ സ്വീകരിച്ചത് ഒരു പ്രത്യേക അനുഭവം ആയിരുന്നു. കുട്ടികൾ സ്തോത്ര ഗീതങ്ങൾ പാടി നൃത്തം ചെയ്തു ദൈവത്തെ സ്തുതിച്ചു. ബാലിക ഭവനത്തിനു നേതൃത്വം നൽകുന്ന കുമാരി. ഈവ്‌ലിൻ, ശ്രീമതി എസ്ഥേർ എന്നീവരുടെ ത്യാഗപൂർവ്വമായ സമർപ്പണത്തെ കണ്ടു ദൈവത്തെ മഹത്വപ്പെടുത്തി. തുടർന്നു ഞങ്ങൾ മാൾട്ടോ ജനതയുടെ വിടുതലിനായി കോതമ്പു മണിയായി ആ മണ്ണിൽ വീണ മിഷനറിമാരുടെ ശവകുടീരങ്ങൾ സന്ദർശിച്ചു. മസ്തിഷ്ക മലേറിയ ബാധിച്ചു മരണമടഞ്ഞ മിഷനറി ജയരാജ്, അദ്ദേഹത്തിന്റെ മകൻ ഡേവിഡ് ലിവിംങ്സ്റ്റൺ, FMPB യുടെ മുൻ ജനറൽ സെക്രട്ടറി പാട്രിക് യോശുവായുടെ മകൻ ജിം എലിയറ്റ്, സഹോദരി അനിത എന്നിവരുടെ കല്ലറകൾ ബർഹർവ സിഎൻഐ സഭയുടെ സെമിത്തേരിയിൽ ഞങ്ങൾ കണ്ടു. ഇവരുടെ ജീവത്യാഗത്തിന്റെ അനന്തരഫലമാണ് ഇന്ന് മാൾട്ടോ സന്താളി ജനതങ്ങളുടെ മദ്ധ്യെ കാണുന്ന ആത്മീക ഉണർവ്വ്. തുടർന്നു ഞങ്ങൾ പ്രേം ജ്യോതി ആശുപത്രി സന്ദർശിച്ച് അവിടെ പ്രവർത്തിക്കുന്ന ഡോക്ടറെയും സ്റ്റാഫിനെയും കണ്ടു അവിടുത്തെ പ്രവർത്തനം മനസ്സിലാക്കി. പിന്നീട് ഞങ്ങൾ രാജമഹാൾ പ്രൈമറി സ്കൂൾ സന്ദർശിച്ചു. ഗ്രാമത്തിലെ സ്കൂളുകൾക്കു വേണ്ടി പാഠ്യപദ്ധതി തയ്യാറാക്കുന്ന വിദ്യാഭ്യാസ വിദഗ്ദൻ ഡോ. ബൻ ജെ അന്ത്രയൊസുമായുള്ള കൂടിക്കാഴ്ച ഏറെ പ്രയോജനകരമായിരുന്നു. ആദിവാസി കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതിനൊപ്പം അവരെ ദൈവവിശ്വാസത്തിൽ പരിപോഷിപ്പിക്കുന്നതിനു അദ്ദേഹമേറ്റെടുത്ത ദൗത്യം ശ്ലാഘനിയമാണ്.

ഡാമ്നി ഗ്രാമീണ സഭ സന്ദർശിച്ചു വിശ്വാസികളോടൊപ്പം ആരാധനയിൽ പങ്കെടുക്കുകയും അവരോടൊപ്പം ഭക്ഷണം കഴിക്കയും ചെയ്തു. രാത്രിയിൽ ഞങ്ങൾ ബോടുവ ബാല ഭവനത്തിൽ എത്തി കുട്ടികളുമായും അവിടെ പ്രവർത്തിക്കുന്ന മിഷനറി ശ്രീ. സോൺമ്പുവും കുടുംബവുമായി കൂട്ടായ്മ ആചരിച്ചു. രാത്രിയിൽ അവിടെ വിശ്രമിച്ചു.

**മൂന്നാം ദിവസം** (27.11.2025) രാവിലെ സന്താൾ ഗ്രാമത്തിൽ പുതുതായി ആരംഭിച്ച സഭ സന്ദർശിച്ചു അവരോടു ചേർന്നു ദൈവത്തെ മഹത്വപ്പെടുത്തി. ഗ്രാമീണ ഭവനങ്ങൾ സന്ദർശിച്ചു. ലിറ്റിപാട മിഷൻ വയൽ സന്ദർശിച്ചു അവിടെ പ്രവർത്തിക്കുന്ന മിഷനറി റവ. എബനേസറിനോടും കുടുംബത്തോടും കൂടെ സമയം ചിലവഴിച്ചു. ആ മിഷൻ വയലിലെ പ്രവർത്തനങ്ങൾ അദ്ദേഹം വിശദീകരിച്ചു. തുടർന്നു ഞങ്ങൾ ഹിരൺപൂർ സിഎൻഐ സെമിത്തേരിയിലുള്ള ദേവദാസിന്റെ കല്ലറ സന്ദർശിച്ചു. മാൾട്ടോ ജനതക്കു വേണ്ടി ചുരുങ്ങിയ കാലയളവിൽ അദ്ദേഹം ചെയ്ത ശ്രേഷ്ഠമായ പ്രവർത്തനം മിഷനറിമാർ പങ്കുവെച്ചു.

വൈകുന്നേരം ചണ്ഡിക്കോള ഗ്രാമവും അവിടെയുള്ള സ്നേഹാലയ കമ്യൂണിറ്റി ആശുപത്രിയും സന്ദർശിച്ചു. അവിടെ പ്രവർത്തിക്കുന്ന ഡോ. വിൽസെറ്റ്, ഡോ. തോമസ് കുടുംബം എന്നിവരുമായി ചർച്ചകൾ നടത്തി. അവരുടെ സമർപ്പണത്തോടു കൂടിയ പ്രവർത്തനം വളരെ ആകർഷണിയമായിരുന്നു. ഡോക്ടറന്മാരുടെയും സ്റ്റാഫിന്റെയും അഭാവ മൂലം അവർ ഏറെ ക്ലേശിക്കുന്നു. ഛോട്ട ഗഗരിയിലുള്ള നേതൃത്വ പരിശീലന കേന്ദ്രം സന്ദർശിച്ചു. രാത്രിയിൽ അവിടെ വിശ്രമിച്ചു.

**നാലാം ദിവസം** (28.11.2025) പരിശീലന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മിഷനറി കുടുംബത്തോടും മറ്റുള്ളവരോടും ചേർന്നു പ്രഭാത ധ്യാനത്തിനും വേദപഠനത്തിനും ശേഷം ഗ്രാമത്തിലുള്ള സഭ സന്ദർശിച്ചു. അവരോടൊപ്പം ആരാധനയിൽ സംബന്ധിച്ചു ഭക്ഷണം കഴിച്ചു. തിരികെ പരിശീലന കേന്ദ്രത്തിൽ എത്തി. അവിടെ നിന്നു രാത്രിയിൽ കേരളത്തിലേക്കു ട്രെയിനിൽ യാത്ര തിരിച്ചു.

നവംബർ 30 ന് ഞങ്ങൾ തിരികെ എത്തി. യാത്ര ഉടനീളം കൂടെയിരുന്നു ക്ഷേമത്തോടെ ഞങ്ങളെ പരിപാലിക്കുകയും സുരക്ഷിതമായി മടക്കി വരുത്തുകയും ചെയ്ത ദൈവത്തിനു എല്ലാം മഹത്വവും അർപ്പിക്കുന്നു.

ഈ മിഷനറിമാരുടെ സമർപ്പണത്തോടു കൂടിയ പ്രവർത്തനത്തിൽ നമുക്കും പങ്കുചേരാം. ഇന്ത്യയുടെ സുവിശേഷീകരണം നമ്മുടെ ഉത്തരവാദിത്വമാണെന്ന ബോധ്യത്തോടു അവരോടൊപ്പം കരംകോർക്കാം. പ്രതികൂല സാഹചര്യത്തിൽ പ്രവർത്തിക്കുന്ന മിഷനറിമാർക്കു നമ്മുടെ പ്രാർത്ഥനയും സഹായങ്ങളും ഏറെ പ്രയോജനകരമാണ്. മിഷൻ വയൽ സന്ദർശിച്ചും മറ്റുള്ളവരോടു ഈ പ്രവർത്തനം പങ്കുവെച്ചും നമുക്കു ഈ മിഷനറി പ്രസ്ഥാനത്തിന്റെ കൂടെ നിൽക്കാം.

**ശ്രീമതി റെയ്ച്ചൽ**


# മിഷനറി ഇന്റർവ്യൂ

**ദൈവവിളി അനുസരിക്കുന്നവർക്ക് ...**
**ആത്മാക്കളെ നേടണമെന്ന ആത്മഭാരമുള്ളവർക്ക് ...**
**ഇതര സംസ്കാരങ്ങളിലുള്ളവരുടെ ഇടയിൽ പ്രവർത്തിക്കുവാൻ താൽപര്യമുള്ളവർക്ക് ....**

**കർത്താവായ യേശുക്രിസ്തുവിന്റെ മഹാനിയോഗം നിർവേറ്റുവാനുള്ള അപൂർവ്വ സന്ദർഭം**

**യോഗ്യത:** കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 12 -ാം ക്ലാസ്സ്

**പ്രായപരിധി:** അവിവാഹിതർ: 18 - 30 വയസ്സ്
വിവാഹിതർ: 35 വയസ്സു വരെ

**സ്ഥലം:** FRIENDS MISSIONARY PRAYER BAND, HQ: 29, High School Road, Ambattur, Chennai - 600 053

**തീയതി:** 2026 ഫെബ്രുവരി 21 ശനിയാഴ്ച **സമയം:** 8:00 AM

**കൂടുതൽ വിവരങ്ങൾക്ക്:-** 044-26570404 | 044-26574343 | 8073130527

## 1 ഫെബ്രുവരി

### ഞായർ

### ജന്മദിനാശംസകൾ

ബഞ്ചമിൻ ജ്യോതി,
അരോൺസിങ് നർസാരി,
ശങ്കർ എം, കാന്തി ദേവി ശിവശങ്കർ

## ജമ്മു

**ധാർ : ലുൻജലാൽ സൊാങ്താറ്റ് & മേരി നെങ്നെകിം**

ലക്ഷ്മിയും അവളുടെ കുടുംബവും സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. പരംശിവനല്ല ആലോചന സ്വീകരിച്ചതിനാൽ ആരാധന യോഗത്തിലും പ്രാർത്ഥനക്കൂട്ടത്തിലും ക്രമമായി പങ്കെടുക്കുന്നു. ദൈവത്തിന്റെ സമൃദ്ധമായ കൃപയാൽ എല്ലാ ക്രിസ്തുമസ് പ്രോഗ്രാമുകളും തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി നടത്തി.

ബിമൽ പ്രകാശ് ദൈവസ്നേഹത്താൽ സ്പർശിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ആലയത്തിനു മുമ്പിൽ മറ്റൊരു വിശ്വാസത്തിന്റെ ആരാധനാലയം ഉള്ളതു നിമിത്തം പുതിയ വിശ്വാസികളുടെ ആശങ്കയും ഭയവും മാറി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അവർ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ ദൈവവേല ചെയ്യുന്നതിനു സന്നദ്ധ പ്രവർത്തകർ എഴുന്നേല്ക്കേണതിനായി പ്രാർത്ഥിക്കുക. ഭർത്താവിന്റെ വേർപാട് നിമിത്തം ദുഃഖിക്കുന്ന പുതിയ വിശ്വാസി സരോജിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

## രാംനഗർ

**ജോൺ എസങ് & ലിബെനി ജാമി**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു സ്ഥലത്തു രോഗശാന്തി പ്രാർത്ഥന സംഘടിപ്പിച്ചു. മൂന്നു പ്രദേശങ്ങളിൽ കുട്ടികളുടെ വേദപഠന ക്ലാസ്സ് നടത്തി. താപാൽ ഗ്രാമത്തിൽ ക്രിസ്തുമസ് പ്രോഗ്രാം ഭംഗിയായി തടസ്സമില്ലാതെ നടത്തി. ദൈവത്തിന്റെ കൃപയാൽ നമ്മുടെ വിശ്വാസിയായ അശോകിനും കുടുംബത്തിനും വിദേശത്തു പോകുവാനുള്ള വിസ അവന്റെ മകന്റെ ശ്രമഫലമായി ലഭിച്ചു.

വേദപുസ്തകം കത്തിക്കുകയും കുടുംബത്തിൽ ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്ത രാജ്കുമാറിന്റെ ഭാര്യയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അവളുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. താപ്ലാൽ ഗ്രാമത്തിലെ സമീർ ജനസമൂഹത്തിലെ സജ്ജെജകുമാർ താൽപര്യപൂർവ്വം സുവിശേഷം ശ്രവിക്കുന്നു. അവൻ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാംനഗറിൽ ആരാധന യോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളുടെ കണ്ണിനു മുമ്പിൽ ജീവിക്കുന്ന നമ്മുടെ മിഷനറിക്കും കുടുംബത്തിനും ദൈവീക സംരക്ഷണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാംനഗർ താലൂക്കിലുള്ള എല്ലാവരും ദൈവസ്നേഹം അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ നിലനിൽക്കുന്ന സുവിശേഷ വിരോധം ദൈവഹിത പ്രകാരം ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

## 2
## ഫെബ്രുവരി
### തിങ്കൾ

### ജന്മദിനാശംസകൾ

വസന്ത റാണി ജോർജ്, റോസില മോസഹാരി, ജോയ്സ് ശോഭന ജെ മർക്കൂസ് മാൾട്ടോ ആർ, മാനിനി ബബർത്ത ജോസഫ് കൃപാകരൻ എസ്

## ഹിമാചൽ പ്രദേശ്

### കർസോങ്

**പവൻകുമാർ & പ്രഭാഷിണി ദേവി**

ഒരു പ്രാർത്ഥനാലയം നിർമ്മിക്കുവാൻ സുനിൽ തന്റെ വസ്തു ദാനമായി നൽകി. രക്തസ്രാവത്തിൽ നിന്നും സപ്നയെ കർത്താവ് വിടുവിച്ചു. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ ശാന്തറാമിനെ ശസ്ത്രക്രീയ ഇല്ലാതെ ദൈവം സൗഖ്യമാക്കി. ദൈവകൃപയാൽ വിശ്വാസികൾ ഒരുമനസ്സോടെ നിലനിൽക്കുന്നു.

സ്വപ്നയുടെ മകൻ ആശിഷിനെ ചെവി വേദനയിൽ നിന്നും തൊണ്ടക്കുണ്ടായ നീർക്കെട്ടിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രീതിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. സിനിതയുടെ മകൻ ഡാക്സ് ഉദരവേദനയിൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാത്രിയിൽ പേടി സ്വപ്നം കാണുന്ന കേശിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. ബാസന്തപൂറിൽ വിഘ്നങ്ങളില്ലാതെ വേഗത്തിൽ പ്രാർത്ഥനാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകനായ സന്ദീപിനെ കർത്താവ് ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആശുപത്രിയിൽ ചികിത്സയിൽ ആയിരിക്കുന്ന സിത്തേന്ദ്ര (നമ്മുടെ മിഷനറിയുടെ സഹോദരൻ) വേഗത്തിൽ പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പഞ്ചാബ്

**ബത്തിണ്ട : സജ്ജീപ് ആനന്ദ് & പ്രസ്തുതബാതി പാനി**

ഏഴു സ്ഥലത്തു ക്രിസ്തുമസ് പ്രോഗ്രാം സംഘടിപ്പിച്ചു. അപകടത്തിൽ ഇടുപ്പിൽ പരുക്കു പറ്റിയ ബാന്ധാസിങ്ങിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നും രാമൻ കൗർ വിടുതൽ പ്രാപിച്ചു. ഹൃദയ സംബന്ധമായ രോഗത്താലും ആസ്മയാലും കഷ്ടപ്പെട്ട ഇക്ബാൽ സിങ്ങിനെ കർത്താവ് സൗഖ്യമാക്കി.

ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള പ്രാദേശിക സുവിശേഷകരെ ദൈവം എഴുന്നേല്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ കൈകൾക്കും, മുട്ടിനും നട്ടെല്ലിനും പൊട്ടലുണ്ടായ ബാന്ധാ സിങ്ങിനെ കർത്താവ് കൃപ തോന്നി സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ ജോരാവർ, ഗോപി, സാജൻ, പാഗി, ഗഗൻദീപ് എന്നിവർ സജീവമായി ആരാധനയിൽ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജസ്വീർ സിങ്, ജീവൻ സിങ്, ഭർഹാത് സിങ് എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. സന്ദീപ്, കുൽദീപ്, ഇന്ദിരേശ്, രാധെശ്യാം എന്നിവർ മദ്യാസക്തിയിൽ നിന്നും പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**3**
**ഫെബ്രുവരി**
**ചൊവ്വ**

## ജന്മദിനാശംസകൾ

മുരുകമ്മാൾ @ എസ്ഥേർ

**സങ്കരൂർ : ജിമ്പാൽ ദിലിപ് ഭായ് & ബിരാരി റിത്താബൻ**

രണ്ടു വയസ്സുള്ള ബാലൻ കെട്ടിടത്തിന്റെ മുകളിലേക്കുള്ള ചവിട്ടു പടിയിൽ നിന്നു താഴെ വീണു ബോധം നഷ്ടപ്പെട്ടു. സഭാമൂപ്പന്റെ പ്രാർത്ഥനയാൽ ദൈവം സൗഖ്യം നൽകി. മൂന്നു സ്ഥലത്തു ക്രിസ്തുമസ് പ്രോഗ്രാം ഭംഗിയായി നടത്തി. ഗഗൻ, സെങ്കി എന്നീ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. ശൈത്യകാല കെടുതികളിൽ നിന്നു ദൈവം മിഷനറിമാരെയും വിശ്വാസികളെയും സുരക്ഷിതമായി പരിപാലിച്ചു.

ക്രിസ്തുമസ്സ് പ്രോഗ്രാമിലൂടെ സുവിശേഷം ശ്രവിച്ചവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടുംബത്തെ ആരാധനയിൽ വിടാതെ തടയുന്ന ഗിരിഷൻ പശ്ചാത്തപത്തോടെ ദൈവസന്നിധിയിൽ വരേണ്ടതിനായി പ്രാർത്ഥിക്കുക. റജിനി കൗർ, ബർണീത്, ഗുരുവെന്ദീർ സിങ്, രാഹുൽ, പരൺജിത് കൗർ എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ആസ്മ രോഗത്താൽ വലയുന്ന ഭക്തറാമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നേഹ കാജൽ, പ്രീത് കൗർ എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

# ഉത്തർഖാണ്ഡ്

## മാൽധാൻചൗർ

**ശിശു പാൽ & അനിത**

ഒരു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. ജീവന്റെ കുടുംബത്തിൽ ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. കാലിദാസ്, ധരംഭായ്, ബാൻവാരി ലാൽ എന്നിവർക്കു ഒരു കമ്പനിയിൽ ജോലി ലഭിച്ചു.

സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം ഏറെ ഫലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. റാംനഗറിലെ ശുശ്രൂഷ വിപുലീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും അസ്ഥ, ശാരദ, പ്രതാപ് സിങ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### രക്ഷ കർത്താവിനുള്ളതാകുന്നു

ഉത്തർഖാണ്ഡിലെ ബാസ്പൂർ മിഷൻ വയിലുള്ള പന്നക്കാദ ഗ്രാമത്തിലെ ലക്ഷ്മി ദേവി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിശ്വാസ പ്രഖ്യാപനം നടത്തി. ഇതിൽ കേപിഷ്ഠയായ അമ്മ അവളെ ഭവനത്തിൽ നിന്നും ഇറക്കി വിട്ടു. ആ ദിവസം മുതൽ അവളുടെ അമ്മ രോഗിയായി. വിവിധ ചികിത്സകൾ ചെയ്തിട്ടും ഒന്നും പ്രയോജനപ്പെട്ടില്ല. സ്ഥിതി മോശമായി. ഒടുവിൽ നമ്മുടെ മിഷനറിയെയും കുടുംബത്തെയും വിളിച്ചു അവൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. പ്രാർത്ഥനയാൽ ദൈവം അവൾക്കു പൂർണ്ണ സൗഖ്യം നൽകി. ഇപ്പോൾ അവളുടെ കുടുംബത്തിൽ ഉള്ള എല്ലാവരും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അവർ ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ഹല്ലെലൂയ്യ!

**4**
**ഫെബ്രുവരി**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ജപകുമാർ പി

**ബാസ്പൂർ : ക്രിസ്റ്റ്യൻ പ്രകാശ് & കോകാനി സുമിത്രബൻ**

മായാദേവി, റാമ്പോലി എന്നിവർ പുല്ലു വെട്ടുന്ന വേളയിൽ കണ്ണിൽ അണുബാധയുണ്ടായി. പ്രാർത്ഥനയിലൂടെ അവർ സൗഖ്യം പ്രാപിച്ചു. ഇരട്ടകുട്ടികളായ റിതി, നിതിക് എന്നിവരെ ന്യൂമോണിയായിൽ നിന്നും കർത്താവ് സൗഖ്യമാക്കി. തലച്ചോറു സംബന്ധമായ രോഗത്താൽ അനേക നാളുകളായി കഷ്ടപ്പെട്ട രേശ്മയെ കർത്താവ് സൗഖ്യമാക്കി. പട്ടിയുടെ കടിയേറ്റ സുന്ദർലാലിനെ ദൈവം സൗഖ്യമാക്കി.

വിശ്വാസികളായ മനു, ശിവാനി എന്നിവർക്കു അനുയോജ്യമായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബന്നാക്കട ഗ്രാമത്തിലെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു വിശ്വാസികളെ അനുവദിക്കാത്ത മത മൗലീക വാദികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മക്കളില്ലാതെ ഭാരപ്പെട്ട ബൻസോ കൗർ തന്റെ ബന്ധുവായ ജഗദീപ് കൗറിന്റെ മകളെ ദത്തെടുത്തു. അവൾ വളർന്നു വന്നപ്പോൾ ഈ സത്യം മനസ്സിലാക്കി. അതുൾക്കൊള്ളുവാൻ കഴിയാതെ അവൾ തന്റെ ജീവിതം നശിപ്പിക്കുന്നു. ഇത് അവളെ മകളെപ്പോലെ കരുതിയവരെ വേദനിപ്പിക്കുന്നു. ദൈവം അവളുടെ ഹൃദയത്തിൽ മാനസാന്തരം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

# ഹരിയാന

## ഫത്തെബാദ്

**ഡേവിഡ് എസ് & ജപ ഗ്രേസ്**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസികളുടെ ഗണത്തിലായി. അഞ്ചു പ്രദേശത്തു ക്രിസ്തുമസ്സ് പ്രോഗ്രാം ശാന്തമായ അന്തരീക്ഷത്തിൽ നടത്തി. തൊണ്ടക്കുണ്ടായ അണുബാധയിൽ നിന്നും ചുമയിൽ നിന്നും കരൺജിത് സുഖം പ്രാപിച്ചു. ബീഹാറിൽ നിന്നും വന്ന കുടിയേറ്റ തൊഴിലാളിയായ സരസ്വതി ഗർഭിണിയായി. സ്കാൻ ചെയ്യുവാൻ ആശുപത്രിയിൽ ചെന്നപ്പോൾ ആധാർകാർഡില്ലാത്തതിനാൽ നിരസിച്ചു. വിശ്വാസികളുടെ പ്രാർത്ഥന പൂർവ്വമായ ഇടപെടലിനെ തുടർന്നു അവളെ ചികിത്സിക്കുവാൻ ആശുപത്രി തയ്യാറായി. ഇത് അവൾക്കു വലിയ ആശ്വാസമായി.

പക്ഷാഘാതത്താൽ വലയുന്ന സൻസഹാറിന്റെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹിസറാവൻ കാലൻസ ബട്ടിയ കോളനി, കസാമ്പി, ജാംസോൾ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സരോജ്, ബബിത, രാജേന്ദ്രൻ എന്നിവരുടെ കുടുംബ പ്രശ്നം പരിഹരിക്കപ്പെട്ടു ജീവിതത്തിൽ സമാധാനം അനുഭവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജിത്തു, ദീന എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പട്ലിദബാർ, ദരിയാപൂർ, ഡിങ്മാണി എന്നീ ഗ്രാമങ്ങളിൽ നിന്നു അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറി ജപ ഗ്രേസിന്റെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

**5**
**ഫെബ്രുവരി**
**വ്യാഴം**

### ജന്മദിനാശംസകൾ

അർപ്പുതം സെൽവി,
ദൈവനായകം ശമുവേൽ,
അനുഗാമി എക്ക

### പെഹോവ : ഭോർസാത് ബാബുഭായ് & യാദവ് സരസ്വതി ബഹൻ

നടക്കുവാൻ കഴിയാതെ ഭാരപ്പെട്ട ഏഴു വയസ്സുള്ള എലിസയെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി. ഷക്കിൽ, അഭിഷേക് എന്നിവർക്കു നല്ല ജോലി ലഭിച്ചു. ആറു സ്ഥലത്തു ക്രിസ്തുമസ്സ് പ്രോഗ്രാം തടസ്സമില്ലാതെ നടത്തി. അനേകർ ഈ പ്രോഗ്രാമിൽ സംബന്ധിച്ചു സുവിശേഷം ശ്രവിച്ചു.

സോനി ലാസോ ലക്ഷ്മി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. കാജോളിന്റെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഗേറ്റ് മുകളിൽ വീണതിനാൽ നട്ടെല്ലിനു ക്ഷതം സംഭവിച്ച സഭാമൂപ്പൻ പരംജിത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പഞ്ചാബി, കാത്രി, ബനിയ എന്നീ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ സുവിശേഷം അറിയിക്കുവാൻ തുറന്ന വതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ധനിയ, സുൽത്താനിയ, കാർക്ക എന്നീ ഗ്രാമങ്ങളിലുള്ള ജനങ്ങൾ ദൈവസ്നേഹത്താൽ സ്പർശിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### ജീവൻ നഗർ : ഏലിയാക്കിം ജന & ദീപിക രേഖ പാനി

പോലിസുദ്യോഗസ്ഥരുടെ സഹായത്തോടെ മാന്ദിദബല്ലി മേഖലയിലെ ക്രിസ്തുമസ് പ്രോഗ്രാം വിജയകരമായി നടത്തി. ഗുമ്ഹാർ, പാൽമിഗി, നായക്, മജ്ബിസിങ്, പജിഗാരർ, സാമർ, ഓട് രജപുട് എന്നീ ജാതി സമൂഹങ്ങളുടെ ഇടയിൽ സുവിശേഷ വേലക്കുള്ള വാതിൽ തുറക്കപ്പെട്ടതിനായി ദൈവത്തെ സ്തുതിക്കാം. അധരത്തിൽ കാൻസർ ബാധിച്ച സമാർ ജാതി സമൂഹത്തിലുള്ള ജാഷ സിങിനെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി.

പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന രബിന്ദറിന്റെ കുടുംബത്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിലായിരിക്കുന്ന കാന്തയുടെ വിടുതലിനായി പ്രാർത്ഥിക്കുക. വിശ്വാസികൾക്കായി നടത്തിയ ആത്മീക പരിശീലനം അധിക ഓഫലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറി ദീപിക ജന ക്ഷയ രോഗത്തിന്റെ ചികിത്സയിലാണ്, സമ്പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ദൈവത്താൽ സകലതും സാദ്ധ്യം

ഗുജറാത്തിൽ മോസ്ദ മിഷൻ വയലിൽ മറ്റൊരു വിശ്വാസ സമൂഹം അഞ്ചു ദിവസത്തെ കോൺഫ്രൻസ് ക്രമീകരിച്ചു. അതിനാവശ്യമായ പന്തലിന്റെ പണി വേഗത്തിൽ നടത്തുകയായിരുന്നു. ആ സമയത്തു അതു വഴി പോയ നമ്മുടെ സഭാമൂപ്പൻ ഈ വാർത്ത കേട്ടു ഈ യോഗത്തെ ദൈവം തടയേണ്ടതിനു തീവ്രമായി പ്രാർത്ഥിച്ചു. യോഗം ക്രമീകരിച്ചതിന്റെ തലേ ദിവസം ശക്തമായ കാറ്റും മഴയും വന്നു. പന്തലിന്റെ തൂണിനു നാശം സംഭവിച്ചു വിശാലമായി നിർമ്മിച്ച പന്തൽ തകർന്നു. ഇതിനെ തുടർന്നു അവർക്കു യോഗം നടത്തുവാൻ കഴിയാതെ ആ പ്രോഗ്രാം റദ്ദു ചെയ്തു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

**6**
**ഫെബ്രുവരി**
**വെള്ളി**

## ജന്മദിനാശംസകൾ

പാട്രിസിയ തമിഴ് സെൽവി
ഹമോം നാബ സിങ്

## രാജസ്ഥാൻ

### ഖേർവാദ

**കിനോസ് സ്റ്റാൻലി & ഇമ്പരാജ്**

രണ്ടു കാലിലും രക്തം കട്ട പിടിച്ചതിനെ തുടർന്നു നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്ന പ്രേമിനോടു കൃപ തോന്നി കർത്താവ് സൗഖ്യമാക്കി. പേടി സ്വപ്നം കണ്ടു രാത്രിയിൽ ഉറങ്ങുവാൻ കഴിയാതെ കഷ്ടപ്പെടുന്ന കൈലാശ് ഭായിയെ കർത്താവ് സൗഖ്യമാക്കി. പ്രാർത്ഥന യാൽ അവന്റെ ജീവിതത്തിൽ സമാ ധാനം സ്ഥാപിതമായി. അപസ്മാരത്തിൽ നിന്നും സുശീലയും ഹൃദയ സംബ ന്ധമായ രോഗത്തിൽ നിന്നു നിഷ് ബന്നും എയ്ഡ്സ് രോഗിയായ കൈലേശ് ഭായിയും പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ട തിനായി പ്രാർത്ഥിക്കുക. പൈശാ ചിക പോരാട്ടത്താൽ അടിക്കടി രോഗി യാകുന്ന കാലുഭായി പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. അയാളുടെ വരണ്ടു പോയ കുഴൽ കിണർ പ്രാർത്ഥനയുടെ ഫലമായി വീണ്ടും അതിൽ നിന്നു ജലം ലഭിക്കുവാൻ തുടങ്ങി.

മരണശയ്യയിലായിരുന്ന പാർവ്വതി ബന്നിനെയും നടക്കുവാൻ കഴിയാതെ ബുദ്ധിമുട്ടുന്ന മുന്ന ബന്നിനെ യും കർത്താവ് സൗഖ്യമാക്കേണ്ടതി നായി പ്രാർത്ഥിക്കുക. കഴുത്തിൽ നീർ വീക്കമുണ്ടായ വാലി ബന്നിനെയും പൈ ശാചിക ബന്ധനത്താൽ സംസാര ശേഷി നഷ്ടപ്പെട്ട ലീല ബന്നിനെയും കർത്താവ് സൗഖ്യമക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളുടെ പീഡനം നിമിത്തം നവക്കാദ മേഖലയിലുള്ള വിശ്വാസികൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു ഭയപ്പെടുന്നു. പരിശുദ്ധാത്മാവിൽ അവർ ബല പ്പെട്ടു വിശ്വാസത്തിൽ ഉറെച്ചു നിൽ ക്കേണ്ടതിനായി പ്രാർത്ഥിക്കുക. റീന ബൻ, നിർമ്മ ബൻ, ഹാജി ബൻ എന്നി വർക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥി ക്കുക. ലക്ഷ്മണൻ ഭായ്, അനിൽ ഭായ് എന്നിവർ കടഭാരത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ജയാളിയായ രാജാവ്

ജമ്മു കാശ്മീരിലെ റാംനഗർ പ്രദേശ ത്തു പ്രവർത്തിക്കുന്ന നമ്മുടെ മിഷനറി ജോൺ എസങ്ങിന്റെ കുടുംബം ഡിസംബർ മാസത്തിൽ വിവിധ രോഗ ത്താൽ ഭാരപ്പെട്ടു. ക്രിസ്തുവിനെ കുറിച്ചു കേട്ടിട്ടില്ലാത്ത തപ്പിനാൽ ഗ്രാമ ത്തിൽ ക്രിസ്തുമസ്സ് പ്രോഗ്രാം നടത്തു വാൻ അവർ പദ്ധതിയിട്ടു. അവർ ഓരോ ഗ്രാമത്തിലും ചെന്നു ആളുകളെ ക്ഷണിച്ചു. ഡിസംബർ 22 ന് മിഷനറി യുടെ മുഖത്തു തളർച്ചയുണ്ടായി വളരെ ക്ഷീണിതനായി. ഇത് ക്രിസ്തുമസ് പ്രോഗ്രാമിനെതിരെയുള്ള പിശാചിന്റെ തന്ത്രമാണെന്നു തിരിച്ചറിഞ്ഞ മിഷനറി പ്രാർത്ഥനയോടെ ക്രമീകരിച്ചതു പോലെ ക്രിസ്തുമസ് പ്രോഗ്രാം നടത്തി. 30 പേരെ പ്രതീക്ഷിച്ചിടത്ത് 100 പേർ സംബന്ധിച്ച് സുവിശേഷം ശ്രവിച്ചു. ദൈവത്തിനു മഹത്വം! ഇപ്പോൾ മിഷനറി ചികിത്സക്കു വിധേയനാകുന്നു. പൂർണ്ണ സൗഖ്യത്തി നായി പ്രാർത്ഥിക്കുക.

**7**
**ഫെബ്രുവരി**
**ശനി**

### ജന്മദിനാശംസകൾ

ദുരൈസ്വാമി കെ ഫ്രാൻസിസ്,
പ്രശാന്ത് മീശല, പത്മാവതി നായക്
ധനപുഷ്പം വി, ഹെലൻ മറിയാം ആർ

## ഡൽഹി

### പട്പർഗഞ്ച്

**ജോൺ ഡേവിഡ്സൺ & എസ്ഥേർ**

കല്യായൺ പുരി റീജിയനിൽ നടത്തി പുതുവത്സര ആരാധനയിൽ പ്രാദേശിക കൗൺസിലറും മറ്റു 70 പേരും സംബന്ധിച്ചു ജീവിതത്തിൽ ആദ്യമായി സുവിശേഷം ശ്രവിച്ചു. എയ്ഡ്സ് രോഗബാധിതരായ രക്ഷിതാക്കളും അവരുടെ മക്കളും ദൈവകൃപയാൽ സുവാർത്ത യോഗത്തിൽ സംബന്ധിച്ചു. കഴിഞ്ഞ വർഷം നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്മകൾക്കും സ്തോത്രം അർപ്പിച്ചു കൊണ്ട് വിശ്വാസികൾ ഒരു ദിവസം ഉപവാസിച്ച് പ്രാർത്ഥിച്ചു.

കല്യായൺപുരി ഗ്രാമത്തിൽ കുട്ടികളുടെ ബൈബിൾ ക്ലബ് ആരംഭിച്ചു. പിഡനം അഭിമുഖീകരിക്കുന്ന സജ്ജൻനഗർ മേഖലയിലെ വിശ്വാസികൾ നിരാശപ്പെട്ടു പോകാതെ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭപാത്രത്തിലുണ്ടായ ട്യൂമറിനാൽ കഷ്ടപ്പെടുന്ന സുമന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സണ്ണി വിൽസൺ, മാധി ലഗാൻ എന്നിവർ രക്ഷയുടെ സന്തോഷം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

### പൊക്കറായൻ

**ശാന്ത കുമാർ & ജിൻസി**

പൊക്കറായൻ, ദേവിപൂർ, ബർഗാവ, മാൻസ, പരോരെ, കിരിയാൻപൂർ ബിപ്രി എന്നീ ഗ്രാമങ്ങളിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിൽ വിശ്വാസികളുടെ കൂടെ നൂറു കണക്കിനു പ്രാദേശികരും സംബന്ധിച്ചു. പോലിസ് സേനയിൽ നിന്നുള്ളവർ, ഗ്രാമത്തലന്മാർ, വക്കിലന്മാർ, സമൂഹത്തിലെ പ്രമുഖരായ നേതാക്കന്മാർ തുടങ്ങി നാം ക്ഷണിച്ച അനേക വിശിഷ്ഠാതിഥികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു. ക്രിസ്തുമസ് ആഘോഷം വിജയകരമാക്കുന്നതിനായി പൊക്കറായൻ പ്രാദേശിക ഭരണ സമിതി പൊക്കറായൻ ദൈവാലയത്തിലേക്കു റോഡു നിർമ്മിച്ചു നൽകി. എല്ലാ സഭകളിലും ക്രിസ്തുമസ്സ് പ്രോഗ്രാം തടസ്സമൊന്നുമില്ലാതെ അനുഗ്രഹകരമായി നടത്തി.

ദേവി പൂർ ഗ്രാമത്തിൽ നിന്നും കാണാതെ പോയ ശമുവേൽ സുരക്ഷിതനായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും CCTV ക്യാമറ സ്ഥാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷൻ വയലിലുള്ള ജീപ്പ് അറ്റകുറ്റ പണി പൂർത്തീകരിച്ച് സുവിശേഷീകരണ പ്രവർത്തനത്തിനു ഉപയോഗ സജ്ജമാകേണ്ടതിനായി പ്രാർത്ഥിക്കുക. പൊക്കറായൻ, കിരിയാപൂർ എന്നീ മിഷൻ വയലിലെ ചൈൽഡ് ഡവലപ്പ്മെന്റ് കേന്ദ്രത്തിൽ ചേർന്ന കുട്ടികളുടെ കുട്ടികൾ പഠനത്തിൽ മികവ് പുലർത്തേണ്ടതിനും ആത്മീകമായി വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. സഭാമുപ്പന്മാരുടെയും പ്രദേശിക സുവിശേഷകരുടെ പരിശീലന പ്രോഗ്രാമുകളുടെ വിജയത്തിനായി പ്രാർത്ഥിക്കുക.

## 8 ഫെബ്രുവരി
### ഞായർ

### ജന്മദിനാശംസകൾ

സിബി സെൽവിൻ സാം
ഗവിത് സുനിതബെൻ റാഷിയബായി
രേഖ ചാമ്പിയ

**സിക്കന്ദ്ര : വസാവ പച്ചിയ ഭായ് & വസാവ സവിതബെൻ**

പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്ന പുതിയ സ്നേഹിതയായ മമത മാനസിക രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു. രണ്ടു സ്ഥലത്തു തടസ്സങ്ങളില്ലാതെ ക്രിസ്തുമസ് പ്രോഗ്രാം നടത്തി. ആറു വയസ്സുള്ള ബാലൻ പരംദേവിന്റെ ശസ്ത്രക്രീയ വിജയകരമായിരുന്നു. വിശ്വാസികൾ തങ്ങളുടെ ഗ്രാമങ്ങളിൽ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മതപരിവർത്തന നിരോധന നിയമം വിശ്വാസികളുടെ ജീവിതത്തെ മോശമായി ബാധിക്കാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്വാതി, കുട്ടി, ഊനം, പൂജ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും വിശ്വാസികളും ഫലപ്രദമായി സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. രാഗവേന്ദ്ര, ഹിമൻഷോ, ദീക്ഷ, ശിവാനി, സ്നേഹ എന്നിവർക്കു അനുയോജ്യരായ, ദൈവഭക്തരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വ്യക്തിഗത സുവിശേഷീകരണത്തിലൂടെ അനേകർ ക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിഞ്ഞു.

## മദ്ധ്യപ്രദേശ്

### ഖാൽവ/ ഖാന്ദുവ

**ഐസക്ക് ആർ & സീത**

17 ഗ്രാമങ്ങളിൽ ക്രമീകരിച്ച ക്രിസ്തുമസ് പ്രോഗ്രാമിലൂടെ അനേകർ സുവിശേഷം ശ്രവിച്ചു. മൂന്നു വർഷമായി ക്ഷയ രോഗത്താൽ കഷ്ടപ്പെടുകയായിരുന്ന ദിലീപ് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനെ തുടർന്നു സൗഖ്യം പ്രാപിച്ചു. വിശ്വാസത്തിനെതിരായുള്ള പീഡനങ്ങൾ സഹിച്ചുകൊണ്ട് ആറു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ഗർഭപാത്രത്തിലെ നീർക്കെട്ടിൽ നിന്നും പ്രമീള സുഖം പ്രാപിച്ചു.

കഴിഞ്ഞ മൂന്നു മാസമായി സുവിശേഷത്തെയും സുവിശേഷകരെയും എതിർക്കുകയും ശുശ്രൂഷക്കു തടസ്സം നിൽക്കുകയും ചെയ്യുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ വലയുന്ന മിസ്രിമാജിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മൂന്നു വർഷത്തിലധികമായി ഒരു പൈതലിനു വേണ്ടി പ്രാർത്ഥനയോടെ കാത്തിരിക്കുന്ന സുമതിക്കു കുഞ്ഞ് ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നു രാംചന്ദ്, ഗുലാബ്, മങ്കൾ, സോമ എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. കൃഷിയിടത്തിൽ നല്ല വിളവ് ലഭിക്കാത്തതിനാലും കന്നുകാലികളിൽ നിന്നും ഫലം ലഭിക്കാത്തതിനാലും വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നമ്മുടെ വിശ്വാസി അമർസിങ്ങിന്റെ കുടുംബത്തോടു കരുണതോന്നി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 9 ഫെബ്രുവരി
### തിങ്കൾ

### ജന്മദിനാശംസകൾ

ജക്കിനത് ജോയന്ന ഗോവദ
ദീന കുമാരി ബബർത്ത
ദുർഗ ദേവി @ രൂത്തു മേരി

### ഗുണ

**സതീഷ റ്റി & ശർമ്മിള എ**

നടക്കുവാൻ കഴിയാതെ ബുദ്ധി മുട്ടിയ തുക്രാം ബരേലയ്ക്കായി സുവിശേഷ പ്രവർത്തകർ ഒത്തു ചേർന്നു പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം അദ്ദേഹത്തെ സൗഖ്യമാക്കി. കൃഷ്ണ ബരേലയുടെ കാഴ്ച ശക്തി പ്രാർത്ഥന യാൽ തിരികെ ലഭിച്ചു. ലുക്കർപുര ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. സന്നദ്ധ സുവിശേഷകരായി നമ്മോടു ചേർന്ന അമാച്ചിയ ബരേല, മൊക്കം സിങ് എന്നിവർ വിശ്വസ്തതയോടെ കർത്താവിനെ സേവിക്കേണ്ണതിനും ദൈവം അവരെ ഉപയോഗിക്കേണ്ണതിനു മായി പ്രാർത്ഥിക്കുക. ആത്മീക യോഗത്തിൽ പങ്കെടുത്ത കെപി ബ രേല പാപത്തെ ഏറ്റു പറഞ്ഞ് പശ്ചാ ത്തപിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൈഗ്രേൻ തലവേദനയിൽ നിന്നും നിലേഷ് ബ രേല സൗഖ്യം പ്രാപിച്ചു.

പുതിയ വിശ്വാസികൾ ക്രിസ്തു യേശുവിൽ വേരൂന്നി വളരേണ്ട തിനായി പ്രാർത്ഥിക്കുക. വിശ്വാസികളെ ഭീഷണിപ്പെടുത്തുന്ന മന്ത്രവാദിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ കുടുംബത്തെ അവ ഗണിക്കുന്ന ജോക് ബരേല മാന സാന്തരപ്പെട്ടു ദൈവസന്നിധിയിൽ വരേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്ന സപ്പത് ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കട്ടി ഗ്രാമത്തിൽ സുവിശേഷത്തെ എതിർക്കുകയും വിശ്വാസികളെ ഉപദ്ര വിക്കുകയും ചെയ്യുന്നവർ കർത്താവിന്റെ സ്നേഹം അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലെ ദൈവാലയങ്ങൾ തകർക്കുവാൻ പദ്ധതിയിടുന്ന സുവിശേഷ വിരോധി കളോടു കർത്താവ് ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക.

### ധാർ

**സന്തു മാറാണ്ടി & രാഖി മാർദി**

പുതിയ വിശ്വാസിയായ രാംദി ഭായിയുടെ അത്മാർത്ഥമായ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 23 പുതിയ വ്യക്തികൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. അമലിജീമ, നയപുര എന്നീ ഗ്രാമങ്ങളിൽ നടത്തിയ ജീസസ് ഫിലിം പ്രദർശനം പ്രയോജനകരമായി. അഞ്ചു സ്ഥലത്തു തടസ്സങ്ങളില്ലാതെ രാത്രി യോഗം നടത്തി. എല്ലാ വിശ്വാസികളും കുടുംബ മായി പുതുവത്സര ആരാധനയിൽ സംബന്ധിച്ചു.

നമ്മുടെ വിശ്വാസികൾ ധൈര്യ പൂർവ്വം സുവിശേഷം പ്രഘോ ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൈലാശ്, ജാമനിയ എന്നിവർ കുടുംബ മായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരളിൽ കാൻസർ ബാധിച്ച കഴി ചികിത്സക്കായി മാസം തോറും 18000 രൂപ ചിലവഴിക്കുന്നു. ദൈവം അവൾക്കു പരിപൂർണ്ണ സൗഖ്യം നൽകേണ്ടതി നായി പ്രാർത്ഥിക്കുക. ബക്കിരന്ത്, പരമാനന്ദ് എന്നിവർ മദ്യാസക്തിയിൽ നിന്നും വിടതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 10 ഫെബ്രുവരി ചൊവ്വ

### ജന്മദിനാശംസകൾ

സോളമൻ എ

### അസം

### ഗോഗുമുക്ക് / ദക്കുവക്കാന

**ഡെൻസിങ് ആർ & ജാസ്മിൻ കവിത**

ഉപവാസപ്രാർത്ഥനയിൽ പങ്കെടുത്തു ആത്മാർത്ഥമായി പ്രാർത്ഥിച്ച പുതിയ വിശ്വാസിയായ നിരോജയെ കർത്താവ് അനുഗ്രഹിച്ചു. അവൾക്കു അപ്പെൻഡിസൈറ്റിസിൽ സൗഖ്യം ലഭിച്ചതിനൊപ്പം നല്ല ഒരു ജോലി കിട്ടുകയും ചെയ്തു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും കാലിൽ ഉണ്ടായ നീർവീക്കത്തിൽ നിന്നും പ്രാർത്ഥനയുടെ ഉത്തരമായി കിയാൻജ്യോതിയെ കർത്താവ് സൗഖ്യമാക്കി. നമ്മുടെ വിശ്വാസി ബോർദമല്ലിയുടെ മകൾക്കു ചെന്നൈ ലോ കോളജിൽ സ്കോളർഷിപ്പോടെ പഠിക്കുവാൻ അവസരം ലഭിച്ചു. സുവിശേഷ വിരോധികൾ ക്രിസ്തുമസ് കാലത്ത് നമ്മുടെ പ്രവർത്തനത്തെയും പ്രോഗ്രാമിനെയും തടയുവാൻ പദ്ധതിയിട്ടെങ്കിലും ദൈവം നമ്മുടെ മിഷനറിമാരെയും സുവിശേഷകരെയും വിശ്വാസികളെയും സുരക്ഷിതമായി പരിപാലിച്ചു.

കഠിനമായ ഉദര വേദനയിൽ നിന്നും ഭീതിയിൽ നിന്നും രാഹുൽ പെഗു, ബേബി മില്ലി എന്നിവരെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാരത്തിൽ നിന്നും ഉദര സംബന്ധമായ പ്രയാസത്തിൽ നിന്നും ലങ്കേശ്വരി, ജയ ദൈത്ത് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നൈക്കാലി സുക്രാങിനു തലമുറയെ നൽകി ദൈവം അനുഗ്രഹിച്ചു. നിർമ്മല ഡോലെ, അനിത പെഗു എന്നവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക പൈശാചിക ബന്ധനത്തിൽ നിന്നും മുക്ത ഡോലെ പരിപൂർണ്ണ സൗഖ്യം പ്രാപിച്ചു. ജാംജിങ്, ന്യൂ ടെക, തെക്ബാം, സിമോൻസബാരി, പൈകുന്ദൂർ, ലക്കിപുതാർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മജുലി

**എലിയ ചന്ദ്രൻ & എമി ആനന്ദി**

പുഷ്പ മില്ലി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സംഘടിപ്പിച്ച ക്രിസ്തുമസ് പ്രോഗ്രാമിൽ 70 ലധികം ആളുകൾ പങ്കെടുത്തു സുവിശേഷം ശ്രവിച്ചു. അതി കഠിനമായ ശൈത്യത്തിലും കരോൾ സംഘം ഭവനങ്ങൾ സന്ദർശിച്ചു. ക്രിസ്തുമസ്സ് ആരാധനയും പുതുവത്സര ആരാധനയും അനുഗ്രഹകരമായി നടത്തി. നമ്മുടെ മിഷനറിമാർക്കും സുവിശേഷകർക്കും ദൈവീക സംരക്ഷണം ലഭിച്ചു.

ഒരു പൈതലിനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന ഒനിത മില്ലിയോടു ദൈവം കരുണ കാണിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സജ്ജിഗുലി ധൈര്യപൂർവ്വം ക്രിസ്തുവിലുള്ള വിശ്വാസം അവരുടെ സമൂഹത്തിന്റെ മദ്ധ്യേ പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒങ്കാൽ മില്ലിയുടെ ഭാര്യ രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. 10,12 ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്ന കുട്ടികൾക്കായി പ്രാർത്ഥിക്കുക.

**11**
**ഫെബ്രുവരി**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

വിനയകുമാർ ഗുരു
ഇബലാലെ പമെ

**സിലാപതാർ : ഗോണ്ട് ദേവു വിശ്രാം & രാസെഡ നയാൻബെ ദേവ്ജിഭായ്**

അർച്ചിബത്താർ, ലാനബോർ ഗുരി എന്നീ ഗ്രാമങ്ങളിൽ കർത്താവിന്റെ സഹായത്താൽ ലഘുലേഖകൾ വിതരണം ചെയ്തു. സീതൽമാടി ഗ്രാമത്തിൽ സംഘടിപ്പിച്ച അന്വേഷക ക്യാമ്പിൽ 20 വ്യക്തികൾ പങ്കെടുത്തു. സീതൾമാടിയിലെ ദൈവാലയ നിർമ്മാണം തടസ്സങ്ങളില്ലാതെ പൂർത്തീകരിച്ചു.

വിശ്വാസികൾ ക്രിസ്തേശുവിൽ വേരൂന്നി വളരേണ്ടതിനും അവർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ പുതിയ സ്നേഹിതരായ മോനു പെഗു, പിദേശ്വർ, കൃഷ്ണ ഗാന്ദോ, രാജേന്ദർ ഗുതം, ബാബ ഡോളെ എന്നിവർ പൂർണ്ണ മനസ്സോടെ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ബീഹാർ

### മുരളിഗഞ്ച്

**ജീവനാന്ദൻ & ജോസഫിൻ ഷീബ**

നമ്മുടെ പുതിയ വിശ്വാസി ബിപിൻ അനേകരോടു സുവിശേഷം പങ്കുവെച്ചു അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു. പ്രവീണ സാദ സന്നദ്ധ സുവിശേഷകനായി പ്രവർത്തിക്കുവാൻ താൽപര്യം കാണിക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും ബിസ്കോ, രവീന്ദ്ര എന്നിവർ വിടുതൽ പ്രാപിച്ചു. ട്യൂമർ നിമിത്തം കാഴ്ച നഷ്ടപ്പെടുമെന്നു ഡോക്ടറന്മാർ പറഞ്ഞതു നിമിത്തം ഭയന്നു പോയ ലീല ദേവി പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു. എല്ലാ ഗ്രാമങ്ങളിലും തടസ്സങ്ങളില്ലാതെ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം കൃപ ചെയ്തു.

കഴിഞ്ഞ മൂന്നു മാസമായി ശമ്പളം തടഞ്ഞു വെച്ചിരിക്കുന്ന അശോക് കുമാറിനു നീതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന അരുൺ, ലളിത്, ഇന്ദ്രജിത്, ജിത്തേന്ദർ, സോഹാൻ എന്നിവരും അവരുടെ കുടുംബവും വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. മിഥിലേശ് കുമാറിനു നല്ല ജോലി ലഭിച്ചു. കാജൾ കുമാരിയുടെ ഭർത്താവ് മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**സംരക്ഷകനായ ദൈവം ഉറങ്ങുകില്ല മയങ്ങുകില്ല.**

ഗുജറാത്തിൽ കൗണ് മിഷൻ വയലിലുള്ള ചിക്കാൽ ഗ്രാമത്തിലെ പുതിയ വിശ്വാസിയായ ശ്രീമതി. സുരേഷ് ബൈൻ ഒരു ഓട്ടോറിക്ഷയിൽ സഞ്ചരിക്കുമ്പോൾ ഡ്രൈവറും മറ്റു നാലു പേരും ചേർന്നു അവളെ പീഡിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ സുരേഷ് ബൈൻ ധൈര്യപൂർവ്വം ഉറക്കെ പറഞ്ഞു, “ജീവനുള്ള ദൈവം എന്നോടു കൂടെയുണ്ട്. എന്റെ കർത്താവ് എന്നെ രക്ഷിക്കും.” പെട്ടെന്നു അവർ ഭയന്നു അവിടെ നിന്നു ഓടിപ്പോയി. ശ്രീമതി. സുരേഷ് സാക്ഷ്യം പറഞ്ഞപ്പോൾ ദൈവം ആണ് അവളെ രക്ഷിച്ചതെന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി. ഹല്ലെലുയ്യ!

**12**
**ഫെബ്രുവരി**
**വ്യാഴം**

## ജന്മദിനാശംസകൾ

റോൺജോയ് നർസാരി

# ഝാർഖണ്ഡ്

### പതാർഗാമ

**കൃഷൻ കുമാർ & ശാന്തി ലാൽ**

കട്ടിലിനടിയിൽ കിടന്ന വിഷ പാമ്പിൽ നിന്നും നമ്മുടെ വിശ്വാസി കിരൺദേവിയെയും അവരുടെ മക്കളെയും കർത്താവ് അത്ഭുതകരമായി പരിപാലിച്ചു. കത്പത്തിറിയ ഗ്രാമത്തിൽ നടത്തിയ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ ധാരാളം വിശ്വാസികൾ പങ്കെടുത്തു ആത്മീകമായി ബലപ്പെട്ടു. 100 ലധികം ഗ്രാമങ്ങളിലുള്ളവർ ക്രിസ്തുമസ്സ് പ്രോഗ്രാമിൽ പങ്കെടുത്തു സുവിശേഷം ശ്രവിച്ചു.

വിട്ടുമാറാത്ത ചുമയാൽ ഭാരപ്പെടുന്ന അശോക് രവിദാസിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന ആറു വയസ്സുകാരൻ മനീഷിന്റെയും മീന ദേവിയുടെയും നെഞ്ചു വേദനയാൽ വലയുന്ന ദെബ്ലു മക്ദോഷിന്റെയും വൃക്ക സംബന്ധമായ രോഗത്താലും മുട്ടു വേദനയാലും കഷ്ടപ്പെടുന്ന പാർവ്വതി ദേവിയുടെയും രേവതി ദേവിയുടെയും കുമിൻത്തിറ ദേവിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉദരത്തിലുണ്ടായിരുന്ന നീർവീക്കത്തിൽ നിന്നു പവൻദാസ് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ പ്രദീപിന്റെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തീൻപഹാട്

**നെഹമ്യാവ് & അനാമിക പെഗു**

നമ്മുടെ മിഷനറിയുടെ മകൻ ഇസാംബൗബെയുടെ അപസ്മാര രോഗം കർത്താവ് സൗഖ്യമാക്കി. ഓട്ടോ റിക്ഷ അപകടത്തിൽ നിന്നും നമ്മുടെ വിശ്വാസി ദിത്തേറിയ ഗുജുറിനെയും മോട്ടോർ സൈക്കിൾ അപകടത്തിൽ നിന്നും നമ്മുടെ മിഷനറിയെയും ദൈവം പരിപാലിച്ചു. നമ്മുടെ വിശ്വാസിയായ അനിൽ മുണ്ടക്കും ബന്ധുക്കൾക്കും എതിരായി എടുത്ത വ്യാജ വസ്തു കേസ് പിൻവലിച്ചു. ആ പ്രശ്നം പ്രാർത്ഥനയാൽ പരിഹരിക്കപ്പെട്ടു ക്രിസ്തുമസ്സ് പ്രോഗ്രാമിലൂടെ അനേകരോടു സുവിശേഷം പങ്കുവെക്കുന്നതിനുള്ള അവസരം ലഭിച്ചു.

മോട്ടർ സൈക്കിൾ നഷ്ടപ്പെട്ടതിൽ നിരാശിതനായിരിക്കുന്ന രാം ഓദേവ് മുണ്ടയെ കർത്താവ് ബലപ്പെടുത്തേണ്ടതിനും അവന്റെ നഷ്ടമായ മോട്ടർ സൈക്കിൾ തിരികെ ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഹരിബാൽ കൽക്കോയുടെ കുടുംബ പ്രശ്നം പരിഹരിക്കപ്പെടേണ്ടതിനും കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനുമായി പ്രാർത്ഥിക്കുക. അടിവയറ്റിൽ വേദനയനുഭവിക്കുന്ന റീയ മിൻജി, പുറംവേദനയനുഭവിക്കുന്ന നികുൽഷ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഈ പുതുവർഷത്തിൽ സുവിശേഷീകരണ പ്രവർത്തനത്തിനു നാം എടുക്കുന്ന ഉദ്യമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 13
## ഫെബ്രുവരി
**വെള്ളി**

### ജന്മദിനാശംസകൾ

സ്റ്റെല്ല പ്രഭുദാസ്,
സജ്ജീപ് കുമാർ ആന്ധ്രാപ്,
കാമ്പങ് താബ, വയലറ്റ് ഹൻസ്ത
ഗുരുപ്രീത് കൗർ കുൽദീപ് സിങ്

### മാൾട്ടോ യൂത്ത് മിനിസ്ട്രി

**ഗോഡ്വിൻ കൃപാകരൻ &**
**പ്രഭ കമാലി**

ഈ റീജിയനിൽ നടത്തിയ യുവജന സമ്മേളനത്തിൽ പങ്കെടുത്ത യൗവ്വനക്കാരിൽ 113 പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 24 വ്യക്തികൾ പൂർണ്ണ സമയ സുവിശേഷ വേലക്കായി തങ്ങളെ സമർപ്പിച്ചു. വേദപുസ്തകാടിസ്ഥാനത്തിൽ സംഘടിപ്പിച്ച മത്സരത്തിൽ 500 ലധികം യൗവ്വനക്കാർ പങ്കെടുത്തു. കഴിഞ്ഞ ജൂൺ മാസം ഉണ്ടായ അപകടത്തിൽ കരത്തിൽ പല ഒടിവുകൾ സംഭവിച്ച നമ്മുടെ മിഷനറി ഗോഡ്വിനെ ദൈവം സൗഖ്യമാക്കി. ഇപ്പോൾ സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനു കമ്പ്യൂട്ടറിൽ ജോലി ചെയ്യുന്നതിനും ദൈവം കൃപ നൽകി.

ഹ്രസ്വ ഫിലിം, ആത്മീക ലഘുലേഖകൾ, നവമാദ്ധ്യമം എന്നിവയിലൂടെ യുവജനങ്ങളെ നേടുന്നതിനായി നമ്മുടെ സുവിശേഷീകരണ സംഘം എടുക്കുന്ന ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹ്രസ്വ ഫിലിമിന്റെ ചിത്രീകരണം, ആദ്യകുർബാനയ്ക്കുള്ള പാഠ്യപദ്ധതി, വേദപഠനത്തിനു സഹായകരമായ പുസ്തകം എന്നിവ വേഗത്തിൽ തയ്യാറാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പാട്ടു പുസ്തകത്തിന്റെ പുനഃപ്രസിദ്ധീകരണത്തിനായി പ്രാർത്ഥിക്കുക.

### ഗംഗുപാട മിറാക്കിൾ ബാലിക ഭവനം

**ഈവ്ലിൻ പാക്കിയ, സാവിത്രി ഡി**

നമ്മുടെ വിദ്യാർത്ഥി മറിയം റെഞ്ചിക്കു ഗവൺമെന്റ് കോളജിൽ B.A.ബിരുദ പഠനത്തിനു പ്രവേശനം ലഭിച്ചു. നമ്മുടെ ബാലഭവനത്തിലെ കുട്ടികളുടെ ഗ്രാമങ്ങളിൽ പോയി വിബിഎസ് നടത്തുവാൻ ദൈവം ഞങ്ങളെ ശക്തീകരിച്ചു. നമ്മുടെ കുട്ടികൾക്കു താമസിക്കുവാൻ ഒരു പുതിയ കെട്ടിടം പണിതു അതിൽ താമസിക്കുവാൻ തുടങ്ങി. ദൈവവചനം നമ്മുടെ കുട്ടികളുടെ ജീവിതങ്ങളിൽ രൂപാന്തരം വരുത്തുന്നു.

ക്ഷയരോഗത്താലും അപസ്മാരത്താലും കഷ്ടപ്പെടുന്ന ബാലഭവനത്തിലെ കുട്ടികളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പരീക്ഷക്കു തയ്യാറെടുക്കുന്ന 39 കുട്ടികൾക്കായി പ്രാർത്ഥിക്കുക. നേഴ്സിംങ് പഠനത്തിനു പോകുന്ന ബാലഭവനത്തിലെ ഒമ്പതു കുട്ടികൾക്കു ആവശ്യമായ ദൈവീക ജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിൽ ഇപ്പോഴുള്ള വാഹനം വളരെ പഴക്കമുള്ളതിനാൽ അടിക്കടി കേടാകുന്നു പുതിയ ഒരു വാഹനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാല ഭവനത്തിനു ഒരു ജനറേറ്റർ അത്യാവശ്യമായിരിക്കുന്നു. പ്രവർത്തകരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യത്തിനായി പ്രാർത്ഥിക്കുക.

## 14 ഫെബ്രുവരി ശനി

### ജന്മദിനാശംസകൾ

ലാൽ നുൻ മാവി ഹ്മർ

### കീരബാനി ബാലഭവനം

**മനോജ്കുമാർ പാനി & ശാന്തിനി ഭരതൻ**

നമ്മുടെ ബാലഭവനത്തിലെ മൂന്നു കുട്ടികൾക്കു ജില്ലാതലത്തിൽ ബെസ്റ്റ് സ്റ്റുഡന്റ് അവാർഡ് ലഭിച്ചു. ശൈത്യകാലത്തു ദൈവം കുട്ടികളെ എല്ലാം സുരക്ഷിതമായി പരിപാലിച്ചു. വെല്ലുവിളികൾ നേരിടുന്ന യൗവ്വനക്കാർക്കായി കൗൺസിലിംഗ് ക്രമീകരിച്ചു. ത്വക്കു രോഗത്തിൽ നിന്നു ജോയാന്ന ഹൻസ്തയെയും അഞ്ചാം പനിയിൽ നിന്നും ജോസെൽ മോക്ളി, ആനന്ദി ബസ്കി, തുളസി സൊറന്റെ ഭാര്യ എന്നിവരെയും കർത്താവ് പ്രാർത്ഥന കേട്ടു സൗഖ്യമാക്കി.

ബാലഭവനത്തിലേക്കു നല്ല ഒരു പാചകക്കാരനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചിരങ്ങിനാൽ കഷ്ടപ്പെടുന്ന കുട്ടികളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃഷണവീക്കം മൂലം കഷ്ടപ്പെടുന്ന സുലേന്ദർ ഹെബ്രത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രേം ബസ്കിയുടെ അമ്മായിയമ്മ മഞ്ഞപിത്താൽ കഷ്ടപ്പെടുന്നു, മിഷനറി മനോജിന്റെ പിതാവ് തളർവാതത്താൽ ബുദ്ധിമുട്ടുന്നു ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ പ്രവർത്തകർ സമർപ്പണത്തോടെ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികളുടെ ക്യാമ്പ്, കൗൺസിലിംഗ്, വേദപഠന കൂട്ടം, ചെറു പ്രാർത്ഥന സംഘം എന്നിവയുടെ പ്രവർത്തനം അനുഗ്രഹകരമായി മുന്നേറുന്നു. എല്ലാ കുട്ടികളും അവേശപൂർവ്വം ഇതിലെല്ലാം പങ്കെടുക്കുന്നു.

**പാക്കുടിയ : സെന്തിൽ കുമാർ & മുത്തു സെൽവി**

17 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു. ക്ഷയ രോഗം നിമിത്തം അനേക നാളുകളായി ശയ്യാവലംബനായ കാനു സൊറൻ പ്രാർത്ഥനയിലൂടെ പൂർണ്ണ സൗഖ്യം പ്രാപിച്ചു. എട്ടു സഭകളിൽ പുതു വർഷ ആരാധന നടത്തി ദൈവ നാമം മഹത്വപ്പെട്ടു. വിശ്വാസികൾ തങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ചു.

സന്തോഷ്, കേന്ദ്പരിയ. ഡോമ്പോൾ, രാമ്പൂർ എന്നീ സഭകളിലെ വിശ്വാസികളുടെ ആത്മീകവളർച്ചക്കായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന ജീവൻ, മാനസിക രോഗിയായ സോണി, തീപ്പൊള്ളലേറ്റ ബിനായ സൊറൻ, രക്താസ്രാവത്താൽ ഭാരപ്പെടുന്ന സുശീല എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള ദൈവവേലക്കാരെ എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലേക്കു പുതുതായി നിയോഗിച്ച ഡേവിഡ് ഹെബ്രത്തിനു പാർക്കുവാൻ നല്ലൊരു ഭവനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവം ഈ കുടുംബത്തെ ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിച്ച് അനേകരെ രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**15**
**ഫെബ്രുവരി**
**ഞായർ**

## ജന്മദിനാശംസകൾ

ദാനിയേൽ തോമസ്,
മേഴ്സി ദെബോര സെന്തിൽ,
വസാവെ എലേശ് പ്രഭു,
അയ്യനാർ എം, സോണി മാൾട്ടോ ബല്ലു

### റാണെശ്വർ

**ബാലാജി ജി & ജാൻസി ജി**

സോർഗോട്ടയിൽ അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ക്രിസ്തീയ ജീവിതം നയിക്കുന്നു. പൂജ, ജോബു, പൂലിയ സൊറൻ എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. തടസ്സമില്ലാതെ ജീസസ് ഫിലിം പ്രദർശനവും രാത്രി യോഗങ്ങളും നടത്തി. കുട്ടികൾ താൽപര്യപൂർവ്വം വേദവാക്യങ്ങൾ മനപാഠമാക്കുന്നു.

ബേൽപുനി ഗ്രാമത്തിൽ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഡോർബാർ, മകേഷ്ഗോള, കുറുബാർദി, ഗുരു ഗുണ്ടു, ലാപുർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള തടസ്സം ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ഡിംജോറി ഗ്രാമത്തിൽ പുതുതായി ആരംഭിച്ച ആരാധന യോഗത്തിൽ അനേകർ സംബന്ധിക്കുന്നു.

## പശ്ചിമ ബംഗാൾ

### പക്കുഹാട് : ദിഹെ എസ് & ചരണി

പത്തു പുതിയ ഗ്രാമങ്ങളിൽ നടത്തിയ രാത്രി യോഗങ്ങളിൽ ധാരാളം ആളുകൾ പങ്കെടുത്തു ആവേശപൂർവ്വം സുവിശേഷം ശ്രവിച്ചു. രണ്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിക്കുവാൻ അവസരം ലഭിച്ചു. മൂന്നു കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

സുരേഷ് മുർമ്മു, താലു സൊറൻ, ജോസെൻ കിസ്കു, ഓമോൾ ഹെബ്രം, ഗോവന്ദ് മാർദി എന്നിവർക്കു കുടുംബമായി യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനും ധൈര്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സെൽധാനി ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനും വേഗത്തിൽ ദൈവാലയം പണിയേണ്ടതിനുമായി പ്രാർത്ഥിക്കുക. നിമദങ്ക ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു എടുക്കുന്ന ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ സോബിലാൽ ടുഡുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മുടന്തൻ നടന്നു

പശ്ചിമ ബംഗാളിൽ താപാൻ മിഷൻ വയലിലുള്ള കാദമ്പരി ഗ്രാമത്തിലെ കാന്ദന ടുഡു കഴിഞ്ഞ രണ്ടു വർഷമായി പക്ഷാഘാതം വന്നു തളർന്നു കട്ടിലിലായി. ധാരാളം പണം ചിലവഴിച്ചു ചികിത്സിച്ചെങ്കിലും ഒരു ഫലവും ഉണ്ടായില്ല. അവന്റെ ഭാര്യ അവനെ ഉപേക്ഷിച്ചു പോയി. ഈ സാഹചര്യത്തിൽ നമ്മുടെ സഭാമൂപ്പൻ സോനാലി ടുഡു അവനോടു സുവിശേഷം പങ്കുവെച്ചു പ്രാർത്ഥിച്ചു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ഇപ്പോൾ അവൻ എഴുന്നേറ്റു നടക്കുവാൻ തുടങ്ങി. ഈ അത്ഭുതത്തിലൂടെ കുടുംബാംഗങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തി. ദൈവനാമം മഹത്വപ്പെടട്ടെ.

**16**
**ഫെബ്രുവരി**
**തിങ്കൾ**

## ജന്മദിനാശംസകൾ

പൊൻ ലത ജെ
സതീഷ് കുമാർ സി

**താപാൻ : ഹരമോഹൻ പ്രഭുദാസ് & കുമാരി സുസമ**

ഞരമ്പു സംബന്ധമായ രോഗത്താൽ കഷ്ടപ്പെട്ട രാഖി മുർമ്മു, ലളിത, മസ്തിഷ്ക സംബന്ധ രോഗത്താൽ വലഞ്ഞ പുൻമുനി എന്നിവരെ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നും സോജോയ് വിടുതൽ പ്രാപിച്ചു.

സഭയിലെ യുവജനങ്ങൾ ഗ്രാമ സുവിശേഷീകരണത്തിൽ താല്പര്യപൂർവ്വം പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഹമ്മ, ബാസ്പാട, ദൗസി, പോനഹാർ, തിക്കുൾ എന്നീ മേഖലകളിൽ ദൈവാലയം നിർമ്മിക്കുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലക്കൻ ടുഡു പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശസ്ത്രക്രീയ വേളയിൽ കഴിച്ച മരുന്നിന്റെ പാർശ്വ ഫലം അനുഭവിക്കുന്ന നമ്മുടെ മിഷനറിയുടെ ഭാര്യയുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ഇത്തഹാർ**

**സോളമൻ എ & സുഗന്ധി**

ആറു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചതിലൂടെ അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. കുടിയേറ്റ തൊഴിലാളികളായി പോയ സുധാമുനി ഹസ്താക്, റാഫെൽ, തലാ മുർമ്മു എന്നിവർ സുരക്ഷിതരായി മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ നടത്തിയ കൊയ്ത്തുൽസവത്തിൽ വിശ്വാസികൾ ആവേശപൂർവ്വം പങ്കെടുത്തു.

ജോജോ കുട്ടു, കെസർഡിഗി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബിജിഡങ്ക. ഡാലെഫിർ, ഹസ്തിബരി എന്നീ ഗ്രാമങ്ങളിൽ അനധികൃതമായി ചാരായം വാറ്റുന്നവർ അത് ഉപേക്ഷിച്ച് സുവിശേഷം ശ്രവിക്കുന്നതിനു താൽപര്യം കാണിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അവന്റെ അടിപ്പിണരുകളാൽ സൗഖ്യം

ഗുജറാത്തിൽ മോസ്ദ മിഷൻ വയലിലുള്ള മൊർജിതി ഗ്രാമത്തിലെ ജട്ടിയ ഭായിയുടെ പിതാവ് കുപ്രസിദ്ധനായ ഒരു ആഭിചാരകനായിരുന്നു. അയാളുടെ മരണത്തെ തുടർന്നു അവരുടെ കുടുംബത്തിലെ 20 അംഗങ്ങൾ വ്യത്യസ്ത പ്രായത്തിലുള്ളവർ രോഗികളായി തീർന്നു. അവരുടെ സ്ഥിതി ഗുരുതരമായപ്പോൾ ജട്ടിയ ഭായിക്കു എന്തു ചെയ്യണമെന്നറിയില്ല. ആ സന്ദർഭത്തിൽ അവൻ സ്വപ്നത്തിൽ നമ്മുടെ ദൈവാലയം കണ്ടു. അങ്ങനെ അവർ നമ്മുടെ ദൈവാലയത്തിൽ വന്നു അവർക്കായി നാം പ്രാർത്ഥിച്ചു. ദൈവം അവരെ സ്പർശിച്ചു. അവർ ഓരോരുത്തരായി സൗഖ്യം പ്രാപിച്ചു. തത്ഫലമായി കുടുംബത്തിലുള്ള എല്ലാവരും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഈ അത്ഭുതത്തിലൂടെ അവരുടെ ഗ്രാമത്തിൽ ഒരു ആരാധനക്കൂട്ടം ഉരുവാക്കുവാൻ ദൈവം കൃപ നൽകി. ഹല്ലെലുയ്യ!

17
ഫെബ്രുവരി
ചൊവ്വ

## ജന്മദിനാശംസകൾ

രുഹമ്മ ഗുരു
വങ്കലോപുടി ചാന്ദിനി

## ഛത്തീസ്ഘട്ട്

### തപക്കാര & ലുടെഗ് ബാലഭവനം

**അരുൺ കുമാർ ജി & സാരഥി എ**

പത്തു ഗ്രാമങ്ങളിൽ സന്തോഷത്തോടെ കൊയ്ത്തുൽസവം ആചരിച്ചു. സുവിശേഷ വിരോധികളിൽ നിന്നും അപകടത്തിൽ നിന്നും ദൈവം നമ്മുടെ വിശ്വാസികളെ കാത്തു പരിപാലിച്ചു. കെർജി ഗ്രാമത്തിൽ നിന്നു രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കെർജി ദൈവാലയത്തിന്റെ അറ്റകുറ്റപണിക്കാവശ്യമായ സാമ്പത്തികം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മദ്യത്തിനും മയക്കു മരുന്നിനും അടിമകളായവർ അതിൽ നിന്നു മോചനം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്ന ശശി, പിത്തിമ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഇവരുടെ കുടുംബ പ്രശ്നം പരിഹരിക്കപ്പെട്ടു സൗഖ്യവും സമാധാനവും ജീവിതത്തിൽ അനുഭവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഛത്തീഘട്ടിൽ വർദ്ധിച്ചു വരുന്ന പീഡനങ്ങൾക്കിടയിലും - മിഷനറിമാരെ ആക്രമിക്കുന്നു, വിശ്വാസികളെ പഴയ വിശ്വാസത്തിലേക്കു തിരികെ കൊണ്ടു പോകുവാൻ ശ്രമിക്കുന്നു, ദൈവാലയങ്ങൾ തകർക്കുന്നു - വിശ്വാസികൾ പിന്മാറാതെ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിലനിൽക്കുന്നതിനു വിശ്വാസികൾ ഉത്സാഹിതരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### സീതാപുർ

**മുത്തുകുമാർ & നേത്രാവതി**

എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെക്കുവാൻ അവസരം ലഭിച്ചു. അസക്കാര, ബർബഹാല, ഹർദിസന്ധ് എന്നീ ദൈവാലയത്തിൽ ധാരാളം പുതിയ ആളുകൾ സംബന്ധിക്കുന്നു. എട്ടു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. നർബഹല, തടുഗ, കൽജീവ് എന്നീ ഗ്രാമങ്ങളിൽ നടത്തിയ സ്ത്രീജന യോഗം അനുഗ്രഹകരമായിരുന്നു. ക്രിസ്തുമസ് കാലഘട്ടത്തിൽ മിഷനറിമാർക്കും സുവിശേഷകർക്കും വിശ്വാസികൾക്കും ദൈവീക സംരക്ഷണം ലഭിച്ചു.

ലക്ഷ്മൺ മിജ്ജു, ദേവ പ്രസാദ് എന്നിവർ കുടുംബമായി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗത്താൽ കഷ്ടപ്പെടുന്ന ഹിരാല എക്കയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപകടത്തിൽ കാലിൽ പൊട്ടലുണ്ടായ ഗരിധറിന്റെയും അഞ്ചാം പനിയാൽ കഷ്ടപ്പെടുന്ന മൂന്നു വയസ്സുള്ള ഡേവിഡിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അനിലിന്റെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൊർവ, മജ്ഹാരി, നക്ബാൻസി, ഒറാവൻ എന്നീ ജാതി സമൂഹങ്ങളുടെ മധ്യെ ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനും അവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**18 ഫെബ്രുവരി**

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

തേജസ്വിത ബബർത്തോ
സുക്കിൻലാൽ സി

## ഒടിഷ

### റൈരങ്പൂർ

**അരവിന്ദ് കുമാർ & ഹെലൻ മറിയം**

ഡോങ്കപാബി, കുച്ചൈബാൽ, ബസന്ത്പൂർ, ബിർസാസൗക് എന്നീ ഗ്രാമങ്ങളിൽ തടസ്സങ്ങളില്ലാതെ ക്രിസ്തുമസ് പ്രോഗ്രാം അനുഗ്രഹകരമായി നടത്തി. ഹോ ജനസമൂഹത്തിലെ വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കുന്നതിനൊപ്പം സുവിശേഷം തീഷ്ണതയോടെ ബന്ധുമിത്രാദികളോടു പങ്കുവെക്കുന്നു. അനേക വർഷങ്ങളായി നെഞ്ചു വേദനയാൽ കഷ്ടപ്പെടുന്ന മാക്കോ നായക്കിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ വലയുന്ന പാലോ ഹെംബ്രം പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. ബസന്ത്പൂർ ഗ്രാമത്തിൽ നിന്ന് ഒരു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

ഉയർന്ന പ്രമേഹ രോഗത്താൽ വലഞ്ഞ സോയ്ബുനിയെ കർത്താവ് സൗഖ്യമാക്കി. നമ്മുടെ പ്രാദേശിക സുവിശേഷകൻ ജയറാം പൂർത്തിയുടെ ഭാര്യ റായ്മുനിക്കു സുഖ പ്രസവം നൽകി കർത്താവ് അനുഗ്രഹിച്ചു. മുടൽ മഞ്ഞിന്റെ പ്രയാസമുള്ളതിനാൽ നമ്മുടെ പ്രവർത്തകർ സഞ്ചരിക്കുന്ന വാഹനങ്ങളെ ദൈവം അപകടങ്ങളിൽ നിന്നും സുരക്ഷിതമായി പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന കോട്ടാങ് സർദാർ, പക്ഷാഘാതത്താൽ വലയുന്ന ദേശോ സ്പൂർത്തി, അപസ്മാര രോഗിയായ ദുക്കു ടുഡു, അഞ്ചാം പനിയാൽ ഭാരപ്പെടുന്ന ബന്ധു സ്പൂർത്തി, കരൾ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന നന്ദിയ നായക് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജാഷിപ്പൂർ : പ്രത്യൂഷ് നായക് & മാരിത്തായ് ലീയോണ**

ട്യൂമർ നിമിത്തം ശസ്ത്രക്രിയ ചെയ്യുവാൻ തീരുമാനിച്ചിരുന്ന പൈധാര സാക്കിയെ സഭാമൂപ്പൻ ദൈവാലയത്തിൽ വന്നു പ്രാർത്ഥിക്കുവാൻ നിർബന്ധിച്ചു. അവൻ ആ അഭ്യർത്ഥന മാനിച്ചു ദൈവാലയത്തിൽ വന്നു പ്രാർത്ഥിച്ചു. ദൈവം അത്ഭുതകരമായി അവന്റെ ട്യൂമർ സൗഖ്യമാക്കി. കഠിനമായ ഉദര വേദനയാൽ വലഞ്ഞ ലമ്പ ഹോയ്ക്കു വേണ്ടി ഭർത്താവ് പ്രാർത്ഥിച്ച വേളയിൽ ദൈവം അവളെ സൗഖ്യമാക്കി.

നാലു മാസമായി ഉദര വേദനയാൽ കഷ്ടപ്പെടുന്ന ഏലിയ സുക്കുറായ്, മിനുഗൈബൈ, രണ്ടു മാസമായി നെഞ്ചു വേദനയാൽ ഭാരപ്പെടുന്ന സാമു പൂർത്തി, കാലിലെ വേദനയാൽ വലയുന്ന നുനിസർക്ക എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ ഗുണ സോയ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലമ്പാര കാശിറാം എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകരെ കർത്താവ് ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**19**

**ഫെബ്രുവരി**

**വ്യാഴം**

## ജന്മദിനാശംസകൾ

അൻപു മലർ ബാലമുരുകൻ

## ഗുജറാത്ത്

### അഹ്വ/ പിപൽവാട

**വിഘ്നേശ്വരൻ എൻ & എയ്ഞ്ചലിൻ എം**

പിപ്പൽവാടയിലെ മിലാൻ ദൈവാലയത്തിൽ ക്രിസ്തുമസ് പ്രോഗ്രാം നടത്തുന്നതിനുള്ള അനുവാദത്തിനായി ചെന്നപ്പോൾ സുവിശേഷ വിരോധികൾ ഞങ്ങൾക്കെതിരെ കയർക്കുകയും അനുവാദം തരുന്നത് തടയുകയും ചെയ്തു. എന്നാൽ വിശ്വാസികൾ പ്രാർത്ഥിച്ചതിനെ തുടർന്നു പ്രോഗ്രാം നടത്തുന്നതിനുള്ള അനുവാദം ലഭിച്ചു. പ്രതിബന്ധങ്ങളൊന്നുമില്ലാതെ ഭംഗിയായി പ്രോഗ്രാം നടത്തി. വാഹന അപകടത്തിൽ ദിലീപ് ഭായിയെ കർത്താവ് സുരക്ഷിതമായി പരിപാലിച്ചു. ശുശ്രൂഷ കഴിഞ്ഞ് വീട്ടിലേക്കു മടങ്ങിവരുന്ന വഴിയിൽ പുള്ളിപ്പുലിയുടെ മുമ്പിൽ അകപ്പെട്ട മിഷനറി കുടുംബത്തെയും സ്വദേശ സുവിശേഷകൻ കുടുംബത്തെയും ദൈവം സുരക്ഷിതമായി പരിപാലിച്ചു.

ക്രിസ്തീയ വിശ്വാസത്തിനും വിശ്വാസികൾക്കും എതിരായി നൽക്കുന്ന കലമ്പ ഗ്രാമത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ വലയുന്ന സന്തുഭായ്, നെഞ്ചു വേദനയാൽ കഷ്ടപ്പെടുന്ന വിജയ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കവാന്ത്

**അഖിലേഷ് കുമാർ & കിരൺദേവി**

രണ്ടു കിലോമീറ്റർ അകലെ നിന്നു കുടിവെള്ളം കൊണ്ടുവന്നു തളർന്ന വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി കുഴിച്ച കുഴൽ കിണറ്റിൽ നിന്നും ദൈവകൃപയാൽ സമൃദ്ധിയായ ജലം ലഭിച്ചു. സമീപ പ്രദേശങ്ങളിൽ കുഴിച്ച കുഴൽ കിണറുകളിൽ ഒന്നും വെള്ളം ലഭിക്കാത്ത സാഹചര്യത്തിലാണ് നമ്മുടെ വിശ്വാസികളെ ദൈവം അനുഗ്രഹിച്ചത്. ഗ്രാമത്തലവനും പ്രാദേശിക രാഷ്ട്രീയ നേതാവും ദൈവാലയം അടപ്പിക്കുവാൻ ശ്രമിച്ചു. ദൈവം അവരുടെ ഉദ്യമത്തെ പരാജയപ്പെടുത്തി.

മാത്വാട്ട് ഗ്രാമത്തിൽ സുവിശേഷത്തെ എതിർക്കുകയും ക്രിസ്തീയ വിശ്വാസികളെ ഉപദ്രവിക്കുകയും ചെയ്യുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മത്വാട് ഗ്രാമത്തിലെ സഭയെ എതിർക്കുന്ന മതഭ്രാന്തന്മാർ നൽകന്ന പരാതിയുടെ പേരിൽ നമ്മുടെ സഭാ മൂപ്പന്മാരെയും സ്വദേശ സുവിശേഷകരെയും അടിക്കടി പോലിസ് സ്റ്റേഷനിൽ വിളിച്ച് ചോദ്യം ചെയ്യുമ്പോൾ ദൈവം അവർക്കാവശ്യമായ ധൈര്യവും പരിജ്ഞാനവും നൽകേണ്ടതിനായി പ്രാർത്ഥിക്കുക. മഹാദബാരി ഗ്രാമത്തിലെ വിശ്വാസികൾ ക്രിസ്തുയേശുവിൽ വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ നടക്കുന്ന ദൈവാലയ പണി വേഗത്തിൽ പൂർത്തീകരിച്ച് അതിന്റെ സമർപ്പണ പ്രാർത്ഥന പദ്ധതിയിട്ടതു പോലെ ഏപ്രിലിൽ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തെ തുടർന്നു നടക്കുവാൻ കഴിയാത്ത ശൈലഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**20**
**ഫെബ്രുവരി**
**വെള്ളി**

### ജന്മദിനാശംസകൾ

ഗുണ ചന്ദ്ര പായിക്
ജോൺസൺ വി
ബാസന്തി മാറാണ്ടി ഹെബൽ
അർപിത മുണ്ട

## ദാദ്ര നഗർ ഹാവേലി

### സിൽവാസ

**ഡേവിഡ്സൺ രാജാസിങ് & കൺമണി പരിമളം**

വിഷപാമ്പിൻ ദംശനമേൽക്കാതെ ദൈവം ലടക്ബൻ, ഷീല ബൻ, ഇമിനി ബൻ, ഇമ്പാനി ബൻ, ജഗിറം ഭായ് എന്നിവരെ അത്ഭുതകരമായി രക്ഷിച്ചു. പ്രാർത്ഥനയാൽ ലുകുമിയുടെ മാതാവ് സൗഖ്യം പ്രാപിച്ചപ്പോൾ അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു പരസുൾ ഭായ് വിടുതൽ പ്രാപിച്ചു. തൊണ്ടക്കുണ്ടായ ട്യൂമറിൽ നിന്നു പാറു ബൻ സൗഖ്യം പ്രാപിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നും ഹർഷന്ത ബൻ വിടുതൽ പ്രാപിക്കേണ്ടതിനായും കഠിമായ ചുമയിൽ നിന്നു അനിത ബൻ സുഖം പ്രാപിക്കേണ്ടതിനായും പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ വലയുന്ന പുനി ബൻ, രാന്ധെ ബൻ, ഗുൾഫി ബൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ജോലി ചെയ്യുന്ന വേളയിൽ കൈയ്യിൽ പൊട്ടലുണ്ടായതു നിമിത്തം മകേഷ് ഭായ് കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദൈവാലയത്തിൽ വരുന്നതിനു മനസ്സു കാണിക്കാത്ത ധീരു ഭായി ദൈവ സ്നേഹം രുചിച്ചറിഞ്ഞു മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

### ദിണ്ടോറി/ സർഗണ / ഭാരെ

**മയിൽ സ്വാമി & യേശുമണി**

പൈശാചിക ബന്ധനത്താൽ വലഞ്ഞ നവിൻബാബു മന്ത്രവാദത്തിനും മരുന്നിനുമായി ധാരാളം പണം ചിലവഴിച്ചെങ്കിലും ഒരു ഫലവും കണ്ടില്ല. എന്നാൽ പ്രാർത്ഥന യോഗത്തിൽ വന്നു വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം അവനെ വിടുവിച്ചു. അവന്റെ കുടുംബത്തെ സാമ്പത്തീകമായി അനുഗ്രഹിക്കുകയും ചെയ്തു. മാനസിക വിഭ്രാന്തിയാൽ ഭാര്യയെ കൊല്ലുവാൻ ശ്രമിച്ച മോഹൻ ബിട്ടിയെ നിരന്തരമായ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി.

പൈശാചിക ബന്ധനത്താലും ദാരിദ്ര്യത്താലും വലയുന്ന സത്തു ബായി ദൈവീക വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പു നിമിത്തം നിർത്തിവെച്ച ഡിണ്ടോരി ഗ്രാമത്തിലെ ആരാധന യോഗം പുനരാരംഭിക്കേണ്ടതിനും ആരാധനയെ എതിർത്തവർ മാനസാന്തരപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക. സുത്കോട്ട് ഗ്രാമത്തിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ ാരെ മഷൻ വയലിലെ ബോവട ഗ്രാമത്തിൽ നിന്നും അനേകരെ കർത്താവ് ക്രിസ്തീയ വിശ്വാസത്തിലേക്കു എഴുന്നേൽപ്പിച്ചു. എതിർപ്പു നിമിത്തം പിന്മാറിപ്പോയ സുർലെ ഗ്രാമത്തിലെ വിശ്വാസികൾ വിശ്വാസത്തിലേക്കു തിരികെ വന്നു ധൈര്യത്തോടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 21
## ഫെബ്രുവരി
### ശനി

**ജന്മദിനാശംസകൾ**

തിലക് എസ്

**തലസാരി : ഗദ്ദാം ശ്രീനിവാസ് റാവു & മേദങ്കി രാജ്യലക്ഷ്മി**

സാരി, സൈവാൻ, സിലാർ എന്നീ ഗ്രാമങ്ങളിൽ ആനന്ദപൂർവ്വം കൊയ്ത്തുൽസവം സംഘടിപ്പിച്ചു. ക്രിസ്തുമസ് കരോൾ സംഘത്തിലൂടെ 28 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം അവസരം നൽകി. വിവാഹം കഴിഞ്ഞ പത്തു വർഷത്തിനു ശേഷം രാമ്പെ സന്തോഷ് ഒരു പൈതലിനു ജന്മം നൽകുവാൻ ഒരുങ്ങുന്നു. പോലീസ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്രിസ്തുമസ് പ്രോഗ്രാം ശാന്തമായ അന്തരീക്ഷത്തിൽ നടത്തി.

ദൈവരാജ്യത്തിന്റെ അഭിവൃദ്ധിക്കായി പൂർണ്ണ സമയ മിഷനറിമാരെ കർത്താവ് എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഏപ്രിൽ മാസത്തിൽ നടത്തുവാനുദ്ദേശിക്കുന്ന റീജിനൽ സുവിശേഷ മേളയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയ സഭകളിൽ കർത്താവ് ഉണർവ്വിനെ അയയ്ക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ ആരംഭിച്ചിരിക്കുന്ന ബൈബിൾ കോളജിൽ വിശ്വാസികൾ ആവേശപൂർവ്വം കടന്നു വന്നു ദൈവീക പരിജ്ഞാനത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

**നേർ**

**മൂർത്തി ടി & ഭാരതി ആർ**

വസമർ, വാടി, കിർമാണി എന്നീ ഗ്രാമങ്ങളിൽ ക്രിസ്തുമസ്സ് പ്രോഗ്രാം അനുഗ്രഹകരമായി നടത്തി. മൂന്നു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. അഞ്ചു ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. യുവജന യോഗത്തിലും മുഴുരാത്രി പ്രാർത്ഥനയിലും പങ്കെടുത്തവർ ദൈവീക സാന്നിധ്യം അനുഭവിച്ചറിഞ്ഞു.

ഒരു വർഷത്തോളം ഉദര വേദനയാൽ കഷ്ടപ്പെട്ട സങ്കിഭായിയെ കർത്താവ് സൗഖ്യമാക്കി. വിശ്വാസി ദൈവവചനത്തിൽ വേരൂന്നി ആത്മീയ വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ മേഖലയിൽ ചെറു പ്രാർത്ഥനക്കൂട്ടം ഫലപ്രദമായി നടക്കുന്നു.

**ഒരുനാളും കൈവിടുകില്ല**

ഒടിഷയിൽ ജാഷിപൂറിലെ ബുധിഗാമരി ഗ്രാമത്തിലുള്ള ബൈധാക സക്കിയ ട്യൂമറിനാൽ കഷ്ടപ്പെടുകയായിരുന്നു. പല മന്ത്രതന്ത്രങ്ങൾ അനുഷ്ഠിച്ചിട്ടും വിവിധ ആശുപത്രികളിൽ ചികിത്സ ചെയ്തിട്ടും ഒരു പ്രയോജനവും ഉണ്ടായില്ല. ഡോക്ടറന്മാർ അവളോടു പശ്ചിമ ബംഗാളിലെ കൊൽക്കത്തയിൽ പോയി ശസ്ത്രക്രീയ ചെയ്യണമെന്നു നിർദ്ദേശിച്ചു. ഈ സാഹചര്യത്തിൽ രാധാ നഗറിൽ നിന്നുള്ള വിശ്വാസി അവളെ സന്ധിച്ചു സഭാമൂപ്പനായ രമേശ് പട്ടയുടെ അടുക്കൽ പോയി പ്രാർത്ഥിക്കുവാൻ പറഞ്ഞു. സഭാമൂപ്പൻ പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം അവൾക്കു ശസ്ത്രക്രീയ കൂടാതെ പൂർണ്ണ സൗഖ്യം നൽകി. ഇപ്പോൾ അവൾ ആരാധനയോഗത്തിൽ സംബന്ധിച്ചു ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഹല്ലെലുയ്യ!

**22**
**ഫെബ്രുവരി**
**ഞായർ**

### ഘോട്

### വിക്ടർ പോൾരാജ് & ഷീല

സുർജിത് ചൗദരിക്കു പ്രാർത്ഥന യാൽ നല്ല ജോലി ലഭിച്ചു. ബട്ടേല ഗ്രാമത്തിൽ സംഘടിപ്പിച്ച ക്രിസ്തുമസ് പ്രോഗ്രാമിൽ ഗ്രാമത്തലവന്മാർ സംബ ന്ധിച്ചു. സിത്തോക്നെറിൽ നടത്തിയ ക്രിസ്തുമസ്സ് പ്രോഗ്രാമിന്റെ മുഴുവൻ സാമ്പത്തീക ആവശ്യവും വിശ്വാസികൾ ഏറ്റെടുത്തു നടത്തി. സിതോകെനർ, കവരെട്ടി എന്നീ ഗ്രാമങ്ങളിലുള്ള 14 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിശ്വാസ പ്രഖ്യാപനം നടത്തി. അനേക ഗ്രാമ ങ്ങളിൽ നടത്തിയ ക്രിസ്തുമസ്സ് പ്രോഗ്രാ മിൽ 100 കണക്കിനു ലഘുലേഖകൾ വിതരണം ചെയ്തു.

പ്രമേഹ രോഗത്താൽ കഷ്ട പ്പെടുന്ന പുതിയ വിശ്വാസി ഹിമലഭായിയുടെ സൗഖ്യത്തിനായി പ്രാർ ത്ഥിക്കുക. പുതുതായി രക്ഷയിലേക്കു വന്ന വിശ്വാസികൾ വിശ്വാസത്തിൽ ആഴത്തിൽ വളർന്നു ആത്മീക പക്വത പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ നാഗരാജ് ഗുക്ത്ഹറിന്റെ കുടുംബത്തിൽ തലമുറ യെ നൽകി ദൈവം അനുഗ്രഹിച്ചു. ക്രിസ്തീയ വിശ്വാസം ഉപേക്ഷി ക്കണമെന്നു ആവശ്യപ്പെട്ടു നരോട്ടിയെ ഉപദ്രവിക്കുന്ന ജാദെഗൻ ഗ്രാമത്തിലെ ജനങ്ങൾ ക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിഞ്ഞ് മാനസാന്തരപ്പെടേണ്ടതി നായി പ്രാർത്ഥിക്കുക. രക്താർബുധ ത്താൽ കഷ്ടപ്പെടുന്ന മാധുരി, കമാൽ ഹജരെ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മോഗി

### രൂബൻ ടുഡു & രുക്മണി ഹെബ്രം

ഏഴു സ്ഥലത്തു തടസ്സങ്ങളി ല്ലാതെ ക്രിസ്തുമസ് പ്രോഗ്രാമും മൂന്നു സ്ഥലത്തു പുതുവത്സര ആരാധന യും നടത്തുവാൻ ദൈവം കൃപ നൽകി. ഗുരുതര രോഗത്താൽ കഷ്ടപ്പെട്ട ഡിപ്രി യ ഗ്രാമത്തിലെ പുതിയ സ്നേഹിത നായ ബാബവിനു വേണ്ടി സുവിശേഷ പ്രവർത്തകർ പ്രാർത്ഥിച്ചു. ദൈവം അവളെ സൗഖ്യമാക്കി. സിക്തിബാരി ഗ്രാമത്തിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിൽ പങ്കെടുത്തവരിൽ ഒരു കുടുംബം യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി.

പുതിയ സ്നേഹതയായ സീത പൈശാചിക ബന്ധനത്തിൽ നി ന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ കാലിനു പരുക്കു പറ്റിയ പ്രാദേശിക സുവിശേ ഷകരായ പുൽസിങ്, ശാന്തി ഭായ് എന്നീ വരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുഗന്റെ സുഖ പ്രസവത്തിനായി പ്രാർ ത്ഥിക്കുക. മതപരിവർത്തന നിരോ ധന നിയമ പ്രകാരം ജയിൽ വാസം അനുഭവിക്കുന്ന ഗ്രാമത്തലവൻ ഗുമനു നീതി ലഭിക്കേണ്ടതിനായി പ്രാർത്ഥി ക്കുക. അയാൾക്കെതിരെ കേസു കൊടു ത്തവർ മാനസാന്തരപ്പെട്ടു കേസ് പിൻ വലിക്കേണതിനായി പ്രാർത്ഥിക്കുക. വിശ്വാസികളെയും മിഷനറിമാരെയും സുവിശേഷകരെയും ദൈവം സംരക്ഷി ക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 23 ഫെബ്രുവരി
### തിങ്കൾ

### ജന്മദിനാശംസകൾ

ഐസക്ക് രാജാ ഡി,
സെന്തിൽ കുമാർ @ തിമോത്തി,
അനിത പ്രഭ വിക്ടോറിയ ഡി,
ഈമണ്ടി അനുരാധ ഇ

### പെയ്ന്റ് റീജിയൻ

**എം വിനു & സുബില**

ദൈവത്തിന്റെ വലിയ കൃപയാൽ ക്രിസ്തുമസ് പ്രോഗ്രാം തടസ്സങ്ങളൊന്നുമില്ലാതെ വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. 37000 ആളുകൾ അതിൽ സംബന്ധിച്ചു. ജാമൻപാട ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിച്ചു. കളിച്ചു കൊണ്ടിരിക്കുമ്പോൾ പെട്ടെന്നു മയങ്ങിപ്പോയ നമ്മുടെ പ്രാദേശിക സുവിശേഷകന്റെ മകൾ രണ്ടു മണിക്കൂറോളം അബോധാവസ്ഥയിൽ കഴിഞ്ഞു. രക്ഷിതാക്കളുടെ ആത്മാർത്ഥമായ പ്രാർത്ഥനയാൽ ദൈവം അവളെ സൗഖ്യമാക്കി. പെയിന്റ് ബാലഭവനത്തിലെ വിദ്യാർത്ഥി ജ്യോതി ഗുയ്തെ പൂർണ്ണ സമയ സുവിശേഷ വേലക്കായി സമർപ്പിച്ചു. മനഃപാഠ വാക്യ മത്സരത്തിൽ . 1672 വാക്യങ്ങൾ കാണാതെ പറഞ്ഞ് ഒന്നാം സമ്മാനം അവൻ കരസ്ഥമാക്കി.

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്നു മഞ്ജുള ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശസ്ത്ര ക്രിയയെ തുടർന്നു നടക്കുവാൻ കഴിയാത്ത മനിഷ ബന്നിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. മനിഷ ബന്നിനു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും നമ്മുടെ പുതിയ വിശ്വാസിയായ സത്തുബായിയെ കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പു നിമിത്തം നിർത്തിവെച്ച മെലുസ്കെ ഗ്രാമത്തിലെ ആരാധന യോഗം ദൈവകൃപയാൽ പുനരാരംഭിച്ചു. സുലെ ഗ്രാമത്തിൽ പീഡനം നിമിത്തം പിന്മാറിപ്പോയ വിശ്വാസികൾ വിശ്വാസത്തിലേക്കു തിരികെ വന്നു ധൈര്യപൂർവ്വം വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ചാലീസ്ഗൗൺ

**യേശു പ്രകാശ് & സുനന്ദ ബല്ലി**

രണ്ടു വൃക്കകളും തകരാറിലായതിനെ തുടർന്നു ജീവൻ നിലനിർത്തുവാൻ പ്രയാസമാണെന്നു പറഞ്ഞു പ്രതീക്ഷ നഷ്ടപ്പെട്ടു ആശുപത്രിയിൽ നിന്നു വിട്ടിലേക്കു പറഞ്ഞു വിട്ട വിശ്വാസിയുടെ ഭർത്താവ് ശിവരാജിനു വേണ്ടി സഭ ഒത്തു ചേർന്നു പ്രാർത്ഥിച്ചു. ദൈവം അത്ഭുതകരമാം അവനെ സൗഖ്യമാക്കി. ശരീരമാസകലം ഉണ്ടായ പരുക്കൾ നിമിത്തവും മാറിടത്തിൽ വന്ന ട്യൂമർ മൂലവും വലഞ്ഞ സെയഭായ് സമാറാവിനെ കർത്താവ് സൗഖ്യമാക്കി.

അടിവയറ്റിലുണ്ടായ ട്യൂമറിനാൽ കഷ്ടപ്പെടുന്ന സുനിത, മഞ്ഞപിത്തത്താലും രക്തകുറവിനാലും ഭാരപ്പെടുന്ന സംഗീത, തളർവാതത്താൽ വലയുന്ന ദേവറാം സാമ്പാലെ, വൃക്ക സംബന്ധമായ രോഗത്താൽ വേദനിക്കുന്ന വാൽമികി വക്കാലെ, തുളസിഭായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സന്ധ്യ, സച്ചിൻ, നേഹ, പുരിയ, ദീപാലി, സ്വാപ്നിൽ എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 24
## ഫെബ്രുവരി
### ചൊവ്വ

### ഇഗത്പുരി

**നാഗരാജൻ എം & തിലകവതി**

അനേക വർഷത്തെ കാത്തിരിപ്പിനൊടുവിൽ നിലേശ്, മാനിഷ ദമ്പതികൾക്കു തലമുറയെ നൽകി ദൈവം അനുഗ്രഹിച്ചു. അമിത രക്തസ്രാവത്താൽ കഷ്ടപ്പെടുന്ന ഊർമ്മിള, ലളിത എന്നിവരെ കർത്താവ് സൗഖ്യമാക്കി. ശരീരമാസകലം ചൊറിച്ചിൽ അനുഭവപ്പെട്ട രമേശിനെ കർത്താവ് സൗഖ്യമാക്കി. പുതിയ വിശ്വാസിയായ രാജി കൈകാലുകളിലെ വേദനയിൽ നിന്നും സൗഖ്യം പ്രാപിച്ചു. ഗംഗുഭായിയുടെ മകൾ ചിത്ര ശ്വസന സംബന്ധമായ പ്രയാസത്തിൽ നിന്നും സന്ധഭായി ശയ്യാവലംബമായ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു.

സച്ചിൻ, വിഷ്ണു, മാനിഷ എന്നിവർക്കു അനുയോജ്യമായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തല്ലെഗാവിലെ ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തടസ്സം നിൽക്കുന്ന ഗ്രാമത്തലവന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ആദ്യ ജാതന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന ഗോകുൽ, ജയ ദമ്പതികളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കൃഷ്ണ, സജൈജ, നിവൃതി, അങ്കുൽ, കലു വിഷ്ണു, നനേശ്വർ, വനിത, ഭീമ എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. ശരീരത്തിലുണ്ടായ വെള്ള പാണ്ടിൽ നിന്നും പ്രീയങ്ക സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## കർണ്ണാടക

**മലൂർ : ശമുവേൽ ബബോർത്ത & സിഷോറ ബബോർത്ത**

പുതിയതായി വിവാഹിതരായ മിഷനറി ദമ്പതിമാർ സുരക്ഷിതരായി മിഷൻ വയലിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. കടഭാരത്താൽ വലഞ്ഞ ജോതിഷ് പ്രാർത്ഥന യോഗത്തിൽ വന്നു ആത്മാർത്ഥമയി പ്രാർത്ഥിച്ചപ്പോൾ ദൈവീക ഇടപെടലിലൂടെ അത്ഭുതകരമാം വിധം കടഭാരത്തിൽ നിന്നും മുക്തനായി. നമ്മുടെ വിശ്വാസി ബാസമ്മ സ്വന്തമായി ഒരു വീടു നിർമ്മിച്ചു. കരൾ സംബന്ധമായ രോഗത്താൽ വലഞ്ഞ വെങ്കിടേഷിനെ ശസ്ത്രക്രീയ ചെയ്യാതെ തന്നെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

ജോതിഷ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഏഴു വർഷത്തോളം തലമുറക്കു വേണ്ടി പ്രാർത്ഥനയോടെ കാത്തിരിക്കുന്ന മൂർത്തിയുടെ കുടുംബത്തിൽ പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാലൂർ, അലംബാടി എന്നീ സഭകളിലെ വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനും സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കർത്താവിന്റെ ആലോചനയാലും സഹായത്താലും യൗവ്വനക്കാർക്കു നല്ല ജോലി ലഭിക്കേണതിനായി പ്രാർത്ഥിക്കുക. പുതിയതായി വിവാഹിതരായ മിഷനറി ദമ്പതിമാരെ കർത്താവ് ദൈവരാജ്യത്തിന്റെ അഭിവൃദ്ധിക്കായി മഹത്വകരമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 25 ഫെബ്രുവരി ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

എയ്ഞ്ചൽ ജപ എസ്, സുബ്ര ബാഗ്,
സാരഥി അരുൺ കുമാർ,
സുമതി ഗണേശ്, നീതു ദിനേശ് കുമാർ
സ്റ്റീഫൻ ഹസ്ത

### ശ്രീനിവാസപുര

**സുനിൽ ദത്ത കര & മീനാക്ഷി ബീറോ**

നാഗനായകാനഹള്ളി ഗ്രാമത്തിൽ പുതുതായി സംഘടിപ്പിച്ച ക്രിസ്തുമസ് പ്രോഗ്രാമിൽ 40 വ്യക്തികൾ സംബന്ധിച്ചു സുവിശേഷം ശ്രവിച്ചു. വിവിധ സ്ഥലങ്ങളിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിൽ 2500 ലധികം ആളുകൾ പങ്കെടുത്തിട്ടുണ്ട്. എല്ലാം പ്രോഗ്രാമുകളും തടസ്സങ്ങളൊന്നുമില്ലാതെ ഭംഗിയായി നടത്തി. ശോഭ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. വിഷാദ രോഗിയായ ശിവണ്ണ പ്രാർത്ഥനയിലൂടെ വിടുതൽ പ്രാപിച്ചു.

നാഗനായകനഹള്ളി ഗ്രാമത്തിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിൽ പങ്കെടുത്തു സുവിശേഷം ശ്രവിച്ചവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മന്ത്രവാദി ഗൗരപ്പ പൈശാചിക അടിമത്വത്തിൽ നിന്നു മുക്തനായി പൂർണ്ണഹൃദയത്തോടെ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭവനം ഇല്ലാതെ ഭാരപ്പെടുന്ന റോണാൽഡി, മനു എന്നിവർക്കു ഗവൺമെന്റു പദ്ധതിയിൽ നിന്നു സഹായം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റോണാൽഡിക്കു തന്റെ പിതാവിന്റെ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടുംബാംഗങ്ങളുടെ എതിർപ്പിന്റെ മദ്ധ്യത്തിലും വെങ്കിട്ടമ്മ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. കുടുംബാംഗങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### ഹലിയാൽ / ഖാനാപൂർ

**തങ്കലാൽ സൗ & നെംസാവ്**

നാലു ഗ്രാമങ്ങളിൽ തടസ്സങ്ങളൊന്നുമില്ലാതെ ക്രിസ്തുമസ് പ്രോഗ്രാം നടത്തി. പ്രസവ സമയത്തു പ്രയാസം നേരിട്ടെങ്കിലും ഉഷക്കും ശാന്തക്കും കർത്താവ് സുഖ പ്രസവം നൽകി അനുഗ്രഹിച്ചു. പൈശാചിക ബന്ധനത്താൽ വലഞ്ഞ നന്ദ, ശീതൾ, സുരേഖ പട്ടിൽ, ആനന്ദ് കരേക്കർ എന്നിവർ ദൈവാലയത്തിൽ വന്നു പ്രാർത്ഥിച്ചതിനെ തുടർന്ന് ദൈവം അവരെ വിടുവിച്ചു. പരമന്നായുടെ പുതിയ കുഴൽ കിണറിൽ നിന്നു ദൈവകൃപയാൽ സമൃദ്ധിയായി ജലം ലഭിക്കുന്നു.

രേണുക, ശോഭ, റേനി എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. ബീമപ്പ, രുദ്രേഷ്, പരെസ്രാം, ചന്ദൻ പ്രകാശ് എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ കഷ്ടപ്പെടുന്ന ലക്ഷ്മണൻ, ഉത്തപ്പ, നാഗേഷ്, എല്ലപ്പ എന്നിവരുടെയും കാൻസർ രോഗിയായ രുദ്രാപ്പയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നധുഘാട്ടിൽ ദൈവാലയം പണിയുവാൻ അനുയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷ്ണു, പൂജ, ആരതി, പ്രമോദ് എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

സുരേഷ് ജോസഫ്

## ആന്ധ്ര പ്രദേശ്

### ധാമലച്ചെരിവ്

**ജോൺ ഡേവിഡ് രാജ് (റിട്ട) & ജ്ഞാനശേഖരി**

മറിയമ്മയുടെ മരുമകൻ അപകടത്തെ തുടർന്നു ഗുരുതരമായി പരുക്കുപറ്റി ബോധം നഷ്ടപ്പെട്ട അവസ്ഥയിൽ ദൈവമക്കൾ അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അത്ഭുതകരമായി അവന്റെ പ്രാണൻ രക്ഷിച്ചു അവനു ബോധം തിരികെ നൽകി. മോട്ടർ സൈക്കിൾ ഓടിക്കുന്ന വേളയിൽ നെഞ്ചു വേദനയനുഭവപ്പെട്ടെങ്കിലും സുരക്ഷിതനായി ഭവനത്തിൽ എത്തിച്ചേരുവാൻ സാധിച്ചു. രങ്ക പ്രസാദ്, ലിദ്ദിയ എന്നിവർക്കു നല്ല ജോലി ലഭിച്ചു.

നട്ടെല്ലു സംബന്ധമായ രോഗത്താൽ വലഞ്ഞ ജോബ് പ്രസാദ്, ഗർഭപാത്ര കാൻസറിനാൽ കഷ്ടപ്പെട്ട ദെബോറ യിസ്രായേൽ, കാലിൽ ഉണ്ടായ നീർവീക്കത്താൽ ഭാരപ്പെട്ട വിക്ടർ വീരസ്വാമി എന്നിവരെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാഴ്ച ശക്തി നഷ്ടപ്പെട്ട ആരോണിനു കാഴ്ച ശക്തി ലഭിക്കേണ്ടതിനും ഭീതി നിങ്ങി അവനിൽ പ്രത്യാശയും ധൈര്യവും ബലവും ദൈവം നിറക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജാനകി രാമൻ, എസ്ഥേറിന്റെ ഭർത്താവ്, പ്രഭാകരൻ, ലക്ഷ്മി ദേവിയുടെ ഭർത്താവ്, എന്നിവർ യേശുവിലൂടെയുള്ള രക്ഷ കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒരാഴ്ചക്കുള്ളിൽ സംഭവിച്ച മാതാവിന്റെയും സഹോദരന്റെയും വേർപാട് നിമിത്തം ദുഃഖത്തിലായിരിക്കുന്ന ദാനിയേലിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. പുറത്തുണ്ടായ ട്യൂമർ നിമിത്തം 12 വയസ്സുള്ള രൂത്ത് കൽപനക്കു നടക്കുവാൻ കഴിയുന്നില്ല. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### പലമ്നെർ

**പോൾ കുപ്പുസ്വാമി & ഷൈല**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു സഭകളിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിലും പുതുവത്സര ആരാധനയിലും അനേക പുതുമുഖങ്ങൾ സംബന്ധിച്ചു സുവിശേഷം ശ്രവിച്ചു. അനേക നാളിലെ പ്രാർത്ഥനയുടെയും അദ്ധ്വാനത്തിന്റെയും ഫലമായി തലപ്പള്ളി ദൈവാലയത്തിന്റെ അറ്റകുറ്റ പണി പൂർത്തീകരിക്കുവാൻ സാധിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യുവജന യോഗം, സഭാമൂപ്പന്മാരുടെ പരിശീലനം പ്രോഗ്രാം, ആത്മാക്കളെ നേടുന്നവരുടെ പരിശീലനം എന്നിവ പ്രയോജനകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ആഭിചാര ദോഷങ്ങളിൽ നിന്നും പൈശാചിക ബന്ധനത്തിൽ നിന്നും ശരവണയുടെ കുടുംബം വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സരസ്വതിയും കുടുംബവും യേശു ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗിയായ രൂത്തമ്മ, ആസ്മ രോഗിയായ റീത്ത, മുട്ടു വേദന അനുഭവിക്കുന്ന പർവത്താമ്മ, പ്രമേഹ രോഗിയായ സുബ്രമണ്യൻ, എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**27**
**ഫെബ്രുവരി**
**വെള്ളി**

## ജന്മദിനാശംസകൾ

നിയാങ് ഖാൻ മാൻ, അനിത ശിശുപാൽ
നഗൈജാൽഹിങ് കിപ്ഗെൻ സിയഖോതാങ്

### മാദകസിറ

**പോൾ രവി & ഹേമലത**

മൂന്നു സ്ഥലത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. മുട്ടു വേദനയാൽ കഷ്ടപ്പെടുന്ന രാമൻ ജാനപ്പയെ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നും ഗംഗ രത്തനമ്മ വിടുതൽ പ്രാപിച്ചു. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ഗോവിന്ദസ്വാമി മദ്യാസക്തിയിൽ നിന്നും മുക്തനായി.

ശ്വാസന സംബന്ധമായ പ്രശ്നത്താൽ വലയുന്ന വരലക്ഷ്മിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മേലാപൂർ ഗ്രാമത്തിലെ തങ്കമണിയുടെ കണ്ണിന്റെ കാഴ്ച പെട്ടെന്നു നഷ്ടപ്പെട്ടു ദൈവീക ഇടപെടലിലൂടെ അവൾക്കു കാഴ്ച തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സർക്കാർ കോളനിയിലെ നാഗമണി പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കലക്കാദ

**സുഭാഷ്ഭായ് & തുമ്പബാട റാസിലബൻ**

ഹർഷിനിക്കു സുഖ പ്രസവം ഡോക്ടറന്മാർ ഉറപ്പു പറഞ്ഞില്ലെങ്കിലും പ്രാർത്ഥനയെ തുടർന്നു ദൈവം അവൾക്കു സുഖപ്രസവത്തിലൂടെ ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു. ക്രിസ്തുമസ് പ്രോഗ്രാമിൽ പങ്കെടുക്കുവാനായി വന്ന വഴിയിൽ വെങ്കിട് പ്രവീൺ മൂന്നു പ്രാവശ്യം അപകടത്തിൽ പെട്ടു. എന്നാൽ ദൈവം അവനെ സുരക്ഷിതമായി പരിപാലിച്ചു.

വേദപള്ളി ദൈവാലയത്തിന്റെ ചുറ്റുമതിൽ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും നവേമി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന അന്വേഷക ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### നല്ലമട

**ദിനേശ് മാരൈയ & മേരി മുർമ്മു**

അഞ്ചു വർഷമായി വസ്തു വിൽക്കുവാൻ കഴിയാതെ കഷ്ടപ്പെട്ട ജയാമ്മയുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി നല്ല വിലെക്കു വസ്തു വിൽക്കുവാൻ ദൈവം സഹായിച്ചു. അമിത രക്ത സമ്മർദ്ദത്താൽ ജീവിതം അപകടത്തിലായ വേളയിൽ പ്രാർത്ഥനയാൽ നരസിമദുവിനെ കർത്താവ് സൗഖ്യമാക്കി. അൻജിയുടെ കാലു വേദന പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി.

സന്ധ്യയെ അരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത രക്ഷിതാക്കളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നല്ലമാദ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മറിയം പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയാകേണ്ടതിനായി പ്രാർത്ഥിക്കുക. രാമൻജി, തബീത എന്നിവരുടെ കുടുംബ പ്രശ്നം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**28**
**ഫെബ്രുവരി**
**ശനി**

## ജന്മദിനാശംസകൾ

വിനു പി
ഐറിൻ ലെത്തെൻമൗങ് ഹയോകിപ്
അഹിഷ എയ്ഞ്ചൽ

## തമിഴ്നാട്

### വേട്ടവാളം : ബ്രൈറ്റ് ജയകുമാർ & ബ്യൂല അന്ന ശാന്തിനി

കൽസോറത്തൂർ, പെരിയ ഒലപാടി, ഷൂലഗിരി എന്നീ ഗ്രാമങ്ങളിൽ പുതുവർഷ ആരാധന യോഗം നടത്തി. വിധവയായ വിശ്വാസി കവിത ഉപവജീവന മാർഗ്ഗത്തിനായി ഏറെ പ്രയാസപ്പെട്ടു. ബാംഗ്ലൂരിലെ ഒരു സ്കൂളിൽ അവൾക്കു ജോലി ലഭിച്ചു. കുടുംബത്തെ ദാരിദ്ര്യത്തിൽ നിന്നും രക്ഷിക്കുവാൻ സാധിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ദണ്ഡപാണ്ടി ഗുടി മദ്യാസക്തിയിൽ നിന്നും മുക്തനാകേണ്ട തിനായി പ്രാർത്ഥിക്കുക. സ്ത്രീജന യോഗത്തിൽ സംബന്ധിച്ച സ്ത്രീകൾ ആത്മീക അനുഗ്രഹം പ്രാപിച്ചു. ഇവിടുത്തെ ശുശ്രൂഷക്കു പ്രയോജന കരമായി LCD പ്രൊജക്ട്, ശബ്ദം വെളിച്ച ക്രമീകരണ സൗകര്യങ്ങൾ എന്നീ അവശ്യങ്ങൾ സന്ധിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവലായ വസ്തു അളന്നു തിട്ടപ്പെടുത്തി ചുറ്റു മതിൽ പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയത്തിന്റെ അറ്റകുറ്റ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വാർലി വേദപുസ്തക പരിഭാഷ
### ജി എബ്രഹാം & ഹേമലത

സങ്കീർത്തന പരിഭാഷയുടെ തെറ്റുകൾ തിരുത്തുന്ന പ്രക്രിയ പൂർത്തീകരിച്ചു. വേദപുസ്തക പരിഭാഷകരുടെ സമ്മേളനം അനുഗ്രഹ കരമായിരുന്നു. ഗുജറാത്ത് മിഷൻ വയലിലെ ക്രിസ്തുമസ് പ്രോഗ്രാമിലും പുതു വർഷ ആരാധനകളിലും സംബ ന്ധിക്കുവാൻ ദൈവം കൃപ നൽകി.

വാർളി, ദൊഹരി, നിഹാരി എന്നീ ഭാഷകളിലേക്കു പരിഭാഷപ്പെടു ത്തിയ സദൃശ്യവാക്യ പുസ്തകത്തിന്റെ തെറ്റുകൾ തിരുത്തുന്നതിനായുള്ള പരി ശോധനക്കായി പ്രാർത്ഥിക്കുക. സങ്കീർ ത്തനം, സദൃശ്യ വാക്യം എന്നീ പു സ്തകങ്ങൾ ഉൾപ്പെടുത്തി പുതിയ നിയമം വാർളി ഭാഷയിൽ വേഗത്തിൽ അച്ചടി ക്കേണ്ടതിനായി പ്രാർത്ഥിക്കുക. വയോജന വിദ്യാഭ്യസത്തിന്റെ പാഠപു സ്തകങ്ങൾ വാർളി ഭാഷയിൽ പ്രസിദ്ധീ കരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മേച്ചേരി : ധർമ്മരാജ് ആർ ആർ & മറിയ സെൽവി

മോർപാളയം, കാലിപെട്ടി എന്നീ ദൈവാലയങ്ങളിൽ ക്രിസ്തുമസ് പ്രോഗ്രാം ഫലപ്ര ദമായി നടത്തി. കനയ്യൻ, ജയലക്ഷ്മി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദുരൈസ്വാമിയും ഭാര്യയും മക്കളും എതിർപ്പുകളുടെ മദ്ധ്യത്തിൽ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതി നായി പ്രാർത്ഥിക്കുക.

നാഗരാജൻ, കസ്തൂരി എന്നി വരുടെ കുടുംബങ്ങളിൽ ദൈവീക സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. രാജീവ് ഗാന്ധി, സിൻ രാജ്, ലക്ഷ്മി, ദുരൈസ്വാമി എന്നിവരുടെ കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ട തിനായി പ്രാർത്ഥിക്കുക.

**414** **മിഷനറി ആൽബം**



**റവ. രാമകൃഷ്ണ അഗ്ഗിബാഡ & ശ്രീമതി. അഞ്ജ ദേവി ബന്തുമില്ലി കുടുംബം**

ആന്ധ്രാപ്രദേശിലെ വെസ്റ്റ് ഗോദാവരി ജില്ലയിൽ എലൂരിലുള്ള ഒരു ഹൈന്ദവ കുടുംബത്തിൽ റവ. രാമകൃഷ്ണ അഗ്ഗിബാഡ 5.4.1982 ൽ ജനിച്ചു. അവനു മൂന്നു വയസ്സുള്ളപ്പോൾ പിതാവ് ശ്രീ. വെങ്കിടേശ റാവു നിര്യാതനായി. അവന്റെ മാതാവ് രങ്കമ്മ പുനർ വിവാഹിതയായപ്പോൾ ഏക മകനായ രാമകൃഷ്ണയെ മുത്തച്ഛനും മുത്തശ്ശിയും ചേർന്നാണ് വളർത്തിയത്. പ്രാർത്ഥന യോഗങ്ങളിൽ മുത്തശ്ശി പതിവായി പോയിരുന്നതിനാൽ പാസ്റ്റർ ഐ ജയരാജ് അവന്റെ ആത്മീക വഴികാട്ടിയാകുകയും പിന്നീട് അവനെ ദത്തെടുക്കുകയും ചെയ്തു.

1995 മുതൽ അവൻ പതിവായി പ്രാർത്ഥന യോഗങ്ങളിൽ പങ്കെടുത്തു യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു 24.1.1996 ൽ സ്നാനപ്പെട്ടു ഏലിയാ എന്നു പേരു സ്വീകരിച്ചു. പാസ്റ്റർ ജയരാജ് അവനെ ജീവതത്തിലും വിശ്വാസത്തിലും വദ്യാഭ്യാസത്തിലും പരിപോഷിപ്പിച്ചു. M.A., B.Ed. പാസ്സായ അവൻ ഒരു അദ്ധ്യാപകനാകുവാൻ ആഗ്രഹിച്ചെങ്കിലും ദൈവത്തിനു അവനെക്കുറിച്ചു മറ്റൊരു പദ്ധതിയുണ്ടായിരുന്നു. ബാല്യ പ്രായം മുതൽ ക്രിസ്തുവിനായി രക്തസാക്ഷികളായവരുടെ ജീവചരിത്രം അവനെ ആഴമായി സ്വാധീനിച്ചിരുന്നു. ക്രിസ്തുവിനു വേണ്ടി അവർ എങ്ങനെയാണ് കഷ്ടപ്പാടും മരണവും സ്വീകരിച്ചതെന്നതു അവനെ ആശ്ചര്യപ്പെടുത്തിയിരുന്നു. 2010 ലെ IEM ന്റെ സംസ്ഥാന കൺവൻഷനിൽ സംബന്ധിച്ച അവനെ യെശ.41:9,10 വാക്യങ്ങളിലൂടെ പൂർണ്ണ സമയ സുവിശേഷ വേലക്കായി ദൈവം വിളിച്ചു. പരേതരായ ശ്രീമതി സാമദാനമ്മയും ശ്രീ. കെ യിസ്രായേലും നയിച്ചതിൻ പ്രകാരം 17.6.2010 ൽ FMPB യിൽ ചേർന്നു. NIM ൽ മിഷനറി പരിശീലനം പൂർത്തീകരിച്ച രാമകൃഷ്ണ ഝാർഖണ്ഡിലുള്ള ഹൻസ്ഡിഹ മിഷൻ വയലിലെ സന്താൾ ജനങ്ങളുടെ മദ്ധ്യേ ശുശ്രൂഷ ആരംഭിച്ചു. 11.12.2024 ൽ NELC ദുംക മഹായിടവക കശ്ശീശ പട്ടം നൽകി ആദരിച്ചു.

2.8.2012 ൽ ശ്രീമതി അഞ്ജലി ദേവി ബന്തുമില്ലിയെ വിവാഹം കഴിച്ചു. വെസ്റ്റ് ഗോദാവരിയിൽ ഗുഡിപാഡുവിൽ 30.5.1985 ൽ ജനിച്ച അഞ്ജലി റോമൻ കത്തോലിക്ക വിശ്വാസിയായിരുന്നു. ബിരുദ ധാരിയായി ഹൈദ്രബാദിൽ ഒരു സാധാരണ ക്രിസ്തീയ ജിവതം നയിച്ചു കൊണ്ടിരുന്ന അഞ്ജലിയെ യോഹ.3:16 ലൂടെ ദൈവം സ്പർശിച്ചു. സ്വപുത്രനെ നൽകിയ ദൈവസ്നേഹത്തിന്റെ ആഴം അവൾ ഗ്രഹിച്ചു. "ദൈവം തന്റെ ഏകജാതനായ പുത്രനെ എനിക്കായി നൽകിയെങ്കിൽ ഞാൻ അവനായി എന്താണ് ചെയ്യുന്നത്?" ഈ ചോദ്യം അവളുടെ ഹൃദയത്തെ കലക്കി.

ദൈവത്തിനായി തന്റെ ജീവിതത്തെ സമർപ്പിച്ചു. സുവിശേഷം ശ്രവിക്കാത്തവരുടെ ഇടയിൽ സുവിശേഷം അറിയിക്കുന്നതിനായി അവൾ തയ്യാറായി. FMPB യുടെ മാസിക വായിച്ചതിലൂടെ ആദിവാസികളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനുള്ള അവളുടെ സമർപ്പണം ഉത്തേജിതമായി. ശക്തമായ സുവിശേഷ ദർശനത്തോടും ശിക്ഷണമുള്ള പ്രാർത്ഥന ജീവിതത്തോടും കൂടി അവൾ വിവാഹിതയായി 2012 ൽ FMPB യിൽ ചേർന്നു. മിഷനറി പരിശീലനം പൂർത്തീകരിച്ചു.

അവർ ഒരുമിച്ചു പശ്ചിമ ബംഗാളിലെ സാംസി മിഷൻ വയലിലെ സന്താൾ ജനതയുടെ ഇടയിൽ പ്രവർത്തിച്ചു. പിന്നീട് ഇത്തഹാർ മിഷൻ വയലിലെ ആദ്യ മിഷനറിമാരായി (2014 -2020) പ്രവർത്ഥിച്ചു. 2020 മുതൽ അവർ പശ്ചിമ ബംഗാളിലെ പക്കുവഹാട് മിഷൻ വയലിൽ പ്രവർത്തിക്കുന്നു.

ദൈവം അവർക്കു രണ്ടു മക്കളെ നൽകി അനുഗ്രഹിച്ചു. മൂത്ത മകൻ ജീവൻ പ്രിൻസ് (10.8.2013) ആറാം ക്ലാസ്സിലും ഇളയ മകൾ ജീവന ആരാധ്യ നാലാം ക്ലാസ്സിലും ഡോണാവൂരില സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു. ഈ കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.

## We want to help you to be in touch with...
## Friends Missionary Prayer Band

ZONAL ADVISOR : Bro. C.S. Isaiah, Mob. 9447 000 899

ZONAL OFFICE : .... Rev. Abraham Thomas, Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

REGION ADVISOR: Rev. Stanly George, FMPB, Abhayam, Umbernad, Kallumala P.O, Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

SOUTH KERALA REGION : Rev. Manoj P J, Regional Secretary, FMPB, TC 25/654,
..................................Menathottathil House, Opp. Josco Jewellery, Pattom P.O,
..................................Trivandrum - 695 004. Mob.8951 766 255, E- Mail. manoj@fmpb.org

Parassala: ........................ Rev.Syrus Samuel, FMPB Mob.88259 26935, 88628 95099

Neyyattinkara East: Mr. L. Sathyadas, Hon. Pro. secretary, FMPB, "Bethanya,
................................ Parakudivila, Cheruvarakonam P O, Parassala Via - 695 502
................................ Mob.93880 38920

Neyyattinkara West: Mr. N.Selvakumar, Hon. Prom. Sec., Mob.94460 90636

Tiruvanathapuram: Eng.P.J.Thomas, Hon.Prom.Sec. Ph.0471 2540146

Kattakada : ............... Mr.R.Vimalraj, Hon. Prom. Sec, Ph. 85474 92327

CENTER KERALA REGION : Rev. Thomas Mathew, Regional Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

Kollam : .................... Mr.K.M.Mathew, Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

Thiruvalla: .................. Mrs. Rebacamma Paul, Promotional Secretary Mob 9444 665 917,

Pathanamthitta :...... Mr. K.A. John, Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

Kottayam 1 : ............ Mr. Jose Prakash, Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

Kottayam 2 : ............ Mr. W.H. George, Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

East Kerala : .............. Rev. Babu P, Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

Thodupuzha.................. Mrs. Usha Parimalam, Prom. Secretary Mob. 94959 90899

Munnar : .................... Mr.T. Samuel, Hon.Pro.Sec. Mob. 8281 286 643

NORTH KERALA REGION : Rev. Vavachen.M.P, Regional Secretary, FMPB, ARA 150, Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

Thripunithura:............ Mr. P. A. Abraham, Hon.Prom.Sec. Mob.682 039; 9447 024 508

Perumbavoor .............. Mr. K. P. Paul, Hon.Prom.Sec. Mob: 98473 55189

Kakkanadu .................. Mrs. Ponnamma Abraham, Hon.Prom.Sec. Mob: 94474 73685

MALABAR REGION: Rev. Golden Inbaraj, Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

Kozhikode : .............. Mr. Roy Mathew Cheeeran, Hon.Prom. Sec. Mob. 9847 950 811

Wayanadu : ............... Mr. D. P. Roosevelt, Hon.Prom.Sec. Mob. 9961 613 066; 04936 281008

Palakkad : ................. Mr. P. P. Cherian, Hon.Prom. Sec. Mob. 9496 193 322

GO OR SEND

FMPB

# ഫ്രെണ്ട്സ് മിഷണറി പ്രെയർ ബാൻഡ്

## തിരുവനന്തപുരം റീജിയൺ

ചിന്താവിഷയം : പേർ ചൊല്ലി വിളിച്ചു (യെശയ്യാവ് 43:1)

# മിഷൻ സംഗമം 2026

| മിഷൻ സന്ധ്യ | മിഷണറി പ്രതിഷ്ഠ |
|---|---|
| 2026 ഫെബ്രുവരി **20** വെള്ളി | 2026 ഫെബ്രുവരി **21** ശനി |
| വൈകുന്നേരം 5.30 മുതൽ 8.30 വരെ | രാവിലെ 9.30 മുതൽ 1.00 മണി വരെ |

## സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച് സെന്റിനറി ഹാൾ, പാളയം



അദ്ധ്യക്ഷൻ :
**Rev. എബ്രഹാം തോമസ്**
(സോണൽ സെക്രട്ടറി, FMPB, കേരള)

ഉദ്ഘാടനം
**Rev. കെ.ജി. മാത്യൂ**
(സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ, കേശവദാസപുരം)

വചന സന്ദേശം:
**Dr. റോജി റ്റി. ജോർജ്ജ്**
(SAIACS, ബാംഗ്ലൂർ)

മിഷണറി പ്രതിഷ്ഠ :
**Rev. അലക്സ് പി. ഉമ്മൻ**
(വികാരി, CSI ക്രൈസ്റ്റ് ചർച്ച്, പാളയം)

പ്രാർത്ഥനാശംസകൾ
**Pr. സാം വർഗീസ്**
(ഹൗസ് ഓഫ് പ്രെയർ, മണ്ണന്തല)

**Rev. പ്രശാന്ത് എസ്. പി.**
(എ.ജി.എം. CSI ചർച്ച്, മണക്കാട്)



**ഗാനശുശ്രൂഷ**
**ടീം മിഷൻ ഫോക്കസ്**
തിരുവനന്തപുരം

## ഏവരെയും കർത്തൃ നാമത്തിൽ ക്ഷണിക്കുന്നു.

കോർഡിനേറ്റേഴ്സ്
ക്രിസ്റ്റൻസൺ E. സാരസം
Mob 9995100420

എം.എസ്. അലക്സ്
Mob 8590703746

പബ്ലിസിറ്റി കൺവീനേഴ്സ്
Pr. എബ്രഹാം ജോസഫ്
ജെ. സ്റ്റാലിൻ

അറേഞ്ച്മെന്റ് കൺവീനേഴ്സ്
വിൽഫ്രഡ് സാം
പ്രശാന്ത് എം.എസ്.
ഷിബു മാത്യു

ഫിനാൻസ് കൺവീനേഴ്സ്
വിജയകുമാർ പി.സി.
ആർ. ജോസഫ്
സൈമൺ കെ.എസ്.

റിസപ്ഷൻ
ജോജി പോൾ

മിഷൻ സന്ദേശങ്ങൾ
മിഷൻ ഗാനങ്ങൾ
മിഷണറിമാരുടെ
അനുഭവ സാക്ഷ്യങ്ങൾ

പ്രെയർ ലീഡേഴ്സ്
പാസ്റ്റർ ജെ. ജോസഫ് ബാലരാജ്
ജെ. സ്റ്റാൻലി

റീജിയണൽ സെക്രട്ടറി
റവ. മനോജ് പി., ജോസഫ്
Mob 8951766255



# 1000

## മണിക്കൂർ ചങ്ങല പ്രാർത്ഥന

## 2026 ഫെബ്രുവരി 18 മുതൽ ഏപ്രിൽ 2

2026 ലെ നോമ്പ് നാളുകളിൽ നമ്മുടെ രാജ്യത്തിന്റെ സൗഖ്യത്തിനും
സഭകളുടെ ഉണർവ്വിനും ദൈവീക ശുശ്രൂഷകളുടെയും
മിഷനറിമാരുടെയും അനുഗ്രഹത്തിനുമായി ദൈവമക്കളായ നമുക്ക്
ദൈവീക പാദപീഠത്തിങ്കൽ ഇരുന്നു പ്രാർത്ഥിക്കാം!

### *പ്രാർത്ഥന രീതികൾ*

**24 മണിക്കൂർ ചങ്ങല പ്രാർത്ഥന (24 വ്യക്തികൾ ഓരോ ദിവസവും ഒരു മണിക്കൂർ വീതം)**

പ്രാർത്ഥനക്കൂട്ടങ്ങളിൽ, സഭകളിൽ, മൊബിലൈസേഷൻ മേഖലകളിൽ, മിഷൻ വയലുകളിൽ

**12 മണിക്കൂർ ഉപവാസ പ്രാർത്ഥനകൾ**

മൊബിലൈസേഷൻ മേഖലകളിൽ/ മിഷൻ വയലുകളിൽ

**ഒരു ദിവസത്തെ/ രണ്ടു ദിവസത്തെ/ മൂന്നു ദിവസത്തെ പ്രത്യേക ഉപവാസ പ്രാർത്ഥനകൾ**

റിജിനൽ മൊബിലൈസേഷൻ മേഖലകളിൽ /
മിഷൻ വയലുകളിലെ റീജിനൽ തലത്തിൽ

**3/6 മണിക്കൂർ പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ**

പ്രാർത്ഥനക്കൂട്ടങ്ങളിൽ/സഭകളിൽ/
പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെയും അംഗങ്ങളുടെയും ഭവനങ്ങളിൽ

വ്യക്തികളായി, കുടുംബമായി, പ്രാർത്ഥനക്കൂട്ടമായി, സഭയായി
നമുക്കു ഈ പ്രാർത്ഥന പരമ്പരയിൽ പങ്കാളികളാകാം!
നമ്മുടെ ദേശത്തു ദൈവത്തിന്റെ മഹത്വം കാണാം!

*Contact:*
Prayer Wing, Friends Missionary Prayer Band, 29, High School Road, Ambattur, Chennai-600053
Ph: 044-26574343 / 26574353 Email: Premfmpb@gmail.com / prayer@fmpb.org

Kerala : - FMPB, Vadathur P.O, Kottayam - 686 010.
Mob.9847 799 031 E-mail: abrahamthomas@fmpb.org